

LIGHTED TO LIGHTEN

പ്രകാശനായ
പ്രകാശിതഃ

# മലങ്കര സഭാതാരക


MALANKARA SABHA THARAKA

October 2020 Volume 128 Issue 10 വില: 8.50


## ഓർമ്മയുടെ തീരങ്ങളിൽ മദ്രാസ് ഇടവകയിലേക്ക്


ഡോ.ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ

## 'ന്യൂ നോർമൽ' സഭയും സമൂഹവും

ഡോ.സൂസി താരു
റവ.ഡോ.ജോർജ് റീഗർ
ഡോ.ജോസഫ് ജോർജ്
ഡോ.ഗ്ലാഡ്സൻ ജതന്ന
ബാബു കോടംവേലിൽ

## കോവിഡ് കാലത്ത് ഗാന്ധിജി നമ്മോട് പറയുന്നത്

ഡോ.മാത്യു തോമസ്



മാർത്തോമ്മാ സഭയുടെ
മെത്രാപ്പോലീത്തായായി ശുശ്രൂഷയിൽ
പ്രവേശിച്ചിട്ട് ഒക്ടോബർ 2-ാം തീയതി
പതിമൂന്ന് സംവത്സരങ്ങളും കശ്ശീശയായി സഭയിൽ
നിയോഗിതനായിട്ട് ഒക്ടോബർ 18-ാം തീയതി
63 സംവത്സരങ്ങളും പൂർത്തിയാക്കുന്ന

## ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക്

സഭാതാരകയുടെ
ആശംസകൾ....



*കോട്ടയം മാർത്തോമ്മാ തിയോളജിക്കൽ സെമിനാരിയിൽ നടന്ന കോൺവോക്കേഷൻ 2020*



*നിരണം - മാരാമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ തിരുവല്ലയിൽ നടന്ന ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ നവതി ആഘോഷങ്ങളുടെ ഉദ്ഘാടന സമ്മേളനം*

# മലങ്കര സഭാതാരക

പുസ്തകം 128 ലക്കം 10 ഒക്ടോബർ 2020







# ഉള്ളടക്കം


04 **മെത്രാപ്പോലീത്തായുടെ കത്ത്**

07 **പത്രാധിപക്കുറിപ്പ്**

08 **വിചാരദീപ്തി**

09 **സഭ: സമൂഹത്തിലെ അനുരഞ്ജനത്തിന്റെ അനുഭവം**
ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ
വലിയ മെത്രാപ്പോലീത്താ

11 **സഭ സമകാലിക പശ്ചാത്തലത്തിൽ**
ഡോ.സൂസി താരു

13 **'ന്യൂ നോർമൽ' സഭയും ദുർബലരുടെ പ്രതീക്ഷകളും**
റവ.ഡോ.ജോർജ് റീഗർ

15 **Indian Families under Covid-19 Pandemic: Unseen Truths, Unheard Pains, Silent Cries**
Dr.Joseph George

18 **മദ്രാസ് ഇടവകയിലേക്ക്**
ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

20 **ഡോ. യൂഹാനോൻ മാർത്തോമ്മാ: ജീവിതശൈലിയും വിശ്വാസപരമായ നിലപാടുകളും**
റവ.ഡോ.മാത്യു ഡാനിയൽ

23 **Ecumenism and the New Normal**
Dr. Gladson Jathanna

25 **വിശ്വാസവും കോവിഡ് കാലത്തെ സംഗീതപാഠങ്ങളും**
ബാബു കോടംവേലിൽ

28 **കോവിഡ് കാലത്ത് ഗാന്ധിജി നമ്മോട് പറയുന്നത്**
ഡോ.മാത്യു തോമസ്

30 **സാമൂഹിക അകലവും കുടുംബാംഗങ്ങളുടെ അടുപ്പവും**
റവ.ബോബി ഫിലിപ്പ്

32 **കൊറോണ എന്ന മഹാമാരിയോടുള്ള സഭയുടെ സമീപനം**
റവ.കുര്യൻ തോമസ് മല്ലപ്പള്ളി



## പത്രാധിപസമിതി

**ചെയർമാൻ**
**റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ**

**ചീഫ് എഡിറ്റർ**
റവ. ഡോ. വൈ. റ്റി. വിനയരാജ്

**മാനേജർ**
റവ. ജേക്കബ് ജോർജ് സി.

**പത്രാധിപസമിതി**
റവ. അലക്സാണ്ടർ തരകൻ റ്റി.കെ.
ശ്രീ. ജോർജ് തോമസ് മെൽബൺ
പ്രൊഫ. കോശി മത്തായി
ശ്രീ. ജേക്കബ് ഇമ്മാനുവേൽ

**മാനേജിംഗ് കമ്മിറ്റി**
റവ. തോമസ് മാത്യു (വിലങ്ങറ)
ശ്രീമതി അനി കോശി
ശ്രീ. എൻ. സണ്ണി
ശ്രീ. സന്തോഷ് ഏബ്രഹാം
ശ്രീ. എ. എം. മാണി



**വരിസംഖ്യ ഇന്ത്യയിൽ**
(തപാൽ ചെലവ് ഉൾപ്പെടെ) വാർഷികം ₹ **200.00**
ആയുഷ്ക്കാലം ₹ **3500.00** (25 വർഷം)
സ്ഥിരകാലം (സ്ഥാപനങ്ങൾക്ക്) ₹ **5000.00** (40 വർഷം)
**വിദേശങ്ങളിൽ**: Air Mail Charge ₹ **1500/-**
ഒരുവർഷത്തേയ്ക്ക് (വരിസംഖ്യ കൂടാതെ)

സഭാതാരകയ്ക്കുള്ള വരിസംഖ്യ, മാസിക സംബന്ധമായ കത്തുകൾ, ഇവ അയയ്ക്കുമ്പോൾ സബ്സ്ക്രൈബർ നമ്പർ കാണിച്ചിരിക്കണം. പണവും, കത്തുകളും, **റവ. ജേക്കബ് ജോർജ് സി., മാനേജർ, സഭാതാരക, തിരുവല്ല**, കേരളം, പിൻ: 689 101. ഫോൺ: 0469 - 2630968 (O) എന്ന വിലാസത്തിൽ അയയ്ക്കുക.


പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം:
**റവ. ഡോ. വൈ.റ്റി.വിനയരാജ്, ചീഫ് എഡിറ്റർ, സഭാതാരക, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല 689 101,**
**Ph: 0469 - 2630968 (OFFICE)**
tharakachiefeditor@gmail.com • sabhatharaka@yahoo.com

മുഖചിത്രം: **'ന്യൂ നോർമൽ' സഭയും സമൂഹവും**
പ്രിന്റിംഗ്: മാർത്തോമ്മാ പ്രസ്സ്
Cover Design & Layout: Crayons Media, +91 9495901381

Mar Thoma Syrian Church: www.marthomasyrianchurch.org

ഒക്ടോബർ 2020

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

കോവിഡ് 19 എന്ന മഹാമാരിക്കെതിരായുള്ള പ്രതിരോധ പ്രവർത്തനങ്ങൾ അതിശക്തമായി നടക്കുന്നുണ്ടെങ്കിലും രോഗവ്യാപനം സകല കണക്കുകൂട്ടലുകളെയും തെറ്റിച്ചുകൊണ്ട് ഗുരുതരമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലൂടെയാണ് സെപ്റ്റംബർ മാസം പിന്നിട്ട് ഒക്ടോബർ മാസത്തിലേക്ക് നാം പ്രവേശിക്കുന്നത്. പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ തലത്തിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ ഫലകരമായിത്തീരുമെന്ന് പ്രതീക്ഷിക്കാം. കോവിഡ് 19 എന്ന രോഗത്തിനു ഫലപ്രദമായ വാക്സിൻ കണ്ടുപിടിക്കാനുള്ള പരിശ്രമങ്ങളിൽ ദൈവകൃപ വ്യാപരിക്കേണ്ടതിനായി നമുക്കു ഏവർക്കും പ്രാർത്ഥിക്കാം.

ഒക്ടോബർ 2-ാം തീയതി ഗാന്ധിജയന്തിയായി രാഷ്ട്രം ആചരിക്കുകയാണല്ലോ. നമ്മുടെ രാഷ്ട്രം ഇന്നു കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന പ്രശ്ന സങ്കീർണ്ണമായ അനുഭവങ്ങളെ നിരീക്ഷിക്കുമ്പോൾ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ദർശനങ്ങൾക്ക് പ്രസക്തി ഏറിവരികയാണ്. സ്വതന്ത്രഭാരതത്തിന്റെ ഭരണകർത്താക്കൾക്ക് ഗാന്ധിജി നൽകിയ ഉപദേശം വളരെ ശ്രദ്ധേയമാണ്.-ഈ രാജ്യത്ത് എന്തു നടപ്പിലാക്കാൻ ശ്രമിക്കുമ്പോഴും ഇന്ത്യയിലെ ഏറ്റവും പാവപ്പെട്ടവന്റെ മുഖം മനസ്സിൽ കണ്ടുകൊണ്ട്, ഈ പാവപ്പെട്ടവർക്ക് ഇതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ എന്നു ചിന്തിച്ച് നടപ്പിലാക്കുക എന്ന സന്ദേശമാണ് ഗാന്ധിജി നൽകിയത്. ഗാന്ധിജിയുടെ സർവ്വോദയ ദർശനത്തിന്റെ പൊരുളാണ് ഗാന്ധിജി അന്നു വ്യക്തമാക്കിയത്. എല്ലാ മതങ്ങളെയും ആദരിക്കുകയും അംഗീകരിക്കുകയും എല്ലാ ചിന്താധാരകളിൽ നിന്നും നല്ലതെന്നു തോന്നുന്നവയെയെല്ലാം ഉൾക്കൊള്ളുകയും ചെയ്യുന്ന ഗാന്ധിജിയുടെ സമീപനം എല്ലാ വിഭാഗീയതകൾക്കും അതീതമായ വിശ്വമാനവികതയുടെ ദർശനമാണ് ലോകത്തിനു സമ്മാനിച്ചത്. നമ്മുടെ രാഷ്ട്രപിതാവിന്റെ മഹത്തായ ദർശനങ്ങളിലേക്ക് ഒരു മടങ്ങിപ്പോക്ക് ഇന്നു ഏറെ ആവശ്യമായിരിക്കുന്നു. എങ്കിൽ മാത്രമേ മഹാത്മജിയുടെ സ്വപ്നങ്ങളിലേക്ക് രാഷ്ട്രത്തിനു വളരാൻ കഴിയുകയുള്ളു.

കോട്ടയം ജെറുശലേം മാർത്തോമ്മാ ഇടവകാംഗവും കോട്ടയം സി.എം.എസ്. കോളേജ് അദ്ധ്യാപകനുമായ ഡോ. ജോജി ജോൺ പണിക്കർ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സെനറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ടതിൽ സഭയുടെ അഭിനന്ദനം അറിയിക്കുന്നു. നമ്മുടെ സഭയിലെ ബഹുമാനപ്പെട്ട റവ. ഡോ. പി.എൽ. ജോൺ പണിക്കർ അച്ചന്റെ പുത്രനാണ്.

മികച്ച സംഗീത സംവിധായകനുള്ള കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് നമ്മുടെ സഭാംഗമായ ശ്രീ. പ്രകാശ് അലക്സിനു ലഭിക്കുകയുണ്ടായി. അഭിനന്ദനങ്ങൾ അറിയിക്കുന്നു. ദിവംഗതനായ റവ. കെ.പി. അലക്സാണ്ടർ അച്ചന്റെ മകനാണ് ശ്രീ. പ്രകാശ് അലക്സ്.

നമ്മുടെ എം.ടി. & ഇ.എ. സ്കൂൾസ് കോർപറേറ്റ് മാനേജ്മെന്റിലെ കരവാളൂർ എ.എം.എം. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. കെ.ജി. തോമസ്, പുനലൂർ വി.ഒ. യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ബിജു കെ. തോമസ് എന്നിവർ സംസ്ഥാന അദ്ധ്യാപക അവാർഡിന് അർഹരായി എന്നതിൽ സഭയ്ക്കുള്ള സന്തോഷം അറിയിക്കുകയും അഭിനന്ദനങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു.

സെപ്റ്റംബർ 2-ാം തീയതി നമ്മുടെ വെണ്മണി മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂളിന്റെ ശതാബ്ദി സ്മാരകമായി നിർമ്മിക്കുന്ന ബഹുനില മന്ദിരത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. സജി ചെറിയാൻ എം.എൽ.എ. ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. സെപ്റ്റംബർ 4-ാം തീയതി കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരിയിൽ ഫൈനൽ ഇയർ വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ നടന്നു.

മലങ്കര കാത്തോലിക്കാ സഭയുടെ പുനരൈക്യ നവതിയോടനുബന്ധിച്ച് വീഡിയോ സന്ദേശം നൽകുകയുണ്ടായി. നമ്മുടെ രാജ്യത്തിന്റെ ആദരണീയനായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ സപ്തതിയോടനുബന്ധിച്ച് വീഡിയോ സന്ദേശത്തിലൂടെ ആശംസകൾ നേർന്നു. നമ്മുടെ കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻചാണ്ടിയുടെ നിയമസഭാംഗത്വത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് വീഡിയോ സന്ദേശത്തിലൂടെ ആശംസകൾ നേരുകയുണ്ടായി.

ആലുവ ശാന്തിഗിരി ട്രസ്റ്റ്, തിരുവല്ല റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ കമ്മറ്റികൾക്കും അഡ്വൈസറി കൗൺസിലിനും നേതൃത്വം നൽകി.

മാർത്തോമ്മാ സഭയുടെ മെത്രാപ്പോലീത്തായായി ശുശ്രൂഷയിൽ പ്രവേശിച്ചിട്ട് ഒക്ടോബർ 2-ാം തീയതി പതിമൂന്ന് സംവത്സരങ്ങളും കശ്ശീശയായി സഭയിൽ നിയോഗിതനായിട്ട് ഒക്ടോബർ 18-ാം തീയതി 63 സംവത്സരങ്ങളും പൂർത്തിയാകുകയാണ്. കൃപയുടെ സമൃദ്ധി നൽകി അനുഗ്രഹിച്ച് ഇത്രത്തോളം വഴി നടത്തിയ സർവ്വശക്തനായ ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. “യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും” (സങ്കീ. 116:12,13). വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ ദൈവം സുഖദുഃഖ സമ്മിശ്രമായ ജീവിതാനുഭവങ്ങളുടെ മധ്യത്തിലും വിശ്വസ്തനെന്ന് രുചിച്ചറിഞ്ഞുകൊണ്ടും ഏതു പ്രയാസത്തിലും പ്രതിസന്ധിയിലും കർത്താവു മതിയായവൻ എന്ന് തിരിച്ചറിഞ്ഞുകൊണ്ടും ദൈവകൃപയിൽ ശരണപ്പെട്ടുകൊണ്ടും മുന്നോട്ടുപോകുവാൻ വലിയവനായ ദൈവം ബലം തരുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ജീവനും ചൈതന്യവുമുള്ള ദൈവവചനം ശരീരത്തിനും മനസ്സിനും ആത്മാവിനും ദൈവദത്തമായ ഔഷധമാണ്. അപ്പൊസ്തലനായ വിശുദ്ധ പൗലോസിന്റെ “എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു” (ഫിലി. 4:13) എന്ന സാക്ഷ്യം നമ്മുടെയും സാക്ഷ്യമാണ്. ഹബക്കുക്ക് പ്രവാചകന്റെ വചനം അനുസ്മരിക്കുന്നു-“യഹോവയായ കർത്താവു എന്റെ ബലം ആകുന്നു; അവൻ എന്റെ കാൽ പേടമാൻ കാലുപോലെ ആക്കുന്നു; ഉന്നതികളിന്മേൽ എന്നെ നടക്കുമാറാക്കുന്നു” (ഹബക്കുക്ക് 3:19). കൂടുതലായി ദൈവകൃപ പ്രാപിച്ച് ശുശ്രൂഷകൾ നിർവ്വഹിപ്പാൻ ശക്തി പ്രാപിക്കേണ്ടതിനായി എല്ലാവരുടെയും പ്രാർത്ഥനകൾ ക്ഷണിക്കുന്നു.

ദീർഘസംവത്സരക്കാലമായി കേരള നിയമസഭയിലെ ഒരു പ്രമുഖ അംഗവും കേരള കോൺഗ്രസ് നേതാവുമായിരുന്ന ചങ്ങനാശ്ശേരി എം.എൽ.എ. ശ്രീ. സി.എഫ്. തോമസ് (81) അന്തരിച്ചു. മൂല്യാധിഷ്ഠിത പൊതുപ്രവർത്തനത്തിന്റെ നല്ല മാതൃകയായിരുന്നു അദ്ദേഹം. ശ്രീ. സി.എഫ്. തോമസ് എം.എൽ.എ.യുടെ വേർപാടിലുള്ള അനുശോചനം അറിയിക്കുന്നു.

അനേകം ദേശീയ പുരസ്ക്കാരങ്ങൾ നേടിയ പ്രമുഖ ഗായകൻ പത്മഭൂഷൺ ശ്രീ. എസ്.പി. ബാലസുബ്രഹ്മണ്യം (74) അന്തരിച്ചു. ഈ അതുല്യഗായകന്റെ വേർപാടിലുള്ള അനുശോചനം അറിയിക്കുന്നു.

‘സന്നദ്ധ സുവിശേഷക സംഘദിന’വുമായി ബന്ധപ്പെട്ട് ‘അത്മായരുടെ സാക്ഷ്യജീവിതം’ എന്ന ചിന്താവിഷയം ധ്യാനിച്ചുകൊണ്ടാണ് ഒക്ടോബർ മാസത്തിലെ ധ്യാനങ്ങളിലേക്ക് നാം പ്രവേശിക്കുന്നത്. യേശു പറഞ്ഞ ഏറ്റവും ശ്രദ്ധേയമായ ഉപമയായ ‘നല്ല ശമര്യാക്കാരന്റെ ഉപമ’യാണ് അന്നത്തെ ധ്യാനചിന്തയ്ക്ക് അടിസ്ഥാനമായിരിക്കുന്നത്. ശമര്യാക്കാരെയെല്ലാം പുച്ഛിച്ചും പരിഹസിച്ചും അവഗണിച്ചും അകറ്റിനിർത്തിയിരുന്നവരായിരുന്നു യെഹൂദന്മാർ. അക്കൂട്ടത്തിലെ ഒരു ന്യായശാസ്ത്രിയുടെ ‘എന്റെ കൂട്ടുകാരൻ ആര്?’ എന്ന ചോദ്യത്തിനു ന്യായശാസ്ത്രിയെക്കൊണ്ടു തന്നെ ഉത്തരം പറയിപ്പിക്കുവാൻ വേണ്ടി യേശു പറഞ്ഞ ഉപമയാണിത്. യെരുശലേമിൽ നിന്ന് യെരിഹോവിലേക്ക് പോകുമ്പോൾ കള്ളന്മാരുടെ കൈയ്യിൽ അകപ്പെട്ട് അർദ്ധപ്രാണാവസ്ഥയിൽ ആയിപ്പോയ ആ മനുഷ്യൻ ഒരു പ്രതീകം തന്നെയാണ്. ഇന്നും തന്റേതല്ലാത്ത കാരണങ്ങളാൽ ആക്രമിക്കപ്പെട്ടും അവഗണിക്കപ്പെട്ടും കഴിഞ്ഞുകൂടേണ്ടിവരുന്ന എത്രയോപേർ നമ്മുടെ സമൂഹത്തിലുണ്ട്. എന്നാൽ ഈ പ്രശ്നത്തോട് പലരും പല രീതിയിലാണ് പ്രതികരിച്ചത്. അപരന്റെ കൂടി തട്ടിപ്പറിച്ചെടുക്കാൻ ശ്രമിക്കുന്നവരുടെ എക്കാലത്തെയും പ്രതിനിധികളാണ് കള്ളന്മാർ. അർദ്ധപ്രാണാവസ്ഥയിൽ വീണു കിടക്കുന്നവനെ കണ്ടിട്ടും കാണാത്തമട്ടിൽ കടന്നുപോയ പുരോഹിതനും ലേവ്യനും മതത്തിന്റേതായ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ചട്ടക്കൂടിനുള്ളിൽ തങ്ങളെത്തന്നെ ബന്ധിച്ചിട്ടവരായിരുന്നു. മാനവികതയുടെ ദർശനം നഷ്ടപ്പെടുമ്പോൾ മതങ്ങളായാലും വ്യക്തികളായാലും ഈ ഉപമയിലെ പുരോഹിതന്റെയും ലേവ്യന്റെയും അനുയായികളായിത്തീരുകയാണു ചെയ്യുന്നത്. പുരോഹിതനും ലേവ്യനും ആ വീണുകിടന്നവന്റെ വീഴ്ചയ്ക്ക് കാരണക്കാരല്ല, എന്നാൽ അവർ അപരന്റെ വീഴ്ചയെ അവന്റെ മാത്രം വിഷയമായി കരുതുകയും അയാളെ രക്ഷിക്കുന്നതിൽ തങ്ങൾക്ക് ഒരു പങ്കുമില്ല എന്ന മട്ടിൽ പെരുമാറുകയുമാണ് ചെയ്തത്. എന്നാൽ അതുവഴി വന്ന ശമര്യാക്കാരൻ വീണുകിടന്നവന്റെ ജാതിയോ മതമോ ഒന്നും അന്വേഷിച്ചില്ല, പിന്നെയോ ആവശ്യത്തിലിരിക്കുന്നവന്റെ ആവശ്യത്തെ ഗൗരവമായി കാണുകയും അവനെ രക്ഷിക്കാൻവേണ്ടി തനിക്കുള്ളതുകൂടി പങ്കുവെയ്ക്കുകയുമാണ് ചെയ്തത്. ഇങ്ങനെയാണ് ശമര്യാക്കാരൻ നല്ല ശമര്യാക്കാരനായി മാറുന്നത്. അപരന്റെ സുരക്ഷയും സൗഖ്യവും തങ്ങളുടെ കൂടി ഉത്തരവാദിത്വമാണ് എന്ന തിരിച്ചറിവോടുകൂടി നമ്മുടെ ചുറ്റുപാടുകളിൽ ആവശ്യത്തിലിരിക്കുന്നവരെ കൂട്ടുകാരായി കാണുന്നതും ആവശ്യത്തിലിരിക്കുന്നവർക്ക് തങ്ങളെത്തന്നെ നല്ല കൂട്ടുകാരായി സമർപ്പിക്കുന്നതുമാണ് യഥാർത്ഥ ധർമ്മം എന്ന് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു. മാനവികതയുടെ ദർശനംഉൾക്കൊണ്ട വ്യക്തികൾക്കും സഭകൾക്കും മതങ്ങൾക്കും മാത്രമേ ക്രിസ്തുവിലൂടെ ദൈവം ലോകത്തിനു വെളിപ്പെടുത്തിയ ദൈവസ്നേഹത്തിന്റെയും രക്ഷയുടെയും സന്ദേശവാഹകരും സാക്ഷികളും ആയിത്തീരുവാൻ കഴിയുകയുള്ളൂ. ഇന്നത്തെ കൊറോണക്കാലത്ത് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി മാസ്ക് ധരിക്കുന്നതും സാമൂഹ്യ അകലം പാലിക്കുന്നതും വ്യക്തിശുചിത്വം പാലിക്കുന്നതും യഥാർത്ഥത്തിൽ നമ്മുടെ സുരക്ഷിതത്വത്തിനു വേണ്ടിമാത്രമല്ല, മറ്റുള്ളവരുടെ സുരക്ഷിതത്വത്തിനുംകൂടിയാണെന്ന് നാം തിരിച്ചറിയണം. പാപത്തിന്റെ ആക്രമണത്തിൽ മരണാസന്നരായവരെ രക്ഷിപ്പാൻ ഈ ഭൂമിയിലേക്ക് ഇറങ്ങിവന്ന ക്രിസ്തു തന്റെ പ്രാണൻ നൽകിയാണ് മാനവരാശിയെ പാപമരണത്തിൽ നിന്നു വീണ്ടെടുത്തതെങ്കിൽ ആ ക്രിസ്തു നമ്മിൽ വസിക്കുമ്പോഴാണ് ഇന്നത്തെ രോഗാതുരമായ സമൂഹത്തിനു സൗഖ്യദായകരായിത്തീരുവാൻ നമുക്കും കഴിയുന്നത് എന്ന യാഥാർത്ഥ്യം വിസ്മരിച്ചുപോകരുത്. സന്നദ്ധ സുവിശേഷകസംഘദിനത്തിലെ നമ്മുടെ ധ്യാനചിന്തകൾ നമ്മെ യഥാർത്ഥ ക്രിസ്തീയസാക്ഷ്യ ജീവിതത്തിലേക്ക് ഉണർത്തട്ടെ.

ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച ദൈവസൃഷ്ടിയുടെ വ്യത്യസ്തതകളെ ഉൾക്കൊള്ളുക എന്ന ദർശനത്തിലൂന്നിയാണ് നാം സഭയായി ധ്യാനിക്കുന്നത്. ഭിന്നശേഷിയുള്ളവരെക്കുറിച്ച് നാം പ്രത്യേകമായി ചിന്തിക്കുന്ന ഒരു ദിനം കൂടിയാണിത്. 38 സംവത്സരങ്ങളായി ബെഥെസ്ദ കുളക്കടവിൽ സൗഖ്യം കിട്ടാതെ കിടന്ന രോഗിയെ യേശു സൗഖ്യമാക്കുന്ന സംഭവമാണ് അന്ന് സുവിശേഷ ഭാഗമായി നാം ധ്യാനിക്കുന്നത്. (വി. യോഹ. 5:1-9) അതതു സമയത്ത് ദൂതൻ ഇറങ്ങി കുളത്തിലെ വെള്ളം കലക്കുമ്പോൾ ആദ്യം ഇറങ്ങുന്നയാൾക്കു സൗഖ്യം കിട്ടുമായിരുന്നു എന്നാണ് ഈ വേദഭാഗത്ത് വ്യക്തമാക്കുന്നത്. എന്നാൽ 38 സംവത്സരമായി അവിടെ കിടന്ന ആ രോഗിക്ക് ദൂതൻ വെള്ളം കലക്കുന്ന സമയത്ത് സ്വയം കുളത്തിലേക്കിറങ്ങുവാൻ കഴിഞ്ഞില്ല. എന്നു മാത്രമല്ല പരി

താപകരമായ അവസ്ഥയിൽ ഈ സുദീർഘമായ കാലയളവിൽ അവനെ ആ കുളത്തിൽ വെള്ളം കലങ്ങുമ്പോൾ ഒന്നിറക്കാൻ പോലും ആരും തയ്യാറായില്ല എന്നതും ചിന്തിക്കേണ്ട കാര്യമാണ്. പരിഗണിക്കപ്പെടേണ്ട അനേകരും നമുക്കു ചുറ്റിലും ഉണ്ട്. എന്നാൽ സഹായിക്കാൻ ഒരു കരം അവരിലേക്ക് നീട്ടപ്പെടാത്തതുകൊണ്ട് എത്രയോപേർ ഇന്നും നിരാശയിൽ കഴിഞ്ഞുകൂടുന്നുണ്ട്. ട്രാൻസ്ജെൻഡർ സഹോദരങ്ങളുടെ വേദനകൾ എത്രയോ കാലങ്ങളായി അവർ അനുഭവിച്ചുവന്നതാണ്! എന്നാൽ അവരിലേക്കും കരങ്ങൾ നീട്ടുവാൻ മാർത്തോമ്മാ സഭ തയ്യാറായപ്പോൾ നമ്മുടെ ഈ സഹോദരങ്ങൾ എത്രമാത്രം സ്നേഹവായ്പോടെയാണ് അതു സ്വീകരിച്ചത് എന്നത് അവരുടെ പ്രതികരണങ്ങളിൽ നാം കാണുകയുണ്ടായല്ലോ. ബേഥെസ്ദെ കുളക്കടവിലെ രോഗിയെ യേശു സൗഖ്യമാക്കുന്നതിനു മുൻപ് അവനോട് ചോദിച്ച ചോദ്യത്തിന് ഇന്നും വളരെ പ്രസക്തിയുണ്ട്.- "നിനക്കു സൗഖ്യമാകാൻ മനസുണ്ടോ?" ഇന്നു പലരും സൗഖ്യമാകാതിരിക്കുന്നതിന്റെ കാരണം സൗഖ്യമാകാൻ അവർ പൂർണ്ണ മനസ്സോടെ ആഗ്രഹിക്കുന്നില്ല എന്നതു തന്നെയാണ്. അവന്റെ മറുപടി അവസാനിക്കുന്നത് ഒരു തേങ്ങലിലാണ്.- "എനിക്ക് ആരും ഇല്ല". മദർ തെരേസ ഒരിക്കൽ പറഞ്ഞതുപോലെ ഇന്നത്തെ ലോകത്തിൽ മനുഷ്യന്റെ ഏറ്റവും വലിയ ദുഃഖം ദാരിദ്ര്യം പോലുമല്ല, 'എനിക്കു ആരുമില്ല' എന്ന ചിന്തയാണ്. ഈ തേങ്ങൽ അവന്റെ ഹൃദയത്തിന്റെ നിലവിളിയാണ്. പിന്നീട് അവിടെ എന്താണ് സംഭവിച്ചത്? യേശു അവനോട് എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക എന്നു പറഞ്ഞു. ഉടനെ ആ മനുഷ്യൻ കിടക്ക എടുത്തു നടന്നു". (യോഹ. 5:8, 9). യേശുവിന്റെ വാക്കിൽ അവൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു എന്നതു മാത്രമല്ല 'എനിക്കു ആരും ഇല്ല' എന്ന് പറഞ്ഞവന് യേശു എല്ലാമെല്ലാമായിത്തീർന്നു എന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. ഭിന്നശേഷിക്കാരെയും ആളുകളെയും ഏകാന്തതയുടെ വേദനയിൽ ആയിരിക്കുന്നവരെയും നാം സ്നേഹിക്കുകയും കരുതുകയും ചെയ്യുമ്പോൾ, അവരുടെ വ്യക്തിത്വത്തെയും വ്യത്യസ്തങ്ങളായ ശേഷികളെയും ആദരിക്കുമ്പോൾ നാം യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ സൗഖ്യദായക ശുശ്രൂഷയിൽ പങ്കാളികളാവുകയാണ് ചെയ്യുന്നത്.

യുവജന ഞായറായി ഒക്ടോബർ 18-ാം തീയതി സഭയായി ആചരിക്കുന്നു. യൗവനം ദൈവഹിതപ്രകാരം രൂപപ്പെടണമെങ്കിൽ ജീവിതം വചനാധിഷ്ഠിതമായിരിക്കണം. ന്യായശാസ്ത്രി എഴുന്നേറ്റ് യേശുവിനോട് ചോദിച്ചത് വളരെ പ്രസക്തമായ ഒരു ചോദ്യമായിരുന്നുവല്ലോ (വി. ലൂക്കൊസ് 10:25-28). എന്നാൽ ആ ചോദ്യത്തിന്റെ പിന്നിൽ ഉത്തരം വ്യക്തമായി കിട്ടുന്നതിനേക്കാൾ ഉപരിയായി യേശുവിനെ പരീക്ഷിക്കുക എന്ന ഉദ്ദേശ്യമായിരുന്നു അവനുണ്ടായിരുന്നത്. അവന്റെ ചോദ്യം നല്ലതായിരുന്നു എന്നാൽ ഉദ്ദേശ്യശുദ്ധി ഇല്ലാത്ത ചോദ്യമായിരുന്നു. എന്നാൽ അവന്റെ ചോദ്യത്തിനു നേരിട്ട് ഉത്തരം പറയാതെ തുടർചോദ്യങ്ങളിലൂടെ അവന് സ്വയം ഉത്തരം കണ്ടെത്തുവാൻ വേണ്ടി അവനെ സഹായിക്കുന്ന ഒരു സമീപനമാണ് നാം യേശുവിൽ കാണുന്നത്. "അവൻ അവനോട് : ന്യായപ്രമാണത്തിൽ എന്ത് എഴുതിയിരിക്കുന്നു? നീ എങ്ങനെ വായിക്കുന്നു? എന്ന് ചോദിച്ചതിന് അവൻ: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കേണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം എന്നുംതന്നെ എന്ന് ഉത്തരം പറഞ്ഞു. അവൻ അവനോട്: നീ പറഞ്ഞ ഉത്തരം ശരി; അങ്ങനെ ചെയ്ക; എന്നാൽ നീ ജീവിക്കും" എന്നു പറഞ്ഞു. (വി. ലൂക്കോസ് 10:26-28) ദൈവവചനം ജീവിതത്തിന്റെ സാരാംശമായി മാറുമ്പോഴാണ് യഥാർത്ഥത്തിൽ നാം ജീവിക്കുന്നത്. വചനാധിഷ്ഠിതമായി ജീവിക്കുകയാണെങ്കിൽ എന്നും യൗവനത്തിന്റെ മാനസികാവസ്ഥയിൽ ജീവിതത്തെ ഊർജ്ജസ്വലമാക്കാൻ കഴിയും. ആരാധനയിലൂടെയും വചനപഠനത്തിലൂടെയും സാക്ഷ്യത്തിലൂടെയും സേവനത്തിലൂടെയും ക്രിസ്തുവിൽ വളരുകയും ക്രിസ്തുവിൽ വസിച്ച് ഫലം കായ്ക്കുന്ന അനുഭവത്തിൽ വളരുകയും ചെയ്യുന്ന യുവജനങ്ങളെ സഭയിലൂടെ സമൂഹത്തിനു സമ്മാനിക്കുവാൻ നമ്മുടെ യുവജനസഖ്യത്തിന്റെ പ്രവർത്തനങ്ങൾക്കു കഴിയട്ടെ എന്നാശംസിക്കുന്നു.

ഒക്ടോബർ 25-ാം തീയതി ഞായറാഴ്ച ക്രിസ്തീയ കുടുംബ പ്രതിഷ്ഠാദിനമാണ്. 'വിശ്വാസം ഉരുവാക്കപ്പെടേണ്ട കുടുംബം' എന്നതാണ് അന്നത്തെ ധ്യാനവിഷയം (വി. ലൂക്കോ. 19:1-10). ക്രിസ്തുവും സക്കായിയും തമ്മിലുള്ള കണ്ടുമുട്ടലിന്റെ ഫലം സക്കായിയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല, ആ കുടുംബത്തിന്റെ തന്നെ രക്ഷയിലേക്കു നയിക്കുന്നതായിരുന്നു. കർത്താവുമായുള്ള കണ്ടുമുട്ടലിൽ സക്കായി കണ്ടെത്തിയത് യേശു എന്ന വ്യക്തിയെ മാത്രമായിരുന്നില്ല. തന്റെ പേരു ചൊല്ലി വിളിച്ച് തന്നെ സ്നേഹിച്ച് തന്റെ കൂടെ പാർക്കാൻ വരുന്ന ദൈവത്തെത്തന്നെയായിരുന്നു. നമ്മെ ഓരോരുത്തരെയും പേരു ചൊല്ലി വിളിച്ച് നമ്മോടു കൂടെ പാർക്കുന്ന കർത്താവിന്റെ ഭവനങ്ങളായി നമ്മുടെ ഓരോ ഭവനവും മാറണം. അപ്പോൾ കർത്താവ് പറയും-"ഇന്ന് ഈ ഭവനത്തിനു രക്ഷ വന്നു". ആരാധനാലയങ്ങൾ അടഞ്ഞു കിടക്കുന്ന ഇപ്പോഴത്തെ പ്രത്യേക പരിതസ്ഥിതിയിൽ നമ്മുടെ ഓരോ ഭവനത്തെയും കർത്താവിന്റെ ആലയങ്ങളായി രൂപപ്പെടുത്താനുള്ള അവസരമാണ് ദൈവം നമുക്കു നൽകിയിരിക്കുന്നത്. ദൈവകൃപ വന്നു നിറയുമ്പോൾ ഓരോ കുടുംബവും സ്നേഹത്തിന്റെ ആലയങ്ങളായി മാറും. അവിടെ പരസ്പരം അംഗീകരിക്കുന്നതിന്റെയും ആദരിക്കുന്നതിന്റെയും കരുതുന്നതിന്റെയും അന്തരീക്ഷം നിശ്ചയമായും രൂപപ്പെടും. ഉൽപത്തി പുസ്തകത്തിൽ ദൈവം ഉയർത്തിയ പ്രസക്തമായ രണ്ടു ചോദ്യങ്ങൾ 'നീ എവിടെ?' 'നിന്റെ സഹോദരൻ എവിടെ?' എന്നതായിരുന്നുവല്ലോ. അതോടൊപ്പം തന്നെ 'നിന്റെ മാതാപിതാക്കളെവിടെ?' നിന്റെ മക്കളെവിടെ? എന്നീ ചോദ്യങ്ങൾ കൂടി ചോദിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്. മക്കൾ നഷ്ടപ്പെടാതിരിക്കണമെങ്കിൽ മാതാപിതാക്കൾ കണ്ണുനീരോടുകൂടി മക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം. മാതാപിതാക്കളെ അവരുടെ വാർദ്ധക്യത്തിൽ തള്ളിക്കളയുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകരുത്. ദൈവം തന്റെ ജനത്തിനു നൽകിയ വാഗ്ദത്തത്തോടുകൂടിയ കൽപന "നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" (പുറപ്പാട് 20:12) എന്നതായിരുന്നല്ലോ. നമ്മുടെ സമർപ്പണം പുതുക്കുന്ന സന്ദർഭമായി ഈ കുടുംബ പ്രതിഷ്ഠാദിനം തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. യോശുവായോടു ചേർന്നു നമുക്കു പറയാം.

"ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും." (യോശുവ. 24:15)"


കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ, തിരുവല്ല
29-09-2020

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

**എഡിറ്റോറിയൽ**






# 'ന്യൂ നോർമൽ' സഭയും സമൂഹവും

> **ദുർബലരുടെ പക്ഷം ചേരുന്ന ആഴമായ ഐക്യദാർഢ്യത്തിന്റെയും ആഗോള സാഹോദര്യത്തിന്റെയും നവസംസ്കൃതി സൃഷ്ടിക്കുന്നില്ലെങ്കിൽ കടുത്ത അന്തഃച്ഛിദ്രത്തിന്റെയും അനാഗരികത്വത്തിന്റെയും നാളുകളാണ് മാനവരാശിയെ കാത്തിരിക്കുന്നതെന്ന് സിസെക് വിലപിക്കുന്നു**

കോവിഡ് 19 പശ്ചാത്തലത്തോടുള്ള പ്രതികരണമെന്ന നിലയിൽ 'ന്യൂ നോർമൽ' സമൂഹം എന്ന ആശയം മുന്നോട്ട് വച്ചത് സ്ലൊവേനിയൻ തത്വചിന്തകനായ സ്ലാവോയ് സിസെക്കാണ്. 'ന്യൂ നോർമൽ' എന്ന ആശയം പുതിയൊരു ലോകക്രമത്തെക്കുറിച്ചും മാനവികതയെക്കുറിച്ചുമുള്ള ബദൽ ചിന്തകളും സ്വപ്നങ്ങളുമാണ് പങ്കുവയ്ക്കുന്നത്. ഒരു കേന്ദ്രീകൃത-സാമ്പത്തിക-സാമൂഹിക-സംസ്കാരിക ഘടനയെയാണ് നവക്യാപ്പിറ്റലിസം സൃഷ്ടിച്ചതെന്നും അത് ചിതറിച്ചുകളഞ്ഞ ദുർബലജീവിതങ്ങളെയാണ് കോവിഡ് മഹാമാരി ദൃശ്യവൽക്കരിച്ചതെന്നും സിസെക് പറയുന്നു.

അതുകൊണ്ട് ദുർബലരുടെ പക്ഷം ചേരുന്ന ആഴമായ ഐക്യദാർഢ്യത്തിന്റെയും ആഗോള സാഹോദര്യത്തിന്റെയും നവസംസ്കൃതി സൃഷ്ടിക്കുന്നില്ലെങ്കിൽ കടുത്ത അന്തഃച്ഛിദ്രത്തിന്റെയും അനാഗരികത്വത്തിന്റെയും നാളുകളാണ് മാനവരാശിയെ കാത്തിരിക്കുന്നതെന്ന് സിസെക് വിലപിക്കുന്നു. പ്രസ്തുത ചിന്തകളെ പിന്തുടർന്നുകൊണ്ട് ഒരു 'ന്യൂ നോർമൽ' സഭയെക്കുറിച്ച് ഡോ.ഗീവർഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ 'സഭയും ന്യൂ നോർമലും: പുതിയൊരു മാനവികതയ്ക്കായുള്ള സഭാദർശനങ്ങൾ' എന്ന തന്റെ പുതിയഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. ആധിപത്യത്തിൽ നിന്നും ജനകീയതയിലേക്കും സമജാതീയതയിൽ നിന്നും ബഹുലതയിലേക്കും തിരസ്കരണത്തിൽ നിന്നും ഉൾക്കൊള്ളലിലേക്കും സഞ്ചരിക്കാൻ ആശയപരവും ഘടനാപരവുമായ പരിവർത്തനങ്ങൾക്ക് സഭ തയ്യാറാകണമെന്ന് പുസ്തകം ആഹ്വാനം ചെയ്യുന്നു. എന്തായാലും ക്രിയാത്മകമായ പരിചിന്തനങ്ങളിലൂടെയും പരിവർത്തനങ്ങളിലൂടെയും മാത്രമേ ഈ പ്രതിസന്ധി അതിജീവിക്കാനാവുകയുള്ളൂ എന്ന ബോധ്യം ഏറെ പ്രസക്തമാണ്.

■ വിചാരദീപ്തി



# ജാഗ്രതയുടെ കാലം

■ ജോസഫ് മാർ ബർന്നബാസ്
എപ്പിസ്കോപ്പ

ഒക്ടോബർ രണ്ടാം തീയതി ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി മാർത്തോമ്മാ സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി അവരോധിക്കപ്പെട്ടിട്ട് പതിമൂന്ന് വർഷം തികയുന്നു. മാർത്തോമ്മാ മെത്രാപ്പോലിത്തന്മാരുടെ നിലയിൽ ഇരുപത്തിയൊന്നാം മാർത്തോമ്മയായി മലങ്കര മെത്രാപ്പോലിത്താ സ്ഥാനത്ത് ആരൂഢനായിരിക്കുന്ന മെത്രാപ്പോലിത്താ തിരുമേനിക്ക് സഭാമക്കളുടെ അനുമോദനവും പ്രാർത്ഥനയും ആശംസിക്കുന്നു. പാലക്കുന്നത്തെ പ്രഗത്ഭരും ശ്രേഷ്ഠരുമായ പൂർവീക പിതാക്കന്മാരുടെ അഞ്ചാം തലമുറക്കാരനാണ് അഭിവന്ദ്യ തിരുമേനി. സഭാ വിജ്ഞാനിയത്തിലും വേദപുസ്തക പരിജ്ഞാനത്തിലും സാമൂഹ്യ ദർശനത്തിലും, സഭാ ഐക്യ പ്രസ്ഥാനങ്ങളിലും പരിസ്ഥിതി വിജ്ഞാനിയത്തിലും അഭിവന്ദ്യ തിരുമേനിയുടെ ആഴത്തിലുള്ള അറിവും ജ്ഞാനവും തലമുറകൾക്ക് മാർഗ്ഗനിർദ്ദേശകമായിരിക്കുന്നു. ഈ കാലഘട്ടത്തിൽ മെത്രാപ്പോലിത്താ തിരുമേനിയുടെ നേതൃത്വവും ശുശ്രൂഷയും ഓർത്ത് ദൈവമുമ്പാകെ നമുക്ക് സ്തോത്രം അർപ്പിക്കാം.

കോവിഡ് –19 എന്ന വൈറസ് വ്യാപനം ഫെബ്രുവരി മാസം മുതൽ നാം കണ്ടും അനുഭവിച്ചും വരുന്നു. ഏഴ് മാസം പിന്നിട്ടിട്ടും അതിന്റെ വ്യാപനം കൂടിവരുന്നതല്ലാതെ ഒരു ശമനം പ്രവചനാതീതമായി കൂടിക്കൊണ്ടിരിക്കുന്നു. പ്രതിവിധിയും വാക്സിനും അടുത്തെത്തിക്കൊണ്ടിരിക്കുന്നു എന്ന ശുഭ വാർത്ത തെല്ലൊരു ആശ്വാസം നൽകിത്തരുന്നു. ആരാധനാലയങ്ങൾ അടഞ്ഞു കിടക്കുന്നത് നമ്മെ കുണ്ഠിതപ്പെടുത്തുന്നു. മാസ്ക്കും സാനിട്ടേഷൻ ഉപയോഗവും, സാമൂഹ്യ അകലം പാലിക്കണമെന്ന നിഷ്ക്കർഷയും ഒരളവുവരെ ഈ വൈറസ് ബാധയിൽ നിന്ന് നമുക്ക് വിടുതൽ നൽകുന്നു. എന്നാൽ സാമൂഹ്യ മാധ്യമങ്ങൾ നമ്മെ സ്വാധീനിക്കുകയും അവയുടെ അടിമകളാക്കുകയും ചെയ്യുന്നു. നമ്മുടെ നിത്യജീവിതത്തിന്റെ പല പ്ലാറ്റ്ഫോമുകളുടെ സൃഷ്ടിയിലും വികാസത്തിലും നിർണ്ണായക പങ്കു വഹിച്ചവർ തന്നെ സാമൂഹമാധ്യമങ്ങൾ എങ്ങനെ നമ്മെ അവയുടെ അടിമകളാക്കുന്നു എന്ന് The Social Dilemma എന്ന ഡോക്യുമെന്ററിയിലൂടെ ലോകത്തിന് കാണിച്ചു തരുന്നു. പല കാര്യങ്ങളും ഈ അവധിക്കാലത്ത് നമുക്ക് പഠിക്കാൻ കഴിയുന്നു എങ്കിലും വിശ്വാസ വൈവരീത്യം, സ്വഭാവ ഹത്യ, അപവാദ പ്രചരണം, സംഘം ചേർന്നുള്ള ആക്രമണം, പക്ഷവാത വാർത്തകൾ ഇവയെക്കുറിച്ചെല്ലാം സഭാംഗങ്ങൾ ജാഗ്രതയുള്ളവരായിരിക്കേണം. കോവിഡിനെ കുറിച്ചുള്ള വ്യാജവിവരങ്ങളും അർദ്ധ സത്യങ്ങളും എത്ര വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നു. വ്യാജ വിവരങ്ങൾ കൂടുതലായി ഷെയർ ചെയ്യപ്പെടുന്നു. ടിറ്ററിൽ യഥാർത്ഥ വാർത്ത പങ്കുവയ്ക്കപ്പെടുന്നതിന്റെ ആറിരട്ടിയാണ് വ്യാജ വാർത്തകൾ ഷെയർ ചെയ്യന്നതെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. സാമൂഹമാധ്യമങ്ങളുടെ ഊരാക്കുടുക്കിൽ സഭാംഗങ്ങൾ വീഴാതിരിപ്പാൻ ജാഗരൂഗരായിരിക്കുക. സഭയ്ക്ക് പ്രാർത്ഥന ഏറെ ആവശ്യമുള്ള കാലമാണ് ഇത്. സഭയോടും സഭാനാഥനായ കർത്താവിനോടും ഏറെ കൂറും വിശ്വസ്തതയുള്ളവരായിരിക്കുക.

കർത്തൃശുശ്രൂഷയിൽ

ഒക്ടോബർ 2020



•• ധ്യാനം ••

# സഭ: സമൂഹത്തിലെ അനുരഞ്ജനത്തിന്റെ അനുഭവം


(2 കൊരി. 5:1619)

■ ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം
മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ

യേശുക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട അനുരഞ്ജനത്തിന്റെ ദൈവസത്ത ഉൾക്കൊണ്ട് സമൂഹപുനർനിർമാണത്തിന് സ്വയം സജ്ജമാകുവാൻ സഭയ്ക്ക് സാധിക്കണം. ക്രിസ്തുവിൽ ദൈവം അസ്വസ്ഥതകളുടെ മധ്യത്തിൽ സമീപസ്ഥനാണ്, സ്വയം വെറുമയാക്കപ്പെട്ട്, ദുർബലവിഭാഗങ്ങളോട് പക്ഷം ചേർന്ന് ലോകത്തെ ദൈവത്തോടു നിരപ്പിച്ച ആ ശുശ്രൂഷ സഭയെ കർത്താവ് ഭരമേല്പിച്ചിരിക്കുന്നു.

ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സ്വരൂപം നഷ്ടപ്പെട്ടിരിക്കുന്നതിനാൽ ഇന്നു മനുഷ്യന്റെ ദൈവത്തെക്കുറിച്ചുള്ള അവബോധവും വികലമാക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ആളത്തം വളരെയധികം ദുരുപയോഗപ്പെടുത്തിയ മനുഷ്യൻ അതിന്റെ നീതീകരണത്തിനായി അനേക സങ്കേതങ്ങൾ തേടിക്കണ്ടെത്തിയിരിക്കുന്നു എന്നതാണ് ഇന്നത്തെ സവിശേഷത. ദൈവത്തിന്റെ നാമത്തിൽ മനുഷ്യൻ പലവിധത്തിലുള്ള 'വേലകൾ' ചെയ്തുകൊണ്ടിരിക്കുകയാണല്ലോ. വികസനത്തിന്റെ പേരിൽ മനുഷ്യൻ കാട്ടിക്കൂട്ടുന്ന എല്ലാ പ്രവർത്തനങ്ങളും ദൈവം അംഗീകരിക്കുന്നതോ, അവനു പ്രസാദകരമായതോ അല്ല എന്ന ദുഃഖസത്യം അംഗീകരിച്ചേ മതിയാകുകയുള്ളു. സ്വദേശത്തും വിദേശത്തും ക്രിസ്തുവിനെ കൂടാതെ ചെയ്യുന്ന പ്രവർത്തനങ്ങൾ വികസനോപാധികൾ ആണെങ്കിൽപ്പോലും അവയ്ക്ക് സ്വർഗീയാംഗീകാരം ഉണ്ടാവുകയില്ല. വഴിപിഴച്ച മതഭ്രാന്താണ് മറ്റൊന്ന്. മനുഷ്യന്റെ മതഭ്രാന്ത് എത്രമാത്രം രൂക്ഷമാകാമെന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. ചില വർഷങ്ങൾക്കു മുമ്പ് അമേരിക്കയിൽ ജിം ജോൺസിന്റെ നേതൃത്വത്തിന്റെ നടന്ന കൂട്ടക്കൊല. വിഭാഗിക്കപ്പെട്ട സഭയുടെ ഭാഗമായിട്ടാണ് ഇന്നു നാം അറിയപ്പെടുന്നതുതന്നെ. അന്യോന്യം അംഗീകരിക്കാനാവില്ല എന്നു മാത്രമല്ല പരസ്പരം ചെളിവാരിയെറിയുകയും പോരാടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്ന കാഴ്ച നിർവികാരമായി നോക്കിക്കാണേണ്ട സ്ഥിതിയും നിലവിലുണ്ട്. ഇതെല്ലാം ചെയ്യുന്നത് ദൈവത്തിന്റെ പേരിലും.

ദൈവത്തിന്റെ അംഗീകാരമുണ്ടെന്നുള്ള ധാരണയിൽ ചെയ്യുന്ന മേൽ ഉദ്ധരിച്ച തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരു വിധത്തിലും ദൈവം സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല അങ്ങനെയുള്ള തെറ്റിദ്ധാരണകൾക്ക് പ്രചോദനമായിരിക്കുന്നത് ദൈവത്തെ നമ്മുടെ മാനദണ്ഡങ്ങൾവച്ച് കാണുവാൻ ശ്രമിക്കുന്നതുകൊണ്ടാണ് വിരൂപനാക്കപ്പെട്ട മനുഷ്യൻ ദൈവത്തെ ദർശിക്കുന്നത് അവന്റെ പരിമിതിക്കകത്തുനിന്നുകൊണ്ടാണ്. അപ്പോൾ വിരൂപനായ ദൈവത്തെക്കുറിച്ചുള്ള അവബോധമാണ് അവന് ഉണ്ടാകുന്നത്. ഇവിടെയാണ് ക്രിസ്തു അവതാരത്തിന്റെ പ്രസക്തി നാം കാണേണ്ടത്. പൂർണ ദൈവത്തെ നാം ദർശിക്കുന്നത് അതേ സാദൃശ്യത്തിലും നന്മയിലുമുള്ള യേശുക്രിസ്തുവിലാണ്. അതുകൊണ്ടത്രേ ദൈവം ക്രിസ്തുവിലായത്. അപരിമേയനായ ദൈവത്തെ പരിമിതികളുള്ള മനുഷ്യൻ മനസിലാക്കുന്നത് ക്രിസ്തുവിലൂടെയാണ്. ഉദാഹരണത്തിന് നോബൽ സമ്മാനം ലഭിച്ച സി.വി. രാമൻ എട്ടുവയസുമാത്രം പ്രായമുള്ള കുട്ടിക്ക് പ്രകാശത്തെ



ക്കുറിച്ച് വിശദീകരിച്ചുകൊടുക്കേണ്ടിവന്നപ്പോൾ തന്റെ ലോകപ്രസ്തമായ രാമൻ ഇഫക്ട് ഫോർമുലയുടെ ആവിഷ്കാരത്തിലൂടെയല്ല. പ്രത്യുത ആ കുട്ടിയുടെ ചിന്താമണ്ഡലത്തിലേക്കു താണിറങ്ങി പ്രതിപാദിക്കേണ്ടതായിവന്നു. പരിമിതികളുള്ള മനുഷ്യന്റെ ബോധമണ്ഡലത്തിലേക്ക് ഊളിയിട്ടിറങ്ങുന്ന ദൈവവെളിപ്പാടിനെ ക്രിസ്തുവിൽ നാം ദർശിക്കുന്നു.

ക്രിസ്തുവിലായ ദൈവം താൻ ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ച ലോകത്തെ സ്നേഹിച്ചു എന്നതാണ് ഈ വിഷയത്തിലെ പ്രധാനചിന്ത. ദൈവം സൃഷ്ടിച്ചു നല്ലതെന്നുകണ്ട ലോകം താൻ സ്നേഹിക്കുന്ന ലോകമാണ്. ഭീതിദമായ എല്ലാ സാഹചര്യങ്ങളിലും ദൈവം ക്രിസ്തുവിൽ മനുഷ്യനെ അഭിമുഖീകരിക്കുന്നുണ്ട്. തിരമാലക

ളുടെ മീതെ നടന്നുവരുന്ന യേശുവിനെയാണ് പത്രോസ് തന്റെ കപ്പൽയാത്രയിൽ കാണുന്നത്. വെള്ളത്തെ ഭയന്നു വള്ളത്തെ ആശ്രയിച്ച പത്രോസ് യേശുവിനെ കണ്ടിട്ടു വള്ളത്തെ ഉപേക്ഷിക്കുന്നു. യേശുവില്ലാത്ത തോണിയേക്കാൾ യേശുവുള്ള കടലാണ് തനിക്കു പ്രിയമായിരിക്കുന്നത്. ദൈവത്തോടുചേർന്നു പ്രതിബന്ധങ്ങളിലാവുന്നതാണ് യേശുവില്ലാത്ത സുരക്ഷിതത്വങ്ങളേക്കാൾ ഉത്തമെന്ന് പത്രോസ് പഠിച്ചു. യേശുക്രിസ്തുവിൽ ദൈവം ലോകസംഭവങ്ങളുടെ മധ്യേ പ്രവർത്തനിരതനാണ്.

രണ്ടാമതായി വെറുമയാക്കുന്ന ദൈവസ്വഭാവത്തെ നാമിവിടെ കാണുന്നു. പൗലോസ് ഫിലിപ്യാ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ ഈ ആശയം വ്യക്തമായി കാണാം. എല്ലാം ഉണ്ടായിരുന്ന ദൈവം അവയൊക്കെ മനുഷ്യനുവേണ്ടി വേണ്ടെന്നുവയ്ക്കുന്നു. ആധുനിക മനുഷ്യസ്വഭാവത്തിന്റെ കടകവിരുദ്ധമായ ഒരു നിലപാടാണിത്. നാമിന്ന് സ്വരൂക്കൂട്ടുന്നത് മിക്കതും നമ്മുടെ ആവശ്യങ്ങൾക്കുപരിയായുള്ളതാണ്. ഒരിക്കൽ എനിക്കൊരു സ്നേഹിതൻ കേക്കുണ്ടാക്കുന്ന ഒരു പാത്രം (ഓവൻ) സമ്മാനിച്ചു. കുറച്ചുനാളിനുശേഷം എന്റെ പാചക്കാരൻ ചോദിച്ചു അതിനകത്ത് അരിപ്പൊടി വച്ചാലെന്തെന്ന്. ആവശ്യമില്ലാത്തത് സ്വരൂക്കൂട്ടിവയ്ക്കുന്നത് ഇന്നത്തെ പരിഷ്ക്കാരമായിത്തീർന്നിട്ടുണ്ട്. ക്രിസ്തുവിലായ ദൈവം സ്വയം വെറുമയാക്കി തന്നത്താനൊഴിച്ച്, മനുഷ്യൻ ജീവിക്കുവാനുള്ള ആഹ്വാനം നൽകുന്നു.

> “
> **ക്രിസ്തുവിനെ ഒരു വിഭാഗത്തിന്റെ സ്വകാര്യസ്വത്തായി കാണാനാവില്ല. പാരമ്പര്യത്തിനപ്പുറത്തുള്ളവരോടുള്ള സഖിത്വം തന്റെ പ്രവർത്തനത്തിൽ കാണാവുന്നതാണ്. പാരമ്പര്യത്തിനും വർഗതാത്പര്യങ്ങൾക്കും അതീതമായി ഉയരുന്ന ജീവിത ശൈലിയായിരുന്നു യേശുവിന്റേത്.**

ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിപ്പാൻ വന്ന ദൈവമാണ്. ക്രിസ്തുവിൽ പരിപൂർണ്ണ വികസനത്തിനുവേണ്ടി സ്വയം പരിമിതികൾ സ്വീകരിക്കുന്നത് ദൈവസ്വഭാവമാണ്. മനുഷ്യാളത്വത്തിന്റെ സമ്പൂർ വളർച്ചയുടെ വികസനത്തിനും വീണ്ടെടുപ്പിനും വേണ്ടി ദൈവം ക്രിസ്തുവിൽ ദാസരൂപം എടുക്കുന്നു.

യേശുക്രിസ്തുവിലൂടെ നാം പരിചയപ്പെടുന്ന ദൈവം ദുർബലവിഭാഗത്തിന്റെ പക്ഷം ചേർന്നു പ്രവർത്തിക്കുന്നവൻ കൂടിയാണ്. നിഷ്പക്ഷതയല്ല പക്ഷം ചേരലാണ് ഇന്നാവശ്യം, അതിനാണ് പ്രസക്തിയുള്ളത്. ഒരമ്മയ്ക്ക് നാലു മക്കളുണ്ടെന്ന് കരുതുക. അവരിലൊരാൾ ഒരു രോഗിയാണെങ്കിൽ ആ മാതാവ് എല്ലാ മക്കൾക്കും ഒരേതോതിലുള്ള ആഹാരവും ശുശ്രൂഷയുമായിരിക്കില്ല നൽകുക. രോഗിയായ മകനെ അധികം കരുതാതെ തനിക്ക് നിഷ്പക്ഷതയുടെ മറവിൽ ചടഞ്ഞു കൂടാനാവില്ല. നല്ല സുറിയാനി ക്രിസ്ത്യാനികളായ നമുക്ക് അവശസമുദായാംഗങ്ങളുടെ ആരാധനയ്ക്ക് അച്ചന്മാരുടെ സേവനം മാസത്തിലൊരിക്കലെങ്കിലും വിട്ടുകൊടുക്കാൻ കഴിയില്ലെങ്കിൽ നമ്മുടെ ആരാധനയുടെ സാംഗത്യമെവിടെയാണെന്ന് ചോദിക്കേണ്ടിവരും. ദുർബലവിഭാഗത്തെ സ്നേഹിക്കുകയും കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ദൈവത്തെ നമുക്ക് സ്നേഹിപ്പാനും ആരാധിപ്പാനും കഴിയുമോ? കഷ്ടതകളെ ഭയന്നോടുന്ന ദൈവമല്ല അവയെ രൂപാന്തരപ്പെടുത്തുന്ന ദൈവമാണ് നമ്മുടെ ആരാധനാപാത്രം. ക്രിസ്തുവിലായ ദൈവം സർവജനങ്ങൾക്കും മഹാസന്തോഷമാണ്. ഇവിടെ ക്രിസ്തു അവതാരത്തിന്റെ സാധ്യതയും ആഴവും നമുക്ക് ദർശിക്കാം.

ക്രിസ്തുവിനെ ഒരു വിഭാഗത്തിന്റെ സ്വകാര്യസ്വത്തായി കാണാനാവില്ല. പാരമ്പര്യത്തിനപ്പുറത്തുള്ളവരോടുള്ള സഖിത്വം തന്റെ പ്രവർത്തനത്തിൽ കാണാവുന്നതാണ്. മത്സ്യത്തൊഴിലാളിയെ അപ്പൊസ്തലനായും കള്ളനെ പറുദീസാവകാശിയായും മഗദലനക്കാരത്തി മറിയയെ സുവിശേഷത്തന്റെ കാവൽ സൂക്ഷിപ്പുകാരിയായും ചുങ്കക്കാരനെ സഭയുടെ അടിസ്ഥാനമായും താൻ രൂപാന്തരപ്പെടുത്തിയെടുക്കുകയാണ്. പാരമ്പര്യത്തിനും വർഗതാത്പര്യങ്ങൾക്കും അതീതമായി ഉയരുന്ന ജീവിത ശൈലിയായിരുന്നു യേശുവിന്റേത്.


ക്രിസ്തുവിൽ ദൈവം ലോകത്തെ തന്നോടു നിരപ്പിച്ചു. ദൈവത്തെ ലോകത്തോടല്ല, ലോകത്തെ ദൈവത്തോടാണ് താൻ നിരപ്പിക്കുന്നത്. കാരണം ദൈവം എല്ലായ്പ്പോഴും നിരപ്പിന്റെ അനുഭവത്തിലായിരുന്നു. അനുരഞ്ജനത്തിന്റെ ശുശ്രൂഷയാണ് ദൈവം സഭയെ ഭരമേൽപ്പിച്ചിരിക്കുന്നത്. മുടിയൻ പുത്രന്റെ കഥയിൽ അവന്റെ തിരിച്ചുവരവിനെ അപ്പനും ജ്യേഷ്ഠസഹോദരനും പ്രതികരിക്കുന്നത് രണ്ടുവിധത്തിലാണ്. അപ്പൻ തന്റെ വാർധക്യത്തെ വകവയ്ക്കാതെ ഓടിച്ചെന്ന് ആ മകനെ കെട്ടിപ്പിടിച്ചു സ്വീകരിക്കുന്നു. തന്റെ സഹോദരനാവട്ടെ അവനെ ഒന്നു കാണുകപോലും ചെയ്യാതെ തന്റെ മാനദണ്ഡത്തിൽ നിന്നുകൊണ്ട് ആരോപണങ്ങൾ ഉന്നയിച്ച് അവനെ പകയ്ക്കുന്നു. പുത്രത്വം പന്നികൾക്ക് വിറ്റുകളഞ്ഞ് ദാസത്വം സ്വീകരിച്ചവനെ എന്നേക്കും പുത്രന്റെ പദവിയിൽ ചേർക്കുന്ന ദൈവസ്നേഹം അനുരജ്ഞനത്തിന്റെ അടിസ്ഥാനപ്രമാണമാണ്. മനുഷ്യൻ ദൈവനിഷേധിയായി ഓടിയകലുമ്പോഴും സ്നേഹിക്കുന്ന ദൈവം അവനെ തേടി വരുന്നു. ആ രണ്ട് ഓട്ടങ്ങളും ബന്ധിക്കുമ്പോഴാണ് ചരിത്രത്തിലെ ക്രൂശിതനായ ക്രിസ്തുവിൽ അനുരഞ്ജിപ്പിക്കുന്ന ദൈവത്തെ സഭ ദർശിക്കുന്നത്.

ആധുനിക മനുഷ്യൻ മുഖംമൂടി ധരിച്ചിരിക്കുന്നു. അവനിന്ന് കൃത്രിമത്വത്തിലാണ് ജീവിക്കുന്നത്. അവൻ അംഗമായിരിക്കുന്ന സഭയും കൃത്രിമസമൂഹമാണ്. മുഖംമൂടിയില്ലാത്ത അനുരജ്ഞനത്തിന്റെ വിധാതാവായി സഭ ഉണരട്ടെ.



# സഭ സമകാലിക പശ്ചാത്തലത്തിൽ

■ **ഡോ.സൂസി താരു**
(റിട്ട.പ്രൊഫസർ, ഇംഗ്ലീഷ് & ഫോറിൻ ലാങ്ഗ്വേജസ് യൂണിവേഴ്സിറ്റി, ഹൈദരാബാദ്)



സമകാലിക പശ്ചാത്തലത്തിൽ ക്രൈസ്തവ സഭയുടെ ശുശ്രൂഷയെക്കുറിച്ച് ചിന്തിക്കുമ്പോൾ ശ്രദ്ധിക്കേണ്ട രണ്ട് മേഖലകളെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. ഒന്ന്, ആരോഗ്യമേഖലയാണ്. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ നമ്മുടെ രാജ്യവും ആഗോളസമൂഹവും അതിതീവ്രമായ ആരോഗ്യപ്രതിസന്ധിയെയാണല്ലോ അഭിമുഖീകരിക്കുന്നത്. സൗഖ്യദായകശുശ്രൂഷ ക്രൈസ്തവ സഭയുടെ എല്ലാക്കാലത്തെയും സാക്ഷ്യസരണിയായിരുന്നു. ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിൽ അതേറ്റവും പ്രകടവുമായിരുന്നു. ക്രിസ്തുവിന്റെ സൗഖ്യദായക അത്ഭുതങ്ങൾ റോമൻ ആധിപത്യത്തിന്റെ കാലത്ത് ഏറ്റവും ശ്രദ്ധിക്കപ്പെട്ടത് അത് ദുർബലർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും മാനവികത വീണ്ടെടുക്കാൻ പര്യാപ്തമായിരുന്നതുകൊണ്ടാണ്. മാനവികതയുടെ ഉദാത്തദർശനങ്ങളാണ് യേശുവിന്റെ സൗഖ്യദായക ശുശ്രൂഷയിൽ നാം കാണുന്നത്. ക്രൈസ്തവ സഭയുടെ സൗഖ്യദായക ശുശ്രൂഷയുടെ അടിസ്ഥാനവും അത് തന്നെയാണ്.

ആദ്യകാലങ്ങളിൽ പൊതുസമൂഹത്തിൽ നിഷേധിക്കാനാവാത്ത സൗഖ്യസാന്നിദ്ധ്യമായി സഭ വർത്തിച്ചിരുന്നു. തുല്യതയുടെയും സമഗ്രതയുടെയും ഉത്തരവാദിത്വത്തിന്റെയും മഹത്തായ മാതൃകയായി ക്രൈസ്തവസഭയുടെ സൗഖ്യദായക ശുശ്രൂഷകളെ ലോകം ആദരവോടെ കണ്ടിരുന്നു. മാനവികയുടെ സമഗ്രതയ്ക്കായി വേദപുസ്തകം സഭയെ നിരന്തരം പ്രചോദിപ്പിക്കുകയും അത് പൊതുസമൂഹത്തെ രൂപാന്തരത്തിലേക്ക് പരിവർത്തിപ്പിക്കുവാൻ പര്യാപ്തമാക്കുകയും ചെയ്തിരുന്നു. ക്രൈസ്തവ സമൂഹങ്ങൾക്ക് പൊതുസമൂഹം നൽകിയ ആദരവിന്റെ പ്രധാനകാരണവും ഇതു തന്നെയായിരുന്നു.

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ആരോഗ്യസംവിധാനങ്ങൾ മുന്നോട്ട് വയ്ക്കുന്ന മാതൃക ലോകം മുഴുവനും ഉറ്റുനോക്കുന്ന ഒന്നാണ്. ഡോക്ടർമാരും നഴ്സുമാരും ഉൾപ്പെടുന്ന ആരോഗ്യപ്രവർത്തകരടങ്ങുന്ന സംഘം ഏറ്റവും ഉത്തരവാദിത്തപൂർണ്ണമായ ശുശ്രൂഷയാണ് കാഴ്ചവയ്ക്കുന്നത്. പൊതു ആരോഗ്യസംവിധാനം കേരളത്തിൽ അത്ര ശക്തമായതുകൊണ്ടാണ് നല്ല പ്രതിരോധം തീർക്കാൻ കേരളത്തിന് കഴിയുന്നത്. എന്നാൽ ഈ പ്രതിസന്ധിഘട്ടത്തിലൊക്കെ, ആരോഗ്യ പരിപാലന മേഖലയിൽ മാതൃകാപരമായ സാക്ഷ്യം നിർവ്വഹിച്ച ക്രൈസ്തവ സമൂഹങ്ങളെ ചിത്രത്തിലൊന്നും കാണുന്നില്ല. ശുശ്രൂഷ ഏറ്റവും അനിവാര്യമായിരിക്കുന്ന ഈ കാലഘട്ടത്തിലെ സഭകളുടെ അപ്രത്യക്ഷത തീർത്തും ദുഃഖകരമാണ്.

ഇവിടുത്തെ പ്രശ്നം മറ്റൊന്നാണ്. കുറെക്കാലമായി ക്രൈസ്തവസഭ പൊതു ആരോഗ്യമേഖലയിലെ അതിന്റെ സാക്ഷ്യത്തിൽ നിന്നും സ്വകാര്യമേഖലയിലേക്ക് പിൻവാങ്ങിപ്പോയി എന്നുള്ളതാണ്. ഈ പിന്മാറ്റം നമ്മുടെ സമൂഹത്തിലെ സാധാരണക്കാരിൽ നിന്നും സമ്പന്നരിലേക്കുള്ള സഭകളുടെ പിന്മാറ്റം കൂടിയാണ്. മരുന്നുകളുടെ ഉല്പാദനവും വിതരണവും കോർപ്പറേറ്റുകൾ ഏറ്റെടുത്തിരിക്കുന്ന ഈ കാലത്ത് ആരോഗ്യപരിപാലനം ഏറെ ചെലവേറിയതും സാധാരണക്കാർക്ക് താങ്ങാനാവാത്തതുമാണ്. ദരിദ്രരും സാധാരണക്കാരുമായ പൊതു സമൂഹത്തിന് കുറഞ്ഞ ചെലവിൽ ആരോഗ്യ ശുശ്രൂഷകൾ ലഭിക്കുന്നതിന് പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള എന്തു സമീപനമാണ് സഭ സ്വീകരിക്കുന്നത്? ഈ ചോദ്യം ചോദിക്കുന്നതിന് കാരണം? പൊതു ആരോഗ്യശുശ്രൂഷയിൽ സമാനതകളില്ലാത്ത ശുശ്രൂഷകൾ നിർവഹിച്ചിട്ടുള്ള പ്രസ്ഥാനമാണ് ക്രൈസ്തസഭ എന്നുള്ളതുകൊണ്ടാണ്. സൗഖ്യദായക ശുശ്രൂഷ അടി

സ്ഥാനമായി കാണുന്ന ക്രൈസ്തവ സഭ അതിന്റെ വിളിയും നിയോഗവും നഷ്ടമാക്കുന്നുവോ എന്നാണ് ഞാൻ സങ്കടപ്പെടുന്നത്. ഒരു പക്ഷേ, ഈ കോവിഡ് പ്രതിസന്ധിയുടെ കാലത്ത് സമഗ്രമായൊരു ആരോഗ്യപരിപാലനപദ്ധതിയെക്കുറിച്ച് സഭ ഗൗരവമായി ചിന്തിക്കേണ്ടിരിക്കുന്നുവെന്ന് എനിക്ക് അഭിപ്രായമുണ്ട്.

ഇക്കാലത്ത് പ്രതിസന്ധിയിലായിരിക്കുന്ന മറ്റൊരു മേഖല വിദ്യാഭ്യാസ മേഖലയാണ്. ക്രൈസ്തവസഭ ഗൗരവമായ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു മേഖലയാണ്. അങ്ങനെ പറയുന്നതിന് കാരണം സഭയുടെ സവിശേഷ ശ്രദ്ധ ഒരു കാലത്ത് ലഭിച്ചിരുന്ന മേഖലയാണ് പൊതുവിദ്യാഭ്യാസ മേഖല. നമ്മുടെ പൊതുവിദ്യാഭ്യാസ പ്രക്രീയയെ പരിപോഷിപ്പിക്കുന്നതിൽ ക്രൈസ്തവ മിഷനറിമാരുടെയും സഭാപ്രവർത്തകരുടെയും ഇടപെടലുകൾ ഒരുകാലത്തും നിഷേധിക്കാനാവുന്നതല്ല. കേരളത്തിന്റെ സവിശേഷ പശ്ചാത്തലത്തിൽ അത്തരം ഇടപെടലുകൾ ചരിത്രത്തിന്റെ ഭാഗമാണ്. ഒരു കാലത്ത്, കേരളത്തിലെ ഭരണ സംവിധാനങ്ങൾ പൊതുവിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ നേതൃത്വം ഏൽപ്പിച്ചിരുന്നത് ക്രൈസ്തവ സമൂഹങ്ങളെയാണ്. ഭൂമി സൗജന്യമായി നൽകിയും സാമ്പത്തിക സഹായങ്ങൾ നൽകിയും ക്രൈസ്തസഭയെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി പ്രോത്സഹാപ്പിച്ചത് വിദ്യാഭ്യാസത്തെ പൊതുവിഭവമായി നിലനിർത്താനായിരുന്നു. നോക്കൂ, ദലിതരുടെയും മറ്റു പിന്നോക്ക വിഭാഗങ്ങളുടെയും വിദ്യാഭ്യാസ ഉന്നതിക്ക് ഏറ്റവും കനപ്പെട്ട സംഭാവന നൽകിയത് ക്രൈസ്തവ സഭ തന്നെയായിരുന്നു. പൊതുജനാരോഗ്യം എന്നതുപോലെ പൊതുവിദ്യാഭ്യാസം എന്ന സങ്കല്പത്തിലും കേരളം ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും എല്ലാക്കാലവും മുന്നിലായിരുന്നു. വളരെ വലിയ നിക്ഷേപമാണ് കേരളം ഇക്കാര്യത്തിൽ ചെയ്തത്. ഗുണാത്മകമായ വിദ്യാഭാസം മൂല്യബോധമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇന്ത്യക്കകത്തും പുറത്തുമായി ജ്ഞാനമണ്ഡലത്തെ പരിപോഷിപ്പിക്കുവാൻ പര്യാപ്തമായ നേതൃനിരയെ ഉല്പാദിപ്പിക്കുവാൻ കേരളത്തിന് സാധിച്ചിട്ടുണ്ട് എന്നുള്ളത് നിസ്സംശയമാണ്. എന്നാൽ സമകാലിക അനുഭവം നിരാശപ്പെടുത്തുന്നതാണ്. പൊതുവിദ്യാഭ്യാസം നിലനിർത്തുന്നതിൽ ക്രൈസ്തവ സഭ കൾക്കുള്ള പങ്കാളിത്തം കുറയുന്നുവെന്ന് മാത്രമല്ല; അത് സ്വകാര്യവൽക്കരിക്കുന്നതിന് കൂട്ടുനിൽക്കുന്നുവെന്നുള്ളത് ഏറെ ആശങ്കപ്പെടുത്തുന്നതാണ്. മാനവികതയുടെ ഉദാത്തമൂല്യങ്ങൾ സൂക്ഷിക്കുന്ന ഒരു കൊച്ചുദേശത്തിന്റെ നന്മകൾ നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള ജാഗ്രത പാലിക്കുന്നതിൽ ക്രൈസ്തവ സമൂഹങ്ങൾക്കും പങ്കുണ്ടെന്ന് നമുക്ക് മറക്കാതിരിക്കാം. ചൂഷണത്തിന്റെയും വിഭാഗീയതയുടെയും അന്യവൽക്കരണത്തിന്റെയും ശക്തികൾ വളരുന്ന ഈ ദുരന്തകാലത്ത് സൗഖ്യത്തിന്റെയും സമഭാവനയുടെയും സാഹോദര്യത്തിന്റെയും മൂല്യങ്ങളെ തിരികെപിടിക്കുവാൻ ഒരു വലിയ ഉത്തരവാദിത്തം ക്രൈസ്തവസഭയുടെ വിളിയിലും നിയോഗത്തിലുമുണ്ട്. ഈ കോവിഡ് ദുരന്തകാലം സഭയുടെ തന്നെ പ്രസക്തി തിരിച്ചുപിടിക്കേണ്ട കാലമാണ്. മാനവരാശി നിരാശയുടെയും ഭയത്തിന്റെയും കയങ്ങളിലേക്ക് തള്ളിയിടപ്പെടുമ്പോൾ പ്രതീക്ഷയുടെ അടയാളമായി നിലകൊള്ളുകയെന്നത് സഭയുടെ കർത്തവ്യമാണ്. അത് എത്രത്തോളം തിരിച്ചറിയുന്നുവെന്നിടത്താണ് സഭയുടെ പ്രസക്തി.

## മാരാമൺ കൺവൻഷൻ ഗാനങ്ങൾ 2021

കോവിഡ് പ്രതിരോധ ക്രമീകരണ പ്രകാരം നടത്തപ്പെടുവാൻ ആഗ്രഹിക്കുന്ന 2021 ലെ മാരാമൺ കൺവൻഷനിലേയ്ക്ക് പുതിയ ഗാനങ്ങൾ ക്ഷണിക്കുന്നു. ഹൃദ്യമായ ആത്മീയ അനുഭവവും സുവിശേഷ ദർശനവും സാമൂഹ്യ അവബോധവും സാഹിത്യ സംഗീത മൂല്യവും വിശ്വാസികൾക്ക് ചേർന്ന് പാടുവാൻ സഹായിക്കുന്നതുമായ ഗാനങ്ങൾ പ്രതീക്ഷിക്കുന്നു. ഗാനങ്ങളുടെ ഈണവും വരികളും സിഡിയിലോ ഇ-മെയിൽ ആയോ അയച്ചുതരേതാണ്. ഗാനങ്ങളിൽ പശ്ചാത്തല സംഗീതം ഇല്ലാതെ അയച്ചുതരേണ്ടതാണ്.

**താഴെ ചേർത്തിരിക്കുന്നവ ഉൾപ്പെടുത്തി കത്ത് അയക്കേണ്ടതാണ്.**

1. രചന, സംഗീതം എന്നിവ നിർവഹിച്ചവരുടെ പേരുവിവരങ്ങൾ, അഡ്രസ്, ഫോൺ, ഇ-മെയിൽ
2. ഗാനങ്ങൾ സ്വന്ത സൃഷ്ടികളാണെന്നും അച്ചടിച്ചോ, റിക്കാർഡ് ചെയ്തോ മറ്റേതെങ്കിലും മാധ്യമങ്ങളിലൂടെയോ മുമ്പ് പസിദ്ധീകരിച്ചവയല്ലെന്നും പ്രസ്താവിക്കുന്ന സ്വന്തം സാക്ഷ്യപത്രം.
3. വരികളിലോ ഈണത്തിലോ ആവശ്യമെങ്കിൽ ഭേദഗതികൾ വരുത്തുന്നതിന് കമ്മറ്റിക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകുന്ന സമ്മത പത്രം. സമ്മതപത്രം നൽകാത്ത പക്ഷം അവ ഉൾപ്പെടുത്തുന്നതല്ല.
4. ഗാനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പൂർണ്ണ അവകാശം ഡി.എസ്.എം.സി. യ്ക്ക് ആയിരിക്കും
5. കവറിനു പുറത്ത് മാരാമൺ കൺവൻഷൻ ഗാനങ്ങൾ 2021 എന്ന് എഴുതിയിരിക്കണം. ഗാനങ്ങൾ ലഭിക്കേണ്ട അവസാന തിയതി 2020 ഒക്ടോബർ 20.

ഗാനങ്ങൾ നൽകേണ്ട വിലാസം:


**റവ ആശിഷ് തോമസ് ജോർജ്, ഡയറക്ടർ, ഡി.എസ്.എം.സി., എസ്.സി.എസ്. ക്യാമ്പസ്, തിരുവല്ല 1**

Email: maramonconvention2021@gmail.com



# 'ന്യൂ നോർമൽ' സഭയും ദുർബലരുടെ പ്രതീക്ഷകളും

■ **റവ.ഡോ.ജോർജ് റീഗർ**
പ്രൊഫസർ, ഡിവിനിറ്റി സ്കൂൾ, വാണ്ടർബിൽറ്റ് യൂണിവേഴ്സിറ്റി, യു.എസ്.എ.



എല്ലാ പ്രതീക്ഷകൾക്കും പരിമിതികളുണ്ടെന്ന് കോവിഡ് 19 മാനവരാശിയെ ഓർമ്മിപ്പിച്ചിരിക്കുന്നു. മുമ്പ് പലപ്പോഴും സൂചനകൾ നൽകിയിരുന്നെങ്കിലും ഇപ്പോഴാണ് അത് കൂടുതൽ വ്യക്തമായത്. നവലിബറൽ സ്വപ്നങ്ങളിൽ അഭിരമിച്ചിരുന്ന മനുഷ്യന് പ്രതീക്ഷിക്കുന്നതിന് ഒരു പരിധിയുണ്ടാവണമെന്ന് ഓർമ്മപ്പെടുത്തുകയാണ്. കപട പ്രതീക്ഷകളുടെ പരാജയം പക്ഷെ 'ആശക്ക് വിരുദ്ധമായ ആശ' (Hope against hope) രൂപപ്പെടുത്താൻ നമ്മെ സഹായിക്കുമോയെന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്. റോമർ 4:18 ലാണ് പൗലോസ് അപ്പോസ്തലൻ മോശയുടെ ഈ ബദൽ പ്രതീക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്നത്. ആധിപത്യങ്ങളുടെയോ അനുകൂലങ്ങളുടെയോ സാഹചര്യങ്ങളുടേയോ പിൻബലമില്ലാതാകുമ്പോഴും പ്രതീക്ഷകൾ വച്ചു പുലർത്താൻ കഴിയുമ്പോഴാണ് 'ആശക്ക് വിരുദ്ധമായ ആശ' ഉൾക്കൊള്ളാനാവുക. അത് ദുർബലരുടെ പ്രത്യാശയാണ്. എല്ലാം നഷ്ടപ്പെട്ടവരുടെ പ്രതീക്ഷയാണ്. ഒരു പക്ഷെ, ഈ കോവിഡ് കാലത്ത് അപ്രകാരമൊരു ബദൽ പ്രതീക്ഷ കണ്ടെത്താനാവുക എല്ലാം നഷ്ടപ്പെട്ട ദുർബല ജീവിതങ്ങളിലാണ്.

ഈ കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെട്ടവരെത്രയാണ്? ദൈനംദിന ജീവിതത്തെ താങ്ങിനിർത്തിയിരുന്ന സാമ്പത്തിക ഘടനകൾ തകർന്നുപോയവരെത്രയാണ്? മതിയായ ചികിത്സയും മരുന്നും ശുശ്രൂഷകളും ലഭിക്കാതെ വഴിയരികിൽ മരിച്ചുവീണതെത്രപേരാണ്? കുടിയേറ്റ തൊഴിലാളികൾ അഭയാർത്ഥികളെപ്പോലെ പലായനം ചെയ്തത് നമ്മൾ കണ്ടതല്ലെ? എന്തു പ്രതീക്ഷകളാണവർക്കിനി ബാക്കിയുള്ളത്? സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവരാണിവർ. ഒരു പക്ഷെ ഭരണകൂടത്തിന്റെ ക്ഷേമപദ്ധതികളൊന്നും ഇനിയും കരഗതമാകാത്തവർ. ഇവർക്ക് പ്രതീക്ഷകളില്ല. നിരാശകൾ മാത്രം. എന്നാൽ ഈ ദുർബലരുടെ നിരാശകളെ അഭിമുഖീകരിക്കുന്ന പൊതുസമൂഹത്തിന് മാത്രമേ ഇനിയുമൊരു പ്രതീക്ഷക്ക് വകയുള്ളുവെന്നതാണ് വാസ്തവം. ബദൽ പ്രതീക്ഷകളെന്ന് പറയുന്നത് കമ്പോളത്തിന്റെ മോഹന വാഗ്ദാനങ്ങളല്ലന്നും മറിച്ച്, ദുർബലരുടെ നിരാശകളെ ആശ്ലേഷിക്കുന്നതാണെന്നും പറഞ്ഞത് Miguel De La Torre യാണ് (Embrasing Hopelessness).

ഉയർന്ന തൊഴിലും ഉയർന്ന ശമ്പളവും ആഡംബര ജീവിതവും നൽകി അനുഗ്രഹിക്കുന്ന ദൈവമുണ്ടെന്ന് സമൃദ്ധിയുടെ സുവിശേഷകർ പ്രസംഗിച്ചിരുന്നു. അതിന് മറുവശമെന്നത് താഴ്ന്ന ശമ്പളവും താഴ്ന്ന ജീവിതശൈലിയും ദൈവശാപമാണെന്നാണോ? കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഇത്തരം സുവിശേഷപ്രചാരണങ്ങളെ എങ്ങനെയാണ് നാം കാണുന്നത്? ദാരിദ്ര്യം ദൈവശാപമല്ല. മനുഷ്യന്റെ അസന്തുലിതമായ ജീവിതശൈലിയാണതിന് കാരണം. മാത്രമല്ല, ദരിദ്രരുടെയും ബലഹീനരുടെയും ദുർബലരുടെയും പക്ഷത്താണ് വേദപുസ്തകത്തിലെ ദൈവം നിലയുറപ്പിക്കുന്നത്. അവരുടെ ദൈന്യതയിലെ പങ്കെടുപ്പിലാണ് പുതിയ ലോകം സാധ്യമാകുന്നത്. പറഞ്ഞുവരുന്നത് വേദപുസ്തകം സാക്ഷിക്കുന്ന ദൈവം ബദൽ പ്രതീക്ഷയുടെ ദൈവമാണെന്നാണ്. ദുർബലരുടെ പ്രതീക്ഷയുടെ ദൈവമാണ് എന്നാണ്. ദുർബലരുടെ പ്രതീക്ഷകളിലൂടെയാണ് പ്രസ്തുത ദൈവം പ്രവർത്തന നിരതമാകുന്നത്. കമ്പോളവും കോർപ്പറേറ്റ് സംസ്കാരവും മുന്നോട്ട് വച്ച പ്രതീക്ഷകൾക്ക് വിരുദ്ധമായ ബദൽ പ്രതീക്ഷകൾ ദുർബലരുടെ അതിജീവന പ്രക്രിയകളിൽ കണ്ടെത്താനുള്ള ആഹ്വാനമാണിവിടെ നാം കാണുന്നത്.

### മോശയും ബദൽ പ്രതീക്ഷകളും

മോശയുടെ ജീവിതത്തിലുണ്ടാകുന്ന ഏറ്റവും വലിയ

വഴിത്തിരിവ് ഫറവോന്റെ കൊട്ടാരത്തിലെ ആധിപത്യ സമ്പദ്ഘടന അടിമകളുടെ അദ്ധ്വാനത്തിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നതെന്ന തിരിച്ചറിവാണ്. അത് ഈജിപ്ഷ്യൻ അടിമവ്യാപാരിയെ കൊലചെയ്യുന്നതിലാണവസാനിക്കുന്നതെങ്കിലും ആ പ്രക്രിയ യിസ്രായേലിന്റെ അടിമകളുടെ സ്വാതന്ത്ര്യത്തിന് കാരണമായിയെന്ന് വേദപുസ്തകം ന്യായീകരിക്കുന്നില്ല. സമ്പദ്ഘടനയുടെ ആനുകൂല്യം പറ്റുന്ന മധ്യവർഗ്ഗത്തിന് സാധാരണക്കാരുടെ യഥാർത്ഥ ദുരിതം അറിയണമെന്നില്ല. അതുകൊണ്ടാണ് ഈ കോവിഡ് കാലത്തെ ദുർബലരുടെ അതിജീവനത്തിന്റെ ചിത്രങ്ങൾ മധ്യവർഗ്ഗത്തെ തെല്ലും അലോസരപ്പെടുത്താത്തത്.

ദുർബലരുടെ നിലവിളി കേൾക്കുന്ന ദൈവം കൂടെ ചേരുന്നതോടെ മോശയുടെ പ്രതികരണം കൂടുതൽ ക്രിയാത്മകമാകുന്നു. ഫറവോന്റെ ആധിപത്യ സമ്പദ്ഘടനയുടെ ഓരോ വ്യവഹാരങ്ങളും ഒന്നൊന്നായി അഴിച്ചെടുത്തുകൊണ്ടാണ് അടിമകളുടെ വിമോചനം മോശ സാധ്യമാക്കുന്നത്. ആധിപത്യ സമ്പദ്ഘടനയുടെ സൂക്ഷ്മ വ്യവഹാരങ്ങളെ പ്രതിരോധിക്കാതെ ഈ കാലത്തും 'ന്യൂനോർമൽ' സമൂഹം സാധ്യമാവുകയില്ല. ദുർബലരുടെ പ്രതിസന്ധികളിലെ പങ്കെടുപ്പാണ് പ്രസ്തുത ബദൽ പ്രത്യാശക്കടിസ്ഥാനം എന്നു സാരം.

### യേശുവും ക്രൂശിതരുടെ പ്രതീക്ഷകളും

'ദാസവേഷമെടുത്ത ക്രിസ്തു' (ഫിലി. 2:6–8) ക്രിസ്തു വിജ്ഞാനീയത്തിലെ സുപ്രധാന ഏടാണ്. റോമൻ സാമ്രാജ്യത്തിലെ തൊഴിലെടുത്ത് ജീവിക്കുന്ന ഒരു കുടുംബത്തിലെ അംഗമായിട്ടാണ് യേശു തിരുവതാരം ചെയ്തത്. റോമൻ സാമ്രാജ്യത്തിലെ ചൂഷണ തൊഴിൽ വ്യവസ്ഥകൾക്കുള്ളിലാണ് ജോസഫും മകനും പണിയെടുത്തിരുന്നത്. ചൂഷിതരോടൊപ്പം ഐക്യദാർഢ്യം പ്രഖ്യാപിച്ചതിനാണ് ഭരണകൂടം യേശുവിനെ കുരിശിലേറ്റിയത്. അക്കാലത്തെ ദുർബലർ അവനിൽ ബദൽ പ്രതീക്ഷകൾ രൂപപ്പെടുത്തിയിരുന്നു. അവന്റെ ദൈവരാജ്യപ്രഘോഷണം കപട പ്രതീക്ഷയുടെ വാദ്ഗാനമായിരുന്നില്ല. മറിച്ച്, അക്കാലത്ത് യേശുവിന്റെ പ്രസ്ഥാനം ആ പ്രതീക്ഷ അനുഭവിച്ചാണ് ജീവിച്ചത്. ബദൽ സമ്പദ്ഘടനയുടെ ആവിഷ്ക്കാരത്തിലൂടെയാണ് യേശുപ്രസ്ഥാനം പുതിയ പ്രതീക്ഷകൾ ആ ആധിപത്യകാലത്ത് യാഥാർത്ഥ്യമാക്കിയത്. വാസ്തവത്തിൽ യേശു ദുർബലരുടെ നിരാശകളെ ആശ്ലേഷിക്കുകയും അത് വരാനിരിക്കുന്ന സമൂഹത്തിന്റെ ബദൽ പ്രതീക്ഷയാക്കിമാറ്റുകയുമാണ് ചെയ്തത്.

അടിമവേഷമെടുത്ത ക്രിസ്തുവിന്റെ ശൈലി ഈ കോവിഡ് കാലത്ത് ക്രൈസ്തവ സഭകൾക്ക് വെല്ലുവിളിയാണ്. ആധിപത്യക്രമങ്ങളും സമ്പന്നതയുടെ ദൈവശാസ്ത്ര ന്യായീകരണവും ദരിദ്രരെ ചാരിറ്റിയുടെ ഉല്പന്നങ്ങളായിക്കാണുന്നതും ക്രിസ്തുശൈലിക്ക് വിരുദ്ധമാണ്. ദുർബലരുടെ നിരാശകളെ ആശ്ലേഷിച്ച് കുരിശിലേറിയ ക്രിസ്തു ദൈന്യതയുടെ ജീവിതാനുഭവങ്ങളിലേക്ക് തീർത്ഥാടനം ചെയ്യുവാൻ ക്രൈസ്തവ സമൂഹങ്ങളെ ആഹ്വാനം ചെയ്യുന്നു.

### ഉപസംഹാരം

ബദൽ പ്രതീക്ഷകൾ ചിറക് വിടർത്തുന്നത് ദുർബലരുടെ നിരാശകളിലാണ്. അല്ലാതെ മധ്യവർഗ്ഗത്തിന്റെ മോഹഭംഗങ്ങളിലല്ല. കാരണം കപട പ്രതീക്ഷകളുടെ യഥാർത്ഥ പൊളിച്ചെഴുത്ത് ചെയ്യുന്നത് അവരാണ്. നിയോലിറലിസത്തിന്റെ കപട പ്രതീക്ഷകൾക്കപ്പുറം ബദൽ പ്രതീകൾ തെയ്തെടുക്കാൻ നമുക്ക് ചുറ്റമുള്ള ദൂർബലരുടെ നിരാശകളിലേക്ക് ശ്രദ്ധ തിരിക്കാം. അവരുടെ കണ്ണുനീരുകളിലാണ് പുതിയ ലോകത്തിന്റെ വെള്ളിവെളിച്ചം പ്രതിഫലിക്കുന്നത്. ബദൽ സമ്പദ്ഘടനയുടെ പുനരാവിഷ്ക്കാരങ്ങൾ പ്രാദേശികമായും ദേശാതീതമായും സംഭവിക്കുമ്പോഴാണ് 'ന്യൂ നോർമൽ' ലോകം പിറക്കുക. ഈ കോവിഡ് കാലത്ത് മേശയും യേശുവും ക്രൈസ്തവ സഭകളെ പഠിപ്പിക്കുന്നതും അതു തന്നെയാണ്.

(Hoping against Hope: Dealing with Hopelessness in Ancient Times and Today എന്ന ലേഖനത്തിന്റെ സംക്ഷിപ്തരൂപം.

Courtesy: j.rieger@vanderbilt.edu


## WANTED

Applications are invited from Marthomite candidates for the post of Junior Assistant in the office of Malabar Mar Thoma Syrian Christian Evangelistic Association, Thiruvalla as specified below:

**Junior Assistant:**

One permanent vacancy (12060-300-13260-340-14620-380-16140-420-17820-460-20120-500-20620)
Qualification: Any bachelors degree with adequate proficiency in English, Computer knowledge and experience in Malayalam & English DTP.

Age: Below 35 years


Candidate with the above qualification and age limit may submit their applications along with copies of original caertificates and testimonials from the respective Vicars so as to reach the General Secretary, Malabar Mar Thoma Syrian Christian Evangelistic Association, Thiruvalla - 689101 on or before 31.10.2020 at 4 pm or by email mteatvlaappln@gmail.com.

General Secretary




# INDIAN FAMILIES UNDER COVID-19 PANDEMIC: UNSEEN TRUTHS, UNHEARD PAINS, SILENT CRIES

**Dr. Joseph George**
Professor, Dean, Division of Doctoral Studies, United Theological College, Bangalore



In the current Covid 19 context, families and communities living in close proximity encountered many different challenges in various parts of the world. There are varying views how covid-19 linked lockdown and forced live-in situations of the family members. Many advocate that these are good times for the families to spend quality time and strengthen family relationships while there are others who think that this situation increase stress in families.

What is happening in Indian families is summarized from a Manual published by NIHMANS (April, 2020) with reference to Covid-19 management. Restrictions on work and earnings, regulations on going out of the house, regulations on small and large gatherings, worship places are closed for months, anxiety about food and medicine, uncertainty about unfinished school and college final examinations, never ending anxiety about reopening of educational institutions for the next academic year, extreme anxiety and helplessness among the seventh class kids when one talks about online classes, fear about going to meet the regular doctor for follow-up checkups, caring for the elderly needing assistance, professional care for the mentally ill, managing the household chores as the domestic help is not permitted, and many confusing bible studies and sermons on social media. This deals with the mental, emotional, and physical wellbeing of children, adolescents, adults, senior citizens, and all needing special attention. Certainly, there are plenty of reasons for feeling anxious and worrisome about the future.

The Regulations and Standard Operating Procedures (SOPs) Covid-19 control during the lockdown and various unlock phases enforced strict control on the families and the community at large. Faith communities in India, including the Church, are forced to bear the cost of Covid-19 with almost all normal activities are disrupted. What is known as the 'normal' was disrupted and many scheduled activities had to be cancelled. Religious and cultural gatherings were banned. Social and family get-togethers were not permitted. Celebrations were banned. Participants in Engagements and wedding ceremonies were very limited, even now. Death related rites and religious services were not allowed in the initial phase, but later with only 20 members in the funeral services. When the normal got suspended without a warning everyone felt life displaced, disrupted and disturbed.

Further, it is disturbing that the families who lost the dear ones did not have the space and time to experience the familiar mourning process; the process of accompaniment during crisis disrupted; to sit with friends and the community to share their pain; extended family members are not in a position to visit them; the members of the faith community was not allowed to listen to their pain; missing comforting words and actions on such occasions; and offering prayers with the bereaved family was impossible as people-to-people contact was restricted by the lockdown. This would mean space for sharing their loss, pain, helplessness and seeking comfort was temporarily suspended which hampers mental and emotional healing process as well as spiritual.

The media reports regarding the burials of persons

with Covid-19 disease across the globe is saddening and frightening. Mortuaries and funeral homes were to the full capacity and beyond their management. The Indian communities also encountered dilemmas and controversies about the last rites of those died. On many such occasions a honorable last rite was not allowed. Families remember disposing the body by following the protocol but without any respect for that person lived. I concur with Jucier Goncalves Junior and Leite Rolim Neto that these dead ones were deprived of their respect and their families were robbed of their right to say good by to the dear ones (Silent Cries, Intensify the pain of the Life that is ending;... frontiersin.org)

**Families Stranded during the Lockdown:**

The Indian community has heard the plight and suffering of the migrants as well as their families who were walking on their way back to their native places due to the shutdown and facing hunger as there is no work. Millions of migrant families were on the road as there was no place to stay. Thousands of families in India lived in anxiety and worry without knowing when one of their family members employed abroad can return home. The government of India and the State governments helped in a big way to make their return home possible. The waiting period for the migrants in India or abroad without basic necessities has been really painful periods. The worst painful part of the scene is waiting for the food packet to arrive to satisfy hunger each time.

Millions of families across India had to spent months in waiting till a family member employed in another State in India returned home. Students in College education were the worst affected group as they had to wait more than two months for a travel booking by train or flight. A few of the students from North East India stranded in Bangalore had faced cancellation of their special trains or flight several times. This waiting process increased their uncertainty and anxiety making them feel helpless. Their families on the other side even more worried about their children returned home safe. Of course, expect them reach home without coronavirus infected. Further, a research study by Yourdosth, a professional counselling platform, reveals that during the lockdown and Unlock 1.0 College students experienced higher level of loneliness, anxiety, anger, and hopelessness ("College Students' Mental Health Worst Hit by the Coronavirus-induced Lockdown: A Study." The Economic Times, 29th August, 2020). Many factors are linked with this negative emotional process, viz., forced to go back home, final examinations were not held, process for the new academic year in uncertainty, loss of friends in the College, missing the activities in the College, mental and emotional disconnection with parents and other family members, and the loss of freedom with parents all around.

The media also reported families stranded in other cities that planned to get better medical help for a suffering member. The Hindu (April 25, 2020) reports hundreds of families from West Bengal stranded in Bangalore and finding extremely difficult to manage as they had to pay for the hotel accommodation, hard to find food service, local transportation unavailable, the hospitals of their choice partially shut down, and uncertain about when they can reach back home. Thousands of families across India seeking medical help from other cities had the similar experiences of being stranded during the lockdown. These experiences indicate the deeper level apprehension and worry of these stranded ones forced to feeling rejected, isolated, and helpless about their life situation.

> **“Many families across India are terribly broken with many confusing explanations about God, world, illness, and healing. The worst of these is linking illness and death with wrong doing and God's punishment.**

During the lockdown families were forced to spend 24/7 within the four walls. It is true that functional families could create this as an opportunity for strengthening family with additional quality time. However, families with 8 adult members within a two bedroom space were a big challenge and a series of issues have propped up for mental health professionals to deal with. There are reports and academic papers published about increasing mental and emotional stress that such families encountered. These situations also report demoralizing and dehumanizing impact on children, women, and other vulnerable groups.

All the countries affected with the virus report the following, as per the WHO report: physical abuse of children on the increase; sexual abuse and assault of children and teenagers on the increase; teenage pregnancies increased; domestic violence on the increase; spousal separation on the increase; sexual violence in the family on the rise; deteriorating mental health of senior citizens, and single parents. Maternity and childcare system collapsed; the local clinics were forced close for service; socially and economically disadvantaged communities lost their health care system; men and women and children living in the streets had to suffer more in many ways.

**Broken Spirit, Spiritual Bankruptcy during the Pandemic:**

Questions without answers:

A mother who lost her two years old son to Covid asks, 'where is God? She and her husband waited for years with intensive fertility treatment to get this child. She sobs and laments, asking God, what she did wrong" Her Spirit is broken.

A mother of two children, working in one of the Gulf countries, lost to Covid-19 and the family members were not in the funeral. Her body was disposed without showing much respect and dignity. Family members asks, why God? The 10 and 8 years old kids had no chance of seeing the funeral live, expect a few photos. Their spirits are broken.

A doctor serving to save lives lost to Covid and he was not given a respectable funeral. The members of his family are shattered and their spirits broken.

Spiritual bankruptcy is visible when lay and community leaders try to explain God in different ways. Some think that they need to give an answer to their agony. In this process they create theologies that are not for healing and health but further breaking the spirit of these broken ones.

Where is God is an oft-heard question during this suffering time which is an indication of the depth of the affliction.

In the midst of such massive death and destruction many legitimate and reasonable questions, but without instant answers. Some leaders in all faith communities try to provide with instant answers to these tough questions, but end up in un-theological explanations. For example, some try to explain that all these happenings are due to the wrath of God on the wickedness of people. And initially some pastors even attempted to advertise their gift of healing and miracle cure for Covid-19. What else one need to drift away from God and faith when such fake leaders with false promises in suffering time? Many families across India are terribly broken with many confusing explanations about God, world, illness, and healing. The worst of these is linking illness and death with wrong doing and God's punishment.

In the midst of such pandemic encounters there may be many disturbing questions that bother and bewilder. At times others ask us these tough questions. Many kinds of questions, some have answers, but some do not have answers. Questions that link us with the root of our existence! These questions are about covid-19 disease, symptoms of the disease, why medicine failed, questions about death, purpose and meaning of life and death, and questions even about God. Theologies and spiritual talks need to be focused on understanding God from a larger theological framework which is helpful for building up lives.


**Ministry during Covid-19: Restoring Broken Lives and Families**

The church and faith communities had been engaged with the suffering communities through their helping actions. The steps taken by the church and other communities in prevention of the coronavirus is almost exemplary. The faith communities cooperated fully with the government and non-government agencies. Providing accommodation and food for the stranded communities is a noble effort. This is the first phase of the ministries during a pandemic – the rescue and recovery is done.

The next phase is providing psychosocial and spiritual support to help the broken persons and families to restoration, healing, and wellbeing. In this context one may explore insights and directions from psychological theories and counselling practice. Space and time for sharing the pain and agonies in a non-threatening environment help with inner healing and restoration. This process must include a phase in which the suffering ones deal with their loss and pain in-depth and able to accept the loss and resolve to move forward.

Junior and Neto suggest the grieving and restoration theory of Elizabeth Kubler-Ross for helping persons and families suffering with loss and pain under covid-19. The five-step process suggested by Kubler-Ross is give space and time for the suffering ones to deal with their loss and pain. The steps are denial, anger, bargaining, depression, and finally the stage of acceptance with the resolve to move forward (Silent Cries, Intensify the Pain.....frontersin.org). Rituals of accompaniment in crisis and grief is non-negotiable viewing from a therapeutic perspective. Within the structures of the new norm how these ritual processes would be practiced is a major challenge. Face-to-face interactions versus virtual process are in discussion at the moment.

The abundant life that Jesus ushered is life in its fullness. This is the urgency of mission and ministry of the church today to restore the broken ones to mental, physical, emotional, social, and spiritual wellbeing.



ഓർമ്മയുടെ തീരങ്ങളിൽ

# മദ്രാസ് ഇടവകയിലേക്ക്


■ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

ഉപരി വിദ്യാഭ്യാസത്തിനു ശേഷം മടങ്ങിയെത്തിയ എനിക്ക് ആദ്യമായി നിയോഗം ലഭിച്ചത് മദ്രാസ് ചെട്പട്ട ഇടവക വികാരിയായിട്ടായിരുന്നു. അതോടൊപ്പം താംബരം, വെല്ലൂർ, തിരുച്ചിറപ്പള്ളി, പുതുശ്ശേരി, അഡയാർ, അണ്ണാനഗർ, നെയ്‌വേലി (Neyveli) എന്നീ ഇടവകകളുടെ ചുമതലയും ഉണ്ടായിരുന്നു. വളർന്നുവരുന്ന ഒരു ഇടവകയായിരുന്നു ചെട്പട്ട് ഇടവക. സഹവികാരിയായി റവ. ജോസഫ് എം. ജോസഫ് അച്ചനുണ്ടായിരുന്നു. ഞങ്ങൾ ഇരുവരും കൂടിച്ചേർന്നായിരുന്നു ഭവനസന്ദർശനങ്ങളും ഇടവകയിലെ മറ്റു ശുശ്രൂഷകളും ക്രമീകരിച്ചിരുന്നത്. പ്രോഗ്രാം ഞങ്ങൾ വിഭജിച്ച് ശുശ്രൂഷയുടെ എല്ലാ മേഖലകളിലും പരമാവധി എത്തിച്ചേരുവാൻ ശ്രമിക്കുമായിരുന്നു. മദ്രാസ് താംബരം ഇടവക വളരെ വിസ്തൃതമായ ഇടവകയായിരുന്നു. ആവഡി, അഡയാർ മുതലായ പ്രദേശങ്ങളിലേക്ക് വ്യാപിച്ചുകിടന്നിരുന്ന ഇടവകയായിരുന്നു ഇത്. തോണ്ടിയാർപെട്ട്, ആവഡി, അഡയാർ, ചിന്നപ്പെട്ട് മുതലായ ഇടങ്ങളിൽ പുതിയ ഇടവകകൾ രൂപപ്പെടാൻ പിന്നീട് ഇടയായിത്തീരുകയും ചെയ്തു.

വിദ്യാഭ്യാസപരമായ കാര്യങ്ങൾക്ക് മുൻതൂക്കം നൽകി പ്രവർത്തിക്കുന്ന പല ഇടവകാംഗങ്ങളുമുള്ള ഇടവകയായിരുന്നു ഇത്. വിദ്യാഭ്യാസമേഖലയിലെ അവരുടെ പ്രവർത്തനങ്ങൾക്ക് വേണ്ട പ്രോത്സാഹനം നൽകുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. തൽഫലമായി മദ്രാസിൽ ചാർജ്ജെടുത്ത വർഷം തന്നെ നാലു വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു പ്രോത്സാഹനം നൽകുകയും ചെയ്തു. നാലുപേരാണ് വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുവാൻ താൽപര്യപ്പെട്ട് ആ കാലഘട്ടത്തിൽ കടന്നുവന്നത്. ഒന്ന്, ആറാട്ടുപുഴ സ്വദേശിയായ യശ:ശരീരനായ ശ്രീ. കെ.സി. ഗീവർഗീസ്. രണ്ട്, ശാസ്താംകോട്ട സ്വദേശിയും വൈ.എം.സി.എ. ദീർഘകാല പ്രവർത്തകനായി ബാംഗ്ലൂരിൽ താമസിച്ചിരുന്ന യശ:ശരീരനായ ശ്രീ. എൻ. ജോർജ്ജ്. മൂന്ന്, എടത്വ സ്വദേശിയും എം.ആർ.എഫ്.ലെ പ്രമുഖ പ്രവർത്തകനായിരുന്ന യശ:ശരീരനായ ശ്രീ. സി.എം. മാത്യു. നാല്, യശ:ശരീരനായ ശ്രീ. സി. ചെറിയാൻ. അവർ ആരംഭിച്ച വിദ്യാഭ്യാസസ്ഥാപനങ്ങൾ ആ മേഖലയിൽ പ്രകാശഗോപുരങ്ങളായിത്തന്നെ പ്രശോഭിച്ചു. അവർ നാലുപേരും കർത്തൃസന്നിധിയിലേക്ക് കടന്നുപോയി. അവരുടെ കാലശേഷം ഈ സ്ഥാപനങ്ങൾക്ക് ആര് നേതൃത്വം നൽകും എന്നത് ഒരു ആശങ്ക തന്നെയായിരുന്നു. എന്നാൽ തങ്ങളുടെ ഭർത്താക്കന്മാരുടെ കാലശേഷം അവരുടെ സ്ഥാപനങ്ങളുടെ നേതൃസ്ഥാനം സഹധർമ്മിണിമാർ ഏറ്റെടുക്കുകയും ദൈവം അവരെയെല്ലാം ശക്തീകരിച്ച് സ്ഥാപനങ്ങളെ അനുഗ്രഹമാക്കി നിലനിർത്തുകയും ചെയ്തു. ആദ്യത്തെ സ്ഥാപനം എഞ്ചിനീയറിംഗ് മേഖലയിൽ ആരംഭിക്കുകയും ആ മേഖലയിൽ വളർന്നുവരികയും ചെയ്തു. ഇന്ത്യയിൽ ആദ്യമായി പ്രൈവറ്റ് മേഖലയിൽ എഷ്യാറ്റിക് എന്ന പേരിൽ എഞ്ചിനീയറിംഗ് കോളേജ് ഉദ്ഘാടനം ചെയ്യുന്നതിനും പ്രവർത്തനം ആരംഭിക്കുന്നതിനും ഇടയായി. പിൽക്കാലത്ത് ആ മേഖലയിൽ നിന്നും ശ്രദ്ധ തിരിച്ച് ഹിന്ദുസ്ഥാൻ യൂണിവേഴ്സിറ്റി എന്ന പേരിൽ ഒരു പ്രൈവറ്റ് യൂണിവേഴ്സിറ്റി ആരംഭിച്ചു. ശ്രീ. കെ.സി.ജി. വർഗ്ഗീസിന്റെ സഹധർമ്മിണി എലിസബത്ത് അത്രേ അവിടെ നേതൃത്വം നൽകിയത്. ശ്രീ. എൻ. ജോർജ്ജ് സ്കൂൾ വിദ്യാഭ്യാസരംഗത്താണ് ശ്രദ്ധിച്ചത്. സീതപേട്ടിലുള്ള ആ സ്ഥാപനം ആ മേഖലയ്ക്ക് അറിവിന്റെ വെളിച്ചം തൂകി നിൽക്കുന്നു. മൂന്നാമത്തേത് മദ്രാസ് ഗവണ്മെന്റിന്റെ സിലബസനുസരിച്ച് പ്രവർത്തിക്കുന്ന ജേഡിയാർപെട്ടിലുള്ള സ്കൂളായിരുന്നു. ശ്രീ. സി.എം. മാത്യുവാണ് ഈ സ്കൂളിന് ആരംഭം കുറിച്ചത്. നാലാമത്തെ വിദ്യാഭ്യാസസ്ഥാപനം ശ്രീ. സി. ചെറിയാൻ ആരംഭിച്ചതായിരുന്നു. ബാംഗ്ലൂർ ഹോസ്കോട്ട് മേഖലയിൽ കൃഷ്ണരാജ്പുരത്ത് ഇന്ന് ശ്രീ. ചെറിയാന്റെ സഹധർമ്മിണിയുടെയും മകന്റെയും നേതൃത്വത്തിൽ പ്രശസ്തമായ നിലയിൽ സെന്റ് തോമസ് സ്കൂൾ പ്രവർത്തിച്ചുവരുന്നു. ഈ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയെല്ലാം വളർച്ചയുടെ ഘട്ടങ്ങളിൽ ആലോചനയാലും പിന്തുണ നൽകുവാനും പ്രോത്സാഹനം നൽകുവാനും പ്രതിസന്ധിഘട്ടങ്ങളിൽ പ്രാർത്ഥനയുടെ പിൻബലം നൽകി ധൈര്യപ്പെടുത്തുവാനും ഇടയായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. അതോടൊപ്പം തന്നെ ഹോസ്കോട്ടുള്ള നമ്മുടെ ആശ്രമത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഹൃദയപൂർവ്വം നേതൃത്വം നൽകുവാനും ഇടയായതോർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ആവഡി ഇടവകയുടെ രൂപീകരണത്തിന് നേതൃത്വം നൽകുവാൻ ഇടയായി. മദ്രാസ് ഇടവകയുമായി ബന്ധപ്പെട്ടു കിടന്നിരുന്ന ചെറിയ ഇടവകകളിൽ പ്രാർത്ഥനായോഗങ്ങൾ രൂപപ്പെടുത്തുന്നതിനു സാധിച്ചു. മദ്രാസിലെ ശുശ്രൂഷയ്ക്കു ശേഷം നിയോഗം ലഭിച്ചത് കുണ്ടറ ശാലേം മാർത്തോമ്മാ ഇടവകയിലേക്കായിരുന്നു. ഇടവക വികാരി എന്ന ശുശ്രൂഷയോടൊപ്പം ഇടവകയുടെ ആഭിമുഖ്യത്തിലുള്ള ഏഴു സ്കൂളുകളുടെ ചുമതലയും ഉണ്ടായിരുന്നു. യശ:ശരീരനായ കുണ്ടറ അച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രഗത്ഭനായ ദിവ്യശ്രീ. വി.ഐ. ഫിലിപ്പോസ് കശ്ശീശയുടെ നേതൃത്വത്തിലുള്ള ഏഴു സ്കൂളുകളായിരുന്നു അവ. മാർത്തോമ്മാ സഭയുടെ തെക്കൻ മേഖലകളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുവേണ്ടി മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം കമ്പനി നിയമപ്രകാരം അതേ കാലഘട്ടത്തിൽ തന്നെ അച്ചന്റെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്തായിരുന്നു പ്രവർത്തനം ആരംഭിച്ചത്. സൊസൈറ്റിയിലെ അംഗങ്ങൾ കുണ്ടറ ശാലേം മാർത്തോമ്മാ ഇടവകയുടെ ഇടവക സംഘാംഗങ്ങൾ ആയിരുന്നു. ആദരണീയരായ റവ. വി.എം. മാത്തൻ അച്ചൻ, റവ. എം.സി. മാണി അച്ചൻ എന്നിവർ കുണ്ടറ അച്ചന്റെ കാലശേഷം അവിടെ ഇടവക വികാരിമാരായിരുന്ന അനുഗൃഹീതമായ ശുശ്രൂഷകൾ നിർവ്വഹിക്കുകയുണ്ടായി. അപ്പോൾ ഈ സ്കൂളുകളുടെ ചുമതല അവർ നിർവ്വഹിക്കുകയും ഈ സ്കൂളുകൾക്ക് ഒരു ഭരണഘടന ഉണ്ടാക്കുന്നതിനുള്ള ശ്രമകരമായ ദൗത്യത്തിൽ ഏർപ്പെടുകയും ചെയ്തു. ആ ദൗത്യനിർവ്വഹണം പൂർത്തീകരിക്കണമെന്ന് അഭിവന്ദ്യ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി എന്നെ കുണ്ടറയിലേക്ക് വികാരിയായി നിയോഗിക്കുമ്പോൾ തന്നെ പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ദൈവത്തിന്റെ വലിയ കൃപയാലും ഇടവകജനങ്ങളുടെ നല്ല സഹകരണത്താലും ഒരു നല്ല ഭരണഘടന രൂപപ്പെടുത്തുവാൻ ഇടയായത് ഏറെ സന്തോഷത്തോടുകൂടി ഓർക്കുന്നു. ഭരണഘടന ഏകാഭിപ്രായമായി പാസ്സാക്കിയെടുക്കുന്നതിനു ലഭിച്ച ദൈവകൃപയ്ക്കായി സ്തോത്രം. പക്ഷേ, ഞാൻ ആദ്യമായി കോടതി കയറിയത് ആ ശ്രമത്തിന്റെ മധ്യത്തിലായിരുന്നു എന്നതും പ്രസ്താവ്യമാണ്. എന്നാൽ ഏകാഭിപ്രായ പ്രകാരം ഭരണഘടന പാസ്സാക്കുവാൻ കുണ്ടറ ഇടവക നൽകിയ സഹകരണം കൃതജ്ഞതയോടെ സ്മരിക്കുന്നു. ദൈവകൃപ ഒന്നുകൊണ്ടുമാത്രമാണ് ഈ ശ്രമം വിജയിച്ചത് എന്ന് നിസ്സംശയം പറയാൻ കഴിയും. അനേകരുടെ പ്രാർത്ഥനയുടെ പിന്തുണ ഇക്കാര്യത്തിൽ ഉണ്ടായിരുന്നതുകൊണ്ടാണ് ആ ദൗത്യത്തിൽ പതറാതെ മുന്നോട്ടുപോകുവാൻ എനിക്കു ശക്തി ലഭിച്ചത് എന്നു പറയുന്നതിൽ വളരെ സന്തോഷമുണ്ട്. 3 വർഷം അവിടെ ശുശ്രൂഷ ചെയ്തതിനു ശേഷം തിരുവനന്തപുരം ഇടവകയിലേക്ക് സ്ഥലംമാറ്റം ലഭിച്ചു. ദീർഘനാളുകളായി തിരുവനന്തപുരം ഇടവക അനേകം ചാപ്പലുകളോടുകൂടി പ്രവർത്തിച്ചുവരികയായിരുന്നു. ചാപ്പലുകളെല്ലാം സ്വതന്ത്ര ഇടവകകളായി പ്രഖ്യാപിക്കുന്നതിനുള്ള ആലോചനകൾ ഭദ്രാസന എപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരുന്ന സമയമായിരുന്നു അത്. ശംഖുമുഖം മുതൽ വിതുര വരെ വിസ്തൃതമായി കിടക്കുന്ന ഒരു ഇടവകയായിരുന്നു തിരുവനന്തപുരം ഇടവക. സ്വതന്ത്ര ഇടവകകൾ രൂപീകരിക്കുന്ന പ്രക്രിയയിൽ അനേകം അനേകം കമ്മിറ്റികൾ പല പ്രാവശ്യം കൂടുവാൻ ഇടയായത് പ്രത്യേകം ഓർക്കുന്നു. എന്നാൽ ഒരു തീരുമാനത്തിലെത്താൻ കമ്മറ്റികൾക്ക് സാധ്യമായില്ല. 1974 ഡിസംബർ 31-ാം തീയതി ആ ഇടവകയിൽ നിന്നും എന്നെ വിടർത്തി കൽപന ലഭിച്ചു. എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടതിനാലായിരുന്നു അപ്രകാരം വിടർത്തിയത്. എന്നാൽ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് പ്രവേശിച്ചതിനു ശേഷം എനിക്കു നിയോഗം ലഭിച്ചത് തിരുവനന്തപുരം-കൊല്ലം ഭദ്രാസനത്തിലേക്കു തന്നെയായിരുന്നു. അവിടെ അഞ്ചര വർഷക്കാലം ഭദ്രാസന എപ്പിസ്കോപ്പായായി ശുശ്രൂഷ ചെയ്യുമ്പോൾ തിരുവനന്തപുരം ഇടവകയിലെ ചാപ്പലുകളെ സ്വതന്ത്ര ഇടവകകളായി രൂപപ്പെടുത്തുവാൻ ദൈവകൃപയാൽ സാധ്യമായി. തിരുവനന്തപുരം പാറ്റൂർ, പരുത്തിപ്പാറ ഇമ്മാനുവേൽ, നന്ദൻകോട് യെരുശലേം, വഴുതക്കാട് ശാലേം, പേരൂർക്കട എബനേസർ, മെഡിക്കൽ കോളേജ് ട്രിനിറ്റി, വിതുര എന്നീ ഏഴു ഇടവകകൾ അങ്ങനെയാണ് രൂപീകൃതമായത്. അങ്ങനെ പാറ്റൂർ ഇടവകയെ ഏഴു സ്വതന്ത്ര ഇടവകകളായി വിഭജിച്ചു. ആ ഇടവകാതിർത്തിയിൽ പ്രവർത്തിച്ചിരുന്ന ആനയറ, ശ്രീകാര്യം ആദിയായ ചെറിയ ഇടവകകൾ സുവിശേഷ പ്രസംഗസംഘത്തിന്റെ കീഴിലുള്ള ചാപ്പലുകളായും മിഷൻഫീൽഡുകളായും രൂപപ്പെട്ടു. അന്നത്തെ വിഭജനവും തുടർക്രമീകരണങ്ങളും ആ ഇടവകകളുടെ എല്ലാം അനുഗൃഹീതമായ വളർച്ചയ്ക്കും സമഗ്രമായ പുരോഗതിക്കും ഇടയായി എന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഈ കാലയളവിൽ ആ ഭദ്രാസനത്തിൽ ശ്രദ്ധേയമായ ചില പ്രസ്ഥാനങ്ങൾ ആരംഭിക്കുവാൻ ഇടയായതോർത്തും ദൈവത്തെ സ്തുതിക്കുന്നു. എല്ലാം ദൈവത്തിന്റെ വലിയ കൃപ. വിളിച്ചവൻ വിശ്വസ്തൻ. ദൈവത്തിനു സ്തോത്രം.

# ഡോ.യൂഹാനോൻ മാർത്തോമ്മാ: ജീവിതശൈലിയും വിശ്വാസപരമായ നിലപാടുകളും



■ റവ. ഡോ. മാത്യു ഡാനിയൽ
(സെക്രട്ടറി, സി.എസ്.എസ്. തിരുവല്ല)

*തിരുവനന്തപുരം ജെ.എം.എം. പഠനകേന്ദ്രം ക്രമീകരിച്ച വെബിനാറിൽ ചെയ്ത പ്രഭാഷണം (ഭാഗം – 2)*

### വിശ്വാസപരമായ നിലപാടുകൾ

ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ വിശ്വാസസമീപനങ്ങൾ മെനയപ്പെട്ട കാലഘട്ടം നമ്മുടെ ഓർമ്മയിലുണ്ടാവണം. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധവും ഉത്തരാർദ്ധത്തിന്റെ ആദ്യപകുതിയുമാണല്ലോ, തിരുമേനിയുടെ കാലഘട്ടം. ദൈവശാസ്ത്രമേഖലയിൽ ഒട്ടേറെ നൂതനചിന്താധാരകൾ രൂപംകൊണ്ട കാലമാണത്. ബൈബിൾ വിജ്ഞാനീയത്തിൽ തന്നെ പുതിയ കണ്ടെത്തലുകളും കാഴ്ചപ്പാടുകളും പ്രാബല്യം നേടി. ബൈബിൾ പ്രസിദ്ധമായ ഭൂപ്രദേശങ്ങളിൽ നടന്ന ഗവേഷണപഠനങ്ങൾ പുതുവിജ്ഞാനം പ്രദാനം ചെയ്തു. ഒരുവശത്ത് ഗാന്ധിയൻ ദർശനവും മറുവശത്ത് സ്ഥിതിസമത്വത്തെ കുറിക്കുന്ന കമ്യൂണിസ്റ്റ് ദർശനവും രാഷ്ട്രീയരംഗത്തെ മാത്രമല്ല, ചിന്തയുടെ സമസ്തതലങ്ങളെയും ഇളക്കിമറിച്ചു. എക്യുമെനിക്കൽ പ്രസ്ഥാനം സഭാസങ്കല്പങ്ങൾക്കും ദൗത്യസങ്കല്പങ്ങൾക്കും നവമാനം നല്കി. ഇങ്ങനെ വ്യത്യസ്ത ചിന്താധാരകൾ ഉഴുതുമറിച്ച ഒരു കാലഘട്ടം, പാരമ്പര്യനിഷ്ഠവും നവീകരിക്കപ്പെട്ടതുമായ ഒരു സഭയുടെ അമരത്ത് നിലകൊണ്ട മെത്രാപ്പോലീത്തായുടെ വിശ്വാസനിലപാടുകളെ സ്വാധീനിക്കുക സ്വാഭാവികമാണ്.

പഴമയെ അപ്പാടെ സ്വീകരിക്കുവാനോ, പുതുമയെ അപ്പാടെ നിഷേധിക്കുവാനോ തിരുമേനിക്ക് കഴിയുമായിരുന്നില്ല. പഴമയുടെ തന്മയിൽ ഉറച്ചുനിന്നുകൊണ്ട് പുതുമയുടെ നന്മകളെ സ്വാംശീകരിക്കുവാനായിരുന്നു, മെത്രാപ്പോലീത്തായുടെ ശ്രമം. ഒരർത്ഥത്തിൽ യാഥാസ്ഥിതികനാണ്, ഒപ്പം ഉത്പതിഷ്ണുവുമാണ്. സൂക്ഷ്മവിശകലനത്തിൽ മാർത്തോമ്മാ സഭയുടെ സ്വത്വം തന്നെ ഈ സമന്വയത്തിൽ അധിഷ്ഠിതമാണ്.

### സദാ ഉണർന്നിരിക്കുന്ന മനസ്സ്

1976-ലാണ് തിരുമനസ്സുകൊണ്ട് ദിവംഗതനാകുന്നത്. വേദപുസ്തകത്തെപ്പറ്റി നൂതനമായ ചില കണ്ടെത്തലുകൾ അവതരിപ്പിക്കുന്ന *വേദപുസ്തകം ചരിത്രവെളിച്ചത്തിൽ* എന്ന പുസ്തകം തിരുമേനി രചിക്കുന്നത് 1975-ലാണ്. എൺപത്തിമൂന്നു വയസ്സ് പ്രായമുണ്ട്; ശാരീരികമായി ക്ഷീണിതൻ. ഡോ. വെർണർ കെല്ലർ രചിച്ച Bible as History എന്ന ബൃഹദ്ഗ്രന്ഥം തിരുമേനിയുടെ ശ്രദ്ധയിൽപ്പെടുന്നത് അക്കാലത്താണ്- ബൈബിളിലേക്ക് പുതിയ ഉൾക്കാഴ്ചകൾ നല്കുന്ന ഗ്രന്ഥം. തിരുമേനി എഴുതുന്നു: 'വേദപുസ്തകത്തെക്കുറിച്ച് എനിക്ക് ഒരു പുതിയ പ്രകാശം നല്കി; അത് വേദപുസ്തക വായനക്കാരുമായി പങ്കിടണമെന്ന വലിയ ആഗ്രഹമാണ് ഈ വയസ്സുകാലത്ത് എന്നെ ഇതിനു പ്രേരിപ്പിച്ചത്.'

എന്തിന്, മനുഷ്യാവകാശത്തിനുവേണ്ടി ഭാരതത്തിലെ ഒരു സഭാപിതാവിൽനിന്ന് ഉയർന്ന ഏകാന്തവും ധീരവുമായ സ്വരമായി ചരിത്രത്തിൽ ഇടം കണ്ടെത്തിയ അടിയന്തിരാവസ്ഥ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ പ്രധാനമന്ത്രിക്ക് അയച്ച കത്ത് എഴുതിയത്, കാലം ചെയ്യുന്നതിന് ഒരു മാസം മുമ്പ് മാത്രമാണെന്ന് ഓർമ്മിക്കുക- 1976 ആഗസ്റ്റ് 26-ന് (മെത്രാപ്പോലീത്താ കാലം ചെയ്യുന്നത് സെപ്റ്റംബർ 27-ന്). ഇങ്ങനെ നോക്കുമ്പോൾ ബോധ്യമാവും, സദാ ഉണർന്നിരിക്കുന്ന ഒരു മനസ്സ് തിരുമേനിയുടെ സവിശേഷതയായിരുന്നു. ആ മനസ്സിൽനിന്നാണ് വിശ്വാസപരമായ നിലപാടുകൾ രൂപപ്പെടുന്നതും ഉറവെടുക്കുന്നതും. പാരമ്പര്യനിഷ്ഠമായ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു സഭയുടെ ചട്ടക്കൂട്ടിനുള്ളിൽ ഒതുങ്ങി നിന്നുകൊണ്ട്, ദർശനത്തിന്റെ നവചക്രവാളങ്ങളിലേക്ക് നോട്ടമയയ്ക്കാൻ കഴിഞ്ഞതും അതുകൊണ്ടാണ്.

മാർത്തോമ്മാ സഭയുടെ വിശ്വാസപൈതൃകത്തിന് ഒരപൂർവതയുണ്ട്. മലങ്കരയിലെ പാരമ്പര്യനിഷ്ഠമായ സഭയുടെ ഭാഗമായിരിക്കുമ്പോൾത്തന്നെ നവീകരണദർശനത്തെ സ്വയംവരിച്ച വിശ്വാസപൈതൃകമാണ് അത്. പമ്പയുടെ തീരങ്ങളിൽ ഉറവെടുത്ത് മലങ്കരയിലാകെ ഒഴുകിപ്പരന്ന് ഈ മണ്ണിനെ ഫലഭൂയിഷ്ഠമാക്കിയ വിശ്വാസപൈതൃകത്തിന്റെ പിൻമുറക്കാരനാണ്, ഡോ. യൂഹാനോൻ മാർത്തോമ്മാ. അത് അല്ല എന്ന് സ്ഥാപിച്ചെടുക്കാൻ ഇടക്കാലത്ത് ചില തീവ്രശ്രമങ്ങൾ നടന്നുവെങ്കിലും മെത്രാപ്പോലീത്തായുടെ വിശ്വാസപൈതൃകത്തെ ബലപ്പെടുത്തുന്നതിനേ അത് ഉപകരിച്ചുള്ളൂവെന്നത് മറ്റൊരു ചരിത്രയാഥാർത്ഥ്യം.

വിശ്വാസത്തെ ഇത്ര ഗൗരവത്തോടെ സമീപിച്ച സഭാപിതാക്കന്മാർ അധികമുണ്ടാവില്ല. എന്താണ് വിശ്വാസമെന്ന് തിരുമേനി ആവർത്തിച്ച് അന്വേഷിച്ചുകൊണ്ടേയിരുന്നു. 'എന്നെ നിലനിർത്തുന്ന വിശ്വാസം' എന്നൊരു ദീർഘമായ അധ്യായം തന്നെയുണ്ട്, *ഓർമ്മകളും കുറിപ്പുകളും* എന്ന ഗ്രന്ഥത്തിൽ. വിശ്വാസപൈതൃകം തലമുറകളിലേക്ക് പകരപ്പെടേണ്ടതാണെന്നും ഉറച്ചു വിശ്വസിച്ചിരുന്നു. മെത്രാപ്പോലീത്തായുടെ ആദ്യകാലരചനകളെല്ലാം വിശ്വാസത്തെ കേന്ദ്രീകരിച്ചായിരുന്നു- *ചില അടിസ്ഥാനവിശ്വാസങ്ങൾ, ഞാൻ വിശ്വസിക്കുന്നു*, അഭ്യസ്തവിദ്യരായ യുവാക്കളോട്. *ഞാൻ വിശ്വസിക്കുന്നു* എന്ന പുസ്തകം നിഖ്യാവിശ്വാസപ്രമാണത്തെക്കുറിച്ചുള്ള പഠനമാണ്. സെമിനാരി അധ്യാപകനായിരുന്ന കാലത്ത് എഴുതി അരുണോദയം മാസികയിൽ പ്രസിദ്ധീകരിച്ചതിന്റെ പരിഷ്കൃതരൂപമാണ്, ആ ഗ്രന്ഥം. മറ്റ് രണ്ടു പുസ്തകങ്ങളും വിദ്യാർത്ഥി കോൺഫറൻസുകളിലും യുവജനക്യാമ്പുകളിലും നടത്തിയ ക്ലാസ്സുകളുടെ ലിഖിത രൂപമാണ്. സ്റ്റുഡൻസ് കോൺഫറൻസുകളിലും യുവജനസമ്മേളനങ്ങളിലും പങ്കെടുക്കുമ്പോൾ തിരുമേനിക്ക് പങ്കുവയ്ക്കാനുണ്ടായിരുന്നത് ക്രിസ്തുവിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങളും മലങ്കര സഭയുടെ പൈതൃകവുമാണ്. അടിസ്ഥാനവിശ്വാസങ്ങൾ എന്തൊക്കെയാണെന്നു നോക്കുക: പാപം, രക്ഷ, ക്രിസ്തുവിൽ കൂടിയുള്ള രക്ഷ, സഭ, വേദപുസ്തകം, ക്രിസ്തുമാർഗം, യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവും നമ്മുടെ വ്യക്തിപരമായ ജീവിതവും.

### വിശ്വാസം- വൈയക്തികമാനവും സാമൂഹികമാനവും

വിശ്വാസത്തിന്റെ വൈയക്തികമാനത്തെ മെത്രാപ്പോലീത്താ ഊന്നിപ്പറയുന്നുണ്ട്. നിഖ്യാവിശ്വാസപ്രമാണത്തിന് ഭാഷ്യം ചമയ്ക്കുമ്പോൾ, അതിനു നല്കിയ ശീർഷകം 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നല്ല, 'ഞാൻ വിശ്വസിക്കുന്നു' എന്നാണ്. കാരണം തിരുമേനി വെളിവാക്കിയിട്ടുണ്ട്: ക്രിസ്തീയ വിശ്വാസസ്വീകരണവും പ്രഖ്യാപനവും വ്യക്തിപരമായിരിക്കണം. തിരുമേനിയുടെ വാക്കുകൾ: 'ക്രിസ്തുവിശ്വാസികൾക്ക് ഒരു പൊതുവിശ്വാസപ്രമാണമാണ് ഉള്ളത്. അത് ആളത്വപരമായി സ്വീകരിക്കുകയും ഏറ്റുപറയുകയും വേണം. ഒരാൾക്ക് വ്യക്തിപരമായ നിലയുണ്ടാകുന്നത് ഞാൻ എന്ന ബോധം ഉണ്ടാകുമ്പോൾ മാത്രമാണ്. 'നാം കാത്തുസൂക്ഷിക്കുന്ന വിശ്വാസം നമ്മുടെ വിഷമസന്ധികളിൽ നമ്മെ രക്ഷിക്കുന്നതായിരിക്കണം. പുരാതനനായ ദൈവം നമ്മുടെ അഭയസ്ഥാനം, കീഴെ ശാശ്വതഭുജങ്ങൾ' എന്ന പ്രഖ്യാപനത്തോടെയാണ്, *ഓർമ്മകളും കുറിപ്പുകളും* സമാപനം കൊള്ളുന്നത്.

വിശ്വാസത്തിന്റെ സാമൂഹികമാനത്തെക്കുറിച്ച് മെത്രാപ്പോലീത്താ ഏറെ ബോധവാനായിരുന്നു; തിരുമേനി വളരെയേറെ ഊന്നിപ്പറഞ്ഞിട്ടുള്ളത് സാമൂഹികമാനത്തെക്കുറിച്ചാണ്. വൈയക്തികതലവും സാമൂഹികതലവും പരസ്പരപൂരകമാണെന്ന് കരുതിയിരുന്നു. വൈയക്തികവിശ്വാസത്തിൽ കുടുങ്ങി സാമൂഹികമാനത്തെ അവഗണിക്കുന്നതിനോട് എക്കാലവും വിയോജിച്ചിരുന്നു. തന്റെ സാമൂഹികചിന്തകളുടെ വികാസത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ വ്യക്തമാക്കുന്നുണ്ട്: 'ക്രിസ്ത്യാനികൾ ഒരു സമൂഹത്തിൽ ജീവിക്കുന്നവരാണ്. സമൂഹത്തെ അവഗണിച്ചുകൊണ്ടുള്ള രക്ഷകർത്താവു കൊണ്ടുവന്ന സമൃദ്ധമായ ജീവൻ അല്ല. മനുഷ്യാത്മാവ് ശരീരത്തിലാണ് വസിക്കുന്നത്. ശരീരത്തെയും സമൂഹത്തെയും അവഗണിച്ചുകൊണ്ടുള്ള ജീവിതം സാധ്യമല്ല.' *(ഓർമ്മകളും കുറിപ്പുകളും)*. വ്യക്തികളുടെ മാനസാന്തരം, ഘടനകളുടെ രൂപാന്തരം- ക്രൈസ്തവ ദൈവശാസ്ത്രത്തിലെ രക്ഷാസിദ്ധാന്തത്തിന്റെ രണ്ട് ധാരകളെയും സമന്വയിപ്പിക്കുകയാണ്, തിരുമേനി. അതുകൊണ്ടാണ് 'സാമൂഹികനീതിയുടെ പ്രവാചകൻ' എന്ന് തിരുമേനിയെ വിശേഷിപ്പിക്കുന്നത്.

### നീതിയിലധിഷ്ഠിതമായ സമൂഹം

നീതിയിലധിഷ്ഠിതമായ സമൂഹം- മെത്രാപ്പോലീത്തായുടെ സ്വപ്നമായിരുന്നു. ക്രൈസ്തവ സാമൂഹികധർമ്മം- തിരുമേനിക്ക് ഏറെ താത്പര്യമുള്ള വിഷയമായിരുന്നു. അത് തിരുമേനിയുടെ പ്രബോധനങ്ങളിലും രചനകളിലും നിരന്തരം പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിലെ ദുർബലവിഭാഗങ്ങളോടുള്ള കരുതൽ മേൽപ്പറഞ്ഞ വിശ്വാസദർശനത്തിന്റെ അനുബന്ധമാണ്. ഭൂഭവനദാനപ്രസ്ഥാനവും മറ്റും അതിൽനിന്ന് രൂപമാർജ്ജിച്ചതാണ്.

മലങ്കര സഭാതാരകയിലൂടെ മുപ്പത് വർഷത്തോളം കത്തുകളിലൂടെ മെത്രാപ്പോലീത്താ സഭാജനങ്ങളെ അഭിസംബോധന ചെയ്തു. 'മെത്രാപ്പോലീത്തായുടെ കത്ത്', 'മെത്രാപ്പോലീത്താ ഇടവകജനങ്ങളെയും ചുമതലക്കാരെയും അറിയിക്കുന്നത്' എന്നിങ്ങനെ രണ്ടു പംക്തികളുണ്ടായിരുന്നു. നീതിക്കുവേണ്ടിയുള്ള അടങ്ങാത്ത അഭിവാഞ്ഛ കത്തുകളുടെ അന്തർധാരയായിരുന്നു. വിശ്വാസ അടിത്തറയിൽ ഉറച്ചുനിന്നുകൊണ്ടുള്ള പ്രബോധനങ്ങളും ആഹ്വാനങ്ങളുമായിരുന്നു, അവ. സാമൂഹിക നീതിബോധം അവയിൽ സ്പഷ്ടമാണ്. തിരുമേനി പ്രബോധിപ്പിക്കുന്നു: 'അനേകർക്കും ദേവാലയം പ്രയോജനമില്ലാത്ത ഒരു കെട്ടിടം. ആഴ്ചയിലൊരിക്കൽ ഒന്നിച്ചുകൂടുന്നതിനുള്ള ഒരു സ്ഥലം! നമ്മുടെ ഇടവകകളും പള്ളികളും കർമ്മാദികൾ നടത്തിക്കിട്ടുന്നതിനും മതപരമായ ചില വികാരങ്ങളുടെ തൃപ്തിക്കായുമുള്ള കെട്ടിടങ്ങൾ മാത്രമാണ്. ഒരു ഇടവക ആ സ്ഥലത്തുള്ള സഭയാണ്. സഭ സഭയായിരിക്കണമെങ്കിൽ എവിടെ സ്ഥിതി ചെയ്യുന്നുവോ, അവിടെയുള്ള സമൂഹത്തോടു ബന്ധപ്പെട്ടിരിക്കണം. ആ സമൂഹത്തിന്റെ സുഖദുഃഖങ്ങളിൽ പങ്കെടുക്കുന്നവരായിരിക്കണം സഭാംഗങ്ങൾ.' എത്ര വ്യക്തതയോടെയാണ്, വിശ്വാസത്തിന്റെ സാമൂഹികമാ

നത്തെ മെത്രാപ്പോലീത്താ കാണുന്നതെന്ന് നോക്കുക.

ഭൗതികയാഥാർത്ഥ്യങ്ങളിൽനിന്ന് അകന്നുനില്ക്കുന്ന ഒരാത്മീയതയല്ല, മെത്രാപ്പോലീത്തായുടെ സങ്കല്പത്തിലുള്ളത്, ലോകത്തെ രൂപാന്തരപ്പെടുത്തുന്ന ഒരാത്മീയതയാണ്. തിരുമേനി പറഞ്ഞിട്ടുണ്ട്: എന്റെ ദൈവശാസ്ത്രം വേദപുസ്തകത്തിൽനിന്നും മലയാളമനോരമയിൽനിന്നും സഭാതാരകയിൽനിന്നും ചർച്ച് വീക്കിലിയിൽനിന്നും രൂപപ്പെട്ടതാണെന്ന്– ഒരു കൈയിൽ വേദപുസ്തകവും മറുകൈയിൽ വർത്തമാനപ്പത്രവും!

സ്ഥിതിസമത്വത്തിന്റെ പ്രത്യയശാസ്ത്രമായി പ്രചാരം നേടിയ കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തോടും തിരുമേനിയുടെ വിശ്വാസപരമായ കാഴ്ചപ്പാട് സംവദിക്കുന്നുണ്ട്:

'കമ്യൂണിസത്തെ നേരിടേണ്ടത് അതിനെ അടിച്ചമർത്തിയും അതിന്റെ അടിസ്ഥാനപ്രമാണങ്ങളെ തത്ത്വപരമായി ആക്ഷേപിച്ചുമല്ല. പിന്നെയോ, കമ്യൂണിസത്തിൽ അടങ്ങിയിരിക്കുന്ന ക്രിസ്തീയമായ സാമ്പത്തികനീതിയും ന്യായവും ഫലകരമായ മാർഗ്ഗങ്ങളാൽ നടപ്പിൽ വരുത്തുന്നതിന് പ്രയത്നിക്കുന്നതിനാലാണ്. പാർക്കുന്നതിനുള്ള വീടും ജോലി ചെയ്ത് ഉപജീവിക്കുന്നതിനുള്ള സ്വാതന്ത്ര്യവും കുഞ്ഞുങ്ങൾക്ക് പഠിക്കുന്നതിനും കളിക്കുന്നതിനും തങ്ങളുടെ കഴിവുകളെ വികസിപ്പിക്കുന്നതിനുള്ള അവസരവും വൈദ്യസഹായവും (എല്ലാവരുടെയും) ജന്മാവകാശമാണ്. ഇതിനെ വിഗണിക്കുന്ന രാഷ്ട്രവും വ്യവസ്ഥിതിയും ക്രിസ്തീയമല്ല... ... നമ്മുടെ ചെറിയ സാഹചര്യങ്ങളിൽ ഈ സാമൂഹികനീതി നമുക്ക് പ്രായോഗികമാക്കാം.'– എത്ര വ്യക്തവും പ്രായോഗികവുമാണ്, വിശ്വാസപരമായ നിലപാട്.

നിലവിലുള്ള സാമൂഹികവ്യവസ്ഥിതിക്കെതിരെ ദിവ്യമായ ഒരതൃപ്തി (divine discontent) പുലർത്തിയിരുന്നു. മാറ്റത്തിനുവേണ്ടിയുള്ള ദാഹം മെത്രാപ്പോലീത്തായുടെ കല്പനകളിൽനിന്നും പ്രബോധനങ്ങളിൽനിന്നും വായിച്ചെടുക്കാം. അടിയന്തിരാവസ്ഥക്കാലത്ത് മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടതിനെതിരെ തിരുമനസ്സുകൊണ്ട് ഇന്ത്യൻ പ്രധാനമന്ത്രിക്ക് അയച്ച കത്തും, പത്രങ്ങൾക്ക് പ്രസിദ്ധീകരണത്തിന് നല്കിയതും ഒരു പ്രസിദ്ധീകരണവും വെളിച്ചം കാട്ടാതിരുന്നതുമായ ലേഖനവും (അടിയന്തിരാവസ്ഥ പ്രഖ്യാപനവും പിന്നീടും) ഇവയോടു ചേർത്തു വച്ച് വിചിന്തനം ചെയ്യാവുന്നതാണ്. ഇവിടെയൊക്കെ സ്വന്തം സുരക്ഷിതത്വത്തിൽ ഉപരി സഭയുടെ സാമൂഹിക, രാഷ്ട്രീയ ധർമ്മത്തെക്കുറിച്ചുള്ള വിശ്വാസപരമായ നിലപാടുകളാണ് വെളിവാകുന്നത്.

**പ്രവാചകദർശനത്തിന്റെ വരപ്രസാദം**

ക്രൈസ്തവ ആധ്യാത്മികതയിൽ പൗരോഹിത്യപാരമ്പര്യവും പ്രവാചകപാരമ്പര്യവുമുണ്ട്. പൗരോഹിത്യപാരമ്പര്യം നിലവിലുള്ളതിനെ പവിത്രമായി പരിരക്ഷിക്കുവാൻ വ്യഗ്രത കാട്ടുമ്പോൾ, പ്രവാചക പാരമ്പര്യം നിലവിലുള്ളതിനെ വിമർശനാത്മകമായി സമീപിക്കുകയും ഭാവിയിലേക്ക് വഴികാട്ടുകയും ചെയ്യുന്നു. മതത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ മതത്തെ വിമർശിക്കുകയും തിരുത്തുകയും ചെയ്യുക. ദൈവനീതിയുടെ പ്രഘോഷകരായിരുന്നു, പ്രവാചകന്മാർ. പ്രവാചകശബ്ദം നിലയ്ക്കുമ്പോഴാണ് സഭയും സമൂഹവും യാഥാസ്ഥികത്വത്തിലേക്ക് വഴുതിപ്പോവുക. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കു പ്രവാചകപാരമ്പര്യത്തോടായിരുന്നു ആഭിമുഖ്യം. ബൈബിളിലെ പ്രവാചകപുസ്തകങ്ങളോടായിരുന്നുവല്ലോ, തിരുമേനിക്കു താല്പര്യമേറെ ഉണ്ടായിരുന്നത്.

പ്രവാചകദർശനത്തിന് വർത്തമാനകാലത്ത് പ്രസക്തിയേറെയുണ്ടെന്ന് മെത്രാപ്പോലീത്താ കരുതിയിരുന്നു. സെമിറ്റിക് പ്രവാചകന്മാർ ചരിത്രത്തിൽ നിർവഹിച്ച ഇടപെടലുകളാണ് വർത്തമാനകാല ക്രൈസ്തവനേതൃത്വത്തിനും അവശ്യം ആവശ്യമെന്ന് വിശ്വസിച്ചിരുന്നു. സഭയ്ക്കുള്ളിൽ മാത്രം ഒതുങ്ങി നില്ക്കാതെ, മതേതര

> "
> **ദൈവനീതിയുടെ പ്രഘോഷകരായിരുന്നു, പ്രവാചകന്മാർ. പ്രവാചകശബ്ദം നിലയ്ക്കുമ്പോഴാണ് സഭയും സമൂഹവും യാഥാസ്ഥികത്വത്തിലേക്ക് വഴുതിപ്പോവുക. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കു പ്രവാചക പാരമ്പര്യത്തോടായിരുന്നു ആഭിമുഖ്യം.**

മേഖലകളിലും ഇടപെടാൻ പ്രചോദനമേകിയത് പ്രവാചകദർശനത്തിന്റെ വരപ്രസാദമാണ്. അതൊരു നിയോഗമായി മെത്രാപ്പോലീത്താ സ്വീകരിക്കുകയും ചെയ്തു. ആകാശത്തിനു കീഴിൽ ഭൂമിക്കു മുകളിൽ ഏതു വിഷയത്തെക്കുറിച്ചും മെത്രാപ്പോലീത്തായ്ക്ക് സ്വകീയമായ കാഴ്ചപ്പാടുണ്ടായിരുന്നു; അത് ലളിതമായി ആവിഷ്കരിക്കുകയും ചെയ്തിരുന്നു. ആധുനിക ലോകത്തോടുള്ള പ്രവാചകസന്ദേശം എന്നൊരു ഗ്രന്ഥമുണ്ടല്ലോ, തിരുമേനിക്ക്. ആ ശീർഷകം ആ പുസ്തകത്തിനു മാത്രമല്ല, മെത്രാപ്പോലീത്തായുടെ ജീവിതത്തിനും വിശ്വാസപരമായ നിലപാടുകൾക്കും അനുയോജ്യമാണ്; അന്വർത്ഥമാണ്.

സ്വജീവിതംകൊണ്ടും ദർശനംകൊണ്ടും വിശ്വാസപരമായ നിലപാടുകൾകൊണ്ടും താൻ ജീവിച്ച കാലഘട്ടത്തെയും താൻ ശുശ്രൂഷ ചെയ്ത സഭയെയും പ്രകാശമണിയിച്ച യുഗപ്രഭാവനാണ്, ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ. തിരുമേനിയെ ഓർമ്മിക്കുന്നതിലൂടെ തിരുമേനിയുടെ ലളിതവും സൗമ്യവും ദീപ്തവുമായ ജീവിതശൈലിയെയും വിശ്വാസപരമായ നിലപാടുകളെയും നാം ഓർമ്മിക്കുന്നു. അവയ്ക്ക് മുമ്പെന്നത്തേക്കാളേറെ പ്രസക്തിയുണ്ടെന്ന് നാം തിരിച്ചറിയുന്നു. അവയ്ക്കുവേണ്ടി നിലകൊള്ളാനുള്ള പ്രതിജ്ഞാബദ്ധത നമ്മുടെ സ്മരണാഞ്ജലികളെ സാർത്ഥകമാക്കട്ടെ; ദൈവസന്നിധിയിൽ കൃതജ്ഞതാനിർഭരമായ മനസ്സോടെ സ്തോത്രമർപ്പിക്കട്ടെ.



# ECUMENISM AND THE NEW NORMAL



**Dr. Gladson Jathanna**

Senoir Lecturer in the department of History of Christianity, the Pacific Theological College in Suva, Fiji Islands.

Covid-19 is challenging the normalcy of our faith, practices, and theologies, inviting us to creatively imagine and consciously interrogate the new normal. We should be mindful of the fact that 'normal' has never worked for a majority of world's population, especially to the people in the margins for whom 'normal' has always been an imperial imposition. Thus, it would be wrong and problematic to think that the 'new normal' is a radical alternative to the 'old normal'. Any attempt to normalise in the context of our ecumenical imaginations is imperial and thus goes against the spirit of redeemed oikoumene. Therefore, what we need to reimagine today is not a new ecumenical normal, rather a new ecumenical paradigm in the face of pandemic that dares to challenge the normalcy of our time.

Ecumenical communities around the world are wrestling with the new normal and are creatively re-imagining and re-defining what it means to be the household of God in a context where we are obliged to stay within the borders of our secluded houses being inevitably homebound. In fact, the pandemic has provided us an exceptional opportunity to challenge the 'old ecumenical normal' which once looked unquestionable, unbeatable and unalterable because of its imperial and colonial roots. The old ecumenical normal was grounded in the colonial control of a unified code of Christianity. But thanks to the pandemic, such colonial unifying code is going out of control of the colonial/imperial ecumenical networks. The fluidity of ecumenism is experienced and celebrated more deeply during this pandemic than ever before. However, the pandemic poses newer challenges of growing fascism, colonialism and clericalism, even in the midst of potential health crisis, which should bother our ecumenical imaginations. What does it mean to be the oikoumene of God in such a time as this? The following are some of the re-imaginations of the new ecumenical paradigm that we may have to seriously ponder upon, especially in the context of pandemic.

**Celebration of Manyness as the New Ecumenical Paradigm**

The contemporary ecumenical discourse still faces the problem of Christian kyriarchal use of the term oikoumene. As Barbara Rossing reminds us that one should not forget that "Christian ecumenical councils historically have embraced hierarchical and centralized models of unity in the oikoumene more along the lines of...Roman rule – 'organizing the whole oikoumene as a single household' – rather than models of unity that respect plurality and cultural diversity." It needs to be remembered that the Roman emperors convened the early ecumenical councils because they did not want to allow difference or dissent in the oikoumene, but to impose the imperial logic of oneness on all. Thus, in order to re-imagine oikoumene today we must reject the imperial logic of oneness. The ecumenical history of the Roman Empire and of the modern Western Christianity reminds us that those at the center always tend to construct a single unified household in which those at the margins are silenced under the pretext of the logic of oneness. Identifying the logic of oneness as an important crisis that the Ecumenical

movement is facing today, Y.T. Vinayaraj proposes the logic of manyness as an alternative imagination. He argues that "the logic of manyness dismantles the logic of oneness." Realizing the possibility of the logic of manyness, meaning an anarchical pluralism that makes being together impossible, he affirms that it does not promote an anarchical pluralism, because it is an experience of 'multiplicity' which cannot be substracted to One. This is very crucial in the context of growing fascism in India and elsewhere that strives to erase multiplicity and diversity in the name of unity and oneness.

**Decolonisation as Redeeming the Ecumenical Normal**

The stories of ecumenical voyage in the Global South are to be seen as the chronicles of decolonization, where the churches in colonial contexts subverted the imperial notion of oikoumene into a radical instrument in challenging the empires. This needs to be reclaimed today in the context of neo-colonialism in our time. While addressing the ongoing colonisation of the Pacific by the Western empires, the General Secretary of the Pacific Conference of Churches, James Bhagwan calls for 'self-determination as the new normal' of ecumenism. He says that as we, across the planet, reflect on the future of the post-coronavirus world in the name of justice and peace, we must ensure that the self-determination of Kanaky, Maohi Nui and West Papua are included in the "new normal." Even in the post-colonial contexts the empire of fascism, militarism, neo-liberalism still act as the colonial forces haunting the very life of the multitude in the margins. Ecumenism, in such contexts, needs to act as an instrument of decolonisation, challenging the colonising forces of our time.

**Declericalisation as Dismantling the Old Ecclesial Normal**

The age of Covid-19 is seen as an age of the end of clericalism. For centuries the life of the church has been under priestly dominance. The inevitability of virtual church in the face of novel corona virus has threatened such clerical dominance. There has been a healthy and serious ecumenical discussion on the question of declericalising 'sacred' spaces during the pandemic by entering into virtual church which is no more clergy-centered. Addressing the fear of losing the clerical control on the commoners in the age of Covid-19, Nicolas Kazarian argues, "We find ourselves paralyzed by these arguments at a time when we need to rediscover the virtue of being and becoming more apostolic. In other words, we are at risk of trying to save the Church and Christianity rather than seeking our salvation in them. Our true priority is our neighbour." The Ecumenical Patriarch Bartholomew also shares the same concern: "However, that which is at stake is not our faith—it is the faithful. It is not Christ—it is our Christians. It is not the divine-man—but human beings." Claudio Carvalhaes, the Brazilian American theologian, published several articles on clericalism, liturgy and worship in the context of the pandemic which are widely used by the ecumenical communities around the globe. For him, "And the Word became connection" and we need to connect virtually to celebrate our communion and community. These ecumenical responses are the reminders to the contemporary ecumenical movement to take the pandemic as an opportunity to be self-reflexive of its clerical imperialism and thus strive to redeem the church from clerical bondages by embracing democratic virtual alter.

> "
> **Ecumenism calls us to celebrate the diversity of life in the midst of uncertainty and fear of the future in the context of Covid-19 by reclaiming our faith in God who is diversified and different, and to recreate communities which are so diverse, yet connected to each other and to the divine.**

In conclusion, ecumenism calls us to celebrate the diversity of life in the midst of uncertainty and fear of the future in the context of Covid-19 by reclaiming our faith in God who is diversified and different, and to recreate communities which are so diverse, yet connected to each other and to the divine. Affirming life in multiplicity and manyness in the midst of fascism, colonialism and clericalism is a daring act of faith in and hope for a new ecumenical paradigm. Such a new paradigm challenges the old normal that erases diversity, and celebrates plurality, differences, dissent and nonconformity even in the midst of uncertainty.



# വിശ്വാസവും കോവിഡ് കാലത്തെ സംഗീതപാഠങ്ങളും

■ **ബാബു കോടംവേലിൽ**
ഗവ.മോഡൽ റെസിഡൻഷ്യൽ സ്കൂൾ
കീഴ്മാട്, ആലുവ



റഷ്യൻ ചരിത്രത്തെക്കുറിച്ചുള്ള ഒരു ഐതിഹാസിക ചിത്രം പകരുന്നതാണ് ആന്ദ്രെ തർക്കോവ്സ്കി സംവിധാനം ചെയ്ത പ്രസിദ്ധമായ ചലച്ചിത്രം, 'ആന്ദ്രേ റൂബ്ലേവ്'. റഷ്യൻ രാഷ്ട്രത്തിന്റെ ഉദ്ഭവവും സമൂഹത്തിൽ കലാകാരന്റെ സ്ഥാനവുമാണ് ഈ സിനിമയുടെ പ്രധാന പ്രമേയം.

15–ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ജീവിച്ചിരുന്ന ക്രിസ്തീയ സന്യാസിയും പ്രതിഭാശാലിയായ ചിത്രകാരനുമായിരുന്നു 'ആന്ദ്രേ റൂബ്ലേവ്'. ഒരു കത്തീഡ്രലിന്റെ പെയിന്റിംഗ് പണികൾക്കായി യാത്ര ചെയ്യുന്ന അദ്ദേഹവും സംഘവും നേരിടുന്ന അനുഭവങ്ങളും അത് അവരിലുണ്ടാക്കുന്ന ആത്മീയ സംഘർഷങ്ങളും പ്രതിസന്ധികളുമാണ് സിനിമയുടെ കാതൽ.

ഏക ദൈവ വിശ്വാസത്തിൽ കേന്ദ്രീകരിച്ച ക്രിസ്തീയ മതസങ്കൽപ്പത്തിനും ലോകബോധത്തിനും കടകവിരുദ്ധമായിരുന്നു അന്നത്തെ യുദ്ധങ്ങളും മതപീഡനങ്ങളും. പേഗൻ വിശ്വാസികളെ ഭയപ്പെടുത്തിയും ക്രൂരമായി മർദ്ദിച്ചും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കുന്നതിന് അദ്ദേഹം സാക്ഷിയാകുന്നു. വ്യക്തിസ്വാതന്ത്ര്യത്തിലും മനുഷ്യസ്നേഹത്തിലും വിശ്വസിക്കുന്ന റുബ്ലേവിനെ ഈ കാഴ്ചകൾ വലിയ ആത്മീയ സംഘർഷത്തിലേക്കു നയിച്ചു.

ഇന്നത്തെ മതങ്ങളുടെ വരൾച്ചയും വർഗീയതയും ജനാധിപത്യശോഷണവും സാക്ഷ്യമില്ലായ്മയുമൊക്കെ ഈ സിനിമയെ ഓർമ്മിപ്പിക്കുന്നു. ഇതിനിടയിൽ വിശ്വാസികൾ റൂബ്ലേവിനെപ്പോലെ സങ്കീർണമായ വിശ്വാസ പ്രതിസന്ധിയിലേക്ക് വഴുതി വീഴുന്നു.

**ചിറകടിക്കുന്ന ഫീനിക്സ് പക്ഷി**

ഫിനിക്സ് പക്ഷിയെക്കുറിച്ച് കേൾക്കാത്തവരുണ്ടാകില്ല. സ്വന്തം ചാരത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുന്ന പക്ഷി. അങ്ങനെയൊരു പക്ഷിയുണ്ടോ? ആരെങ്കിലും കണ്ടിട്ടുണ്ടോ? ഉണ്ടാകില്ല. എങ്കിലും ആ സ്വപ്നപക്ഷിക്ക് എന്തൊരു പ്രകാശം?

ചാമ്പലായിപ്പോയ ഹിരോഷിമയും നാഗസാക്കിയും ഫിനിക്സ് പക്ഷിക്ക് നല്ല ഉദാഹരണമാണ്. ധൂളിയിൽ നിന്ന് ഉയർന്നുവന്ന ജപ്പാനെ ഓർക്കൂ... ഫിനിക്സ് പക്ഷിയെ കാണാം. എല്ലാ പ്രതീക്ഷയും കെട്ടടങ്ങുമ്പോൾ, എല്ലാ പ്രത്യാശയും മങ്ങിമായുമ്പോൾ സമൂഹങ്ങളുടെ ഉള്ളിൽ, വ്യക്തികളുടെ മനസ്സുകളിൽ, ചിറകടിക്കുന്ന ഇച്ഛാശക്തിയുടെ ജീവനാണ് ആ പക്ഷി.

'കൊവിഡ് കാലം' ലോകം അഭിമുഖീകരിക്കുന്ന പ്രതിസന്ധിയുടെ പൊള്ളുന്ന കാലം തന്നെയാണ്. പകരം വെക്കാനാവാത്ത അനുഭവങ്ങളുടെ വറചട്ടി. എന്നിട്ടും ലോകം പകച്ചുനിൽക്കുന്നില്ല. പ്രത്യാശയുടെ അടുപ്പുകൾ കൂട്ടുകയാണ് നാം; പ്രതീക്ഷയുടെ നാണയങ്ങളെണ്ണുകയാണ് നാം. ഉള്ളവനും ഇല്ലാത്തവനും, വലിയവനും ചെറിയവനും, കറുത്തവനും വെളുത്തവനും... കാരണം. നമുക്ക് മുമ്പോട്ടുപോകണം.

**കട്ടപിടിച്ച ക്രൈസ്തവ വിശ്വാസവും വിശ്വാസികളുടെ പ്രതിസന്ധിയും**

വിശ്വാസികൾക്ക് ഇക്കാലം ഒട്ടും പൊരുത്തപ്പെടുന്നില്ല. കൊവിഡിനെയും പള്ളിയെയും ചേർത്തുവായിക്കാനാവുന്നില്ല. ഉത്തരങ്ങൾ വഴുതി മാറുന്നു. ബൈബിൾ വെറും പുസ്തകമായി മാറുന്നു (ഫറവോന്റെ അടിമത്തത്തിലെ ബാധകളും, ചെങ്കടൽ വഴിയും, മരുഭൂമി പ്രയാണവും എന്തിനേറെ കാൽവറിയിലെ രക്തവഴിയുമൊക്കെ അല്ലെങ്കിൽ തന്നെ വിശ്വാസിക്ക് ഓരോ എപ്പിസോഡുകളിൽ അപ്പുറമായി എന്ത്?). കൊവിഡ് കാലം സമ്മാനിച്ച വിശ്വാസ പ്രതിസന്ധിയാണിത്.

സമകാലിക സാഹചര്യങ്ങളിൽ സ്വയം വളരുകയും പരിവർത്തിക്കപ്പെടുകയും വിമർശിക്കപ്പെടുകയും തിരുത്തപ്പെടുകയും ഒക്കെ ചെയ്യേണ്ടിയിരുന്ന ക്രൈസ്തവ വിശ്വാസം കട്ടപിടിച്ചുപോകുമ്പോൾ ഇത്തരമൊരു ആത്മീയ പ്രതിസന്ധിയിൽ പെടാതിരിക്കുമോ?

**സഭയിലേക്കു നോക്കുമ്പോൾ**

കൂടുതൽ മനുഷ്യത്വരഹിതമായി സംഘടിതവും

അടഞ്ഞ വാതിലുകളുള്ളതും ജനാധിപത്യത്തെ പടിക്കുപുറത്തു നിർത്തുന്നതുമായ ഒരു സംവിധാനം മാത്രമാണോ ഇന്ന് സഭകൾ എന്നു ചോദിക്കുന്നത്, ദൈവശാസ്ത്രം പഠിക്കാത്ത സാധുകളായ വിശ്വാസികളാവും. അവർ അങ്ങനെ ചിന്തിക്കാതിരിക്കുന്നതെങ്ങനെ?

ബൈബിളിന്റെ സമകാലിക വിചിന്തനങ്ങൾക്ക് മിനക്കെടാത്ത ദൈവശാസ്ത്രജ്ഞരും അധികാരക്കസേരകളുടെ ഉയരം വർദ്ധിപ്പിക്കുന്ന സഭാനേതൃത്വങ്ങളും സ്വത്തിനും നാണയത്തിനുമായി തെരുവിൽ ഏറ്റുമുട്ടുന്ന സഭകളും ഏകാധിപത്യത്തിലേക്കു വീണുകൊണ്ടിരിക്കുന്ന അജപാലകരും, ലൈംഗികതയും ചതിയും കള്ളവും തിമർത്താടുന്ന പള്ളി മിനാരങ്ങളും, ആലവട്ടവും വെഞ്ചാമരവും വീശിക്കൊണ്ടിരിക്കുന്ന ഉപജാപകവൃന്ദങ്ങളുമൊക്കെ ചേർന്ന് സഭയെ എത്രമാത്രം ജനാധിപത്യവിരുദ്ധമായി, ‘കാര’മില്ലാതാക്കി എന്നുള്ളതിന് സമകാലിക സഭാചരിത്രം സാക്ഷി. ദരിദ്രർ ഏറ്റവും ഓരങ്ങളിൽ തള്ളപ്പെടുകയും, സമ്പന്നത സഭയുടെ നീതിശാസ്ത്രമാവുകയും, സഭയുടെ ആർഭാടങ്ങൾക്കും അഹങ്കാരങ്ങൾക്കും സ്വീകാര്യത ലഭിക്കുകയും, ഇതൊക്കെ സഭയുടെ ഭാഗമാണെന്നു തിയറി രചിക്കുന്നവരുടെ എണ്ണം കൂടുകയും ചെയ്തത്, സഭകളുടെ ദുര്യോഗമാണെന്ന് ഇപ്പോഴും മഹാഭൂരിപക്ഷവും തിരിച്ചറിയുന്നില്ല.

**പള്ളിയും ബൈബിളും വിശ്വാസവും**

പൗരോഹിത്യത്തിന് സുരക്ഷിത ഇരിപ്പിടങ്ങളും വിശ്വാസികൾക്ക് സുരക്ഷിത താവളങ്ങളുമായിരുന്ന പള്ളികളാണ് ഇക്കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ വെല്ലുവിളി നേരിട്ട മതപ്രതീകങ്ങൾ. ഭാഷ കലക്കുന്ന, ജനതയെ ചിതറിക്കുന്ന, തടങ്കൽ പാളയത്തിൽ കിടത്തുന്ന ദൈവത്തെയും, വായ്മൂടിക്കെട്ടപ്പെട്ട, ബാധകളാൽ ഉഴറുന്ന ദൈവജനത്തെയും അങ്ങനെ വിശ്വാസികൾക്ക് അനുഭവമായി. സമൂഹത്തിന്റെ നൊമ്പരങ്ങൾക്കും നിലവിളികൾക്കും പ്രതിഷേധങ്ങൾക്കും സ്വപ്നങ്ങൾക്കും നേരെ പലപ്പോഴും കൊട്ടിയടയ്ക്കപ്പെട്ടിരുന്ന പള്ളിവാതിലുകൾ തുറക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സഭ, തങ്ങളുടെ ‘അരാഷ്ട്രീയം’ പുറത്തെടുത്തു. അവിടെ പക്ഷെ, ദൈവം തുണയ്ക്കുമോ?

പിന്നെ വിശ്വാസവും സദാചാരവും ദൈവബോധവുമൊക്കെ ഓൺലൈനിലൂടെ ഒഴുകിപ്പരക്കുന്ന സുവർണദിനങ്ങളായി. തങ്ങൾ പാടിയതും പറഞ്ഞതും ചൊല്ലിയതും വെറുതെ ആയിരുന്നു എന്ന് ഓർമ്മിപ്പിക്കും വിധം പുരോഹിതർ ’സൂമി’ലെത്തി (അങ്ങനെയെങ്കിലും അവരെ ’സൂം ചെയ്തു’ കാണാനായി) വീഡിയോയും ഓഡിയോയും ഓഫാക്കാനുള്ള സാധ്യയെ ഒത്തിരിപ്പേർ ചിരിച്ചുകൊണ്ട് സ്തുതിച്ചു. പ്രസംഗിച്ചു കൊതി തീരാത്ത നേതൃത്വം അധികാരം ഉപയോഗിക്കാനാവാതെ, നരകത്തെക്കുറിച്ച് പറഞ്ഞ് കുഞ്ഞാടുകളെ പേടിപ്പിക്കാനാവാതെ ഉഴറി. ഭണ്ഡാരങ്ങൾ നിറയാതെ വലഞ്ഞു.

വിശ്വാസികൾ, കോവിഡ്കാല പ്രവചനങ്ങൾ ഉള്ള ബൈബിൾ ഭാഗങ്ങൾ ഭൂതക്കണ്ണാടിവെച്ച് പരതി കണ്ടെത്താൻ ശ്രമിച്ചു. കോവിഡ് മുക്തരായവർ, ചാനൽ മൈക്കുകൾക്കു മുന്നിൽ “ദൈവകൃപ ഒന്നു കൊണ്ടുമാത്രം, ദൈവസഹായം ഉള്ളതുകൊണ്ടു മാത്രമാണ് ഞങ്ങൾക്ക് കോവിഡ് ഭേദമായത്” എന്നു പറഞ്ഞപ്പോൾ, അവരെ ശുശ്രൂഷിക്കാനായി പി.പി. കിറ്റിട്ട് വെന്തുപോയ ആരോഗ്യപ്രവർത്തകർ ദുഃഖിച്ച് കോവിഡ് വാർഡുകളിലേക്ക് തിരിച്ചുപോയി. “നന്മയല്ലാതൊന്നും ചെയ്തിടാത്ത...” എന്നു പാട്ടുപാടി വിശ്വാസികൾ ഉറങ്ങാൻ കിടന്നു.

ആശുപത്രികളും ആരോഗ്യപ്രവർത്തകരും ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്ന രാഷ്ട്രീയനേതൃത്വവും പരിശുദ്ധാത്മാവിന്റെ സമകാലിക ആവിഷ്കാരങ്ങളും ഉടയതമ്പുരാന്റെ ഉടൽ രൂപങ്ങളുമാണെന്ന് തിരിച്ചറിയാനും അംഗീകരിക്കാനുമാകാത്ത വിധം കട്ടപിടിച്ചുപോയ ‘അവിശ്വാസക്കൂട്ടങ്ങളി’ൽ നമ്മളുമില്ലേ...

**ഇവിടെ കേൾക്കുന്ന ക്രൈസ്തവ സംഗീതം എന്താണ്?**

“ആരാധിക്കുമ്പോൾ വിടുതൽ..
ആരാധിക്കുമ്പോൾ സൗഖ്യം” എന്ന രീതിയിലുള്ള പാട്ടുകൾക്ക് ഇന്ന് ശ്രുതി പോരെന്ന് പലർക്കും തോന്നിത്തുടങ്ങി.

“തീ പോലെ ഇറങ്ങണമേ...” എന്നു പാടാനും ഒരു മടി.
“അന്ത്യകാല അഭിഷേകം...
സകല ജഡത്തിന്മലും...” ആശങ്കയോടെയാണ് ഈ പാട്ടൊക്കെ വിശ്വാസികൾ ഏറ്റുപാടുന്നത്.
“കഷ്ടങ്ങൾ സാരമില്ലെന്നും
കഷ്ടങ്ങൾക്ക് സാരമുണ്ടെന്നും”
ഒക്കെ ഇപ്പോൾ പാടാൻ പറ്റുന്നില്ല.
“കണ്ണുനീർ മാറി വേദനകൾ...

എന്നുമാറുമോ?” എന്ന പാട്ട് പാടാനറിയാത്തവരും പാടിപ്പോകുന്നു. അത്രമാത്രം സങ്കീർണവും സംശയം നിറഞ്ഞതും ഉത്തരം കിട്ടാത്തതുമായിരിക്കുന്നു ഇന്ന് ക്രൈസ്തവ വിശ്വാസം.

ക്രൈസ്തവ ഗാനങ്ങൾ വിശ്വാസത്തിന്റെ കാലികാവിഷ്കാരങ്ങളും പ്രത്യാശയുടെ വചനങ്ങളുമായാണ് എക്കാലവും പിറവിയെടുത്തത്. വേദപുസ്തകത്തിലൂടെ വെളിപ്പെട്ട, ‘പരിശുദ്ധാത്മാവ് സാക്ഷ്യം വഹിക്കുന്ന’, ചരിത്രത്തിൽ കർമ്മനിരതമായിരുന്ന ദൈവബോധമായിരുന്നു ക്രൈസ്തവ സംഗീതത്തിന്റെ എക്കാലത്തെയും ഉൾപ്പൊരുൾ. ആധുനിക ക്രൈസ്തവ സഭ വിശ്വാസത്തെ കൂടുതൽ കൂടുതൽ ചുരുക്കി, സ്വയം കൂടാരങ്ങളിൽ വിശ്വാസികളെ പാർപ്പിച്ചപ്പോൾ പാട്ടുകളും സ്വാർത്ഥതയുടെ ആനന്ദ വചനങ്ങളാവുക സ്വാഭാവികം. പഴയനിയമത്തിലെ സഞ്ചരിക്കുന്ന ദൈവത്തെയും പുതിയ നിയമത്തിലെ സന്ദേഹിയായ ക്രിസ്തുവിനെയും മറന്ന വിശ്വാസ വ്യാഖ്യാനങ്ങൾ സ്വകീയതയുടെ പാട്ടുകൾക്ക് ജന്മമേകി.

“അർഹിക്കാത്ത നന്മകളും... എനിക്കേകിയ...” ദൈവത്തെ വാഴ്ത്തി വാഴ്ത്തി നമ്മൾ മയങ്ങി. സ്തുതിയും കീർത്തനവും ആരാധനയും നമിക്കലുമായി പാട്ടുകൾ കുന്നുകൂടി. സമൃദ്ധിയുടെ സുവിശേഷവും അത്ഭുത രോഗശാന്തിയുടെ വ്യാജസുവിശേഷവും പകരുന്ന പാട്ടുകൾ ആഘോഷിക്കപ്പെട്ടു.

**ചരമം പ്രാപിച്ച ക്രൈസ്തവ സംഗീതം**

ഇവിടെയാണ് കോവിഡ് കാലത്ത് ക്രൈസ്തവ സംഗീതം ചരമം പ്രാപിച്ചത്. ഇസ്രായേൽ ജനത ബാധകളിൽ നിന്നും ചെങ്കടലിൽ നിന്നും ഫറവോനിൽ നിന്നും മരണത്തിൽ നിന്നും രക്ഷപ്പെട്ടപ്പോൾ കരുത്തായി നിന്ന പാട്ടുകൾ, കൂട്ടായ്മയുടെ പാട്ടുകൾ അന്വേഷിക്കാൻ കാലമായി. യേശു സൗഖ്യമാക്കിയ രോഗികളുടെ പാട്ടുകൾ, നാം കേൾക്കേണ്ടതുണ്ട്. ഗദ്സമനയിലും കാൽവറിയിലും കടൽത്തീരത്തെ മീൻചൂരിലും തെരുവോരത്തെ പൊടിക്കാറ്റിലും പാടിയ പാട്ടുകൾ ഇന്ന് പുനരാവിഷ്കരിക്കേണ്ടതുണ്ട്.

ആമുഖത്തിലെ ‘ആന്ദ്രേ റുബ്ലേവിനെ‘പ്പോലെ വിഷാദിക്കാനല്ല, ഫിനിക്സ് പക്ഷിയെപ്പോലെ പറന്നുയരാൻ നമുക്കാകണം. കോവിഡ് കാലത്ത് മതേതരമേഖലകളിൽ, രാഷ്ട്രീയ പൊതുരംഗങ്ങളിൽ, ചാനലുകളിൽ, പത്രങ്ങളിൽ, സാമൂഹ്യമാധ്യമങ്ങളിൽ ഉയർന്നുകേട്ട കോവിഡ് പ്രതിരോധത്തിന്റെ, പ്രത്യാശയുടെ പാട്ടുകൾ നാം കേൾക്കണം. ‘എന്നെ മാത്രം രക്ഷിക്കാനുള്ള’ അപേക്ഷാഗാനങ്ങളല്ല, അതിജീവനത്തിന്റെ പുത്തൻകരുത്തു പകരുന്ന കൂട്ടായ്മയുടെ സുവർണ്ണഗാനങ്ങളാണ് അവ. അതായിരിക്കും ഇനിയുണ്ടാകേണ്ട ക്രൈസ്തവഗാനങ്ങളുടെ വഴികാട്ടി. അതിനായി വേദപുസ്തകവെളിച്ചത്തിൽ ആ പാട്ടുകൾ കേട്ടുനോക്കാം. പുത്തൻ കവിതകളും ഈണങ്ങളും തേടിപ്പോകാം.


## MAR THOMA COLLEGE OF SCIENCE AND TECHNOLOGY, AYUR

(Affiliated to the University of Kerala)

### M.A. ENGLISH COURSE

The Higher Education Department of Kerala has sanctioned M.A. English course in Mar Thoma College of Science and Technology, Chadayamangalam P.O., Ayur.

**Prof. Dr. K. Danielkutty**
Secretary
9446186757

**Dr. Joseph Mathai**
Principal
9387255515



## WANTED CHIEF EXECUTIVE FOR DEEPALAYA

Deepalaya, a 41-year-old, leading non-government organisation of Delhi with all-India jurisdiction, active in sectors like education, public health, institutional care, disability and women empowerment wants to recruit a Chief Executive (CE).

The CE will be responsible for overseeing the overall functioning of the organisation. He or she will develop the strategies and policies required to ensure that the organisation meets the goals set by the executive committee. The organisation works on Christian principles of equity, charity and concern for the poor. It is, otherwise, a secular organisation that employs 250 persons.

The CE will report to the Secretary of the organisation and attend executive committee meetings as an ex-officio member. The selected candidate will monitor the organisation's budget and financial activities. Such activities include analysing the financial statements and reports. The CE will be responsible for complying with all government regulations under the Income Tax Act, the Foreign Contributions Regulation Act and similar laws in force. One of the main jobs of the CE will be to raise resources to run programmes, aligned with the organisational objectives.


The selected candidate should have skills in communication in both English and Hindi, problem-solving, leadership, time management, decision-making and prioritisation and delegation of authority. More important is the ability to take the whole team along.

The CE should be in the 40-50 age-group and have a postgraduate degree or diploma in social work or rural management or business management. Experience of successfully running an NGO or executing a large project, independently or under a CSR programme, will be given due weightage. Short-listed candidates will be asked to prepare the dream project they want to implement in the social sector if they are chosen for the job. This will have to be presented during the Interview. Salary is negotiable.

Applications, indicating the expected salary, should be sent by post to The Secretary and Chief Executive, Deepalaya, 46, Institutional Area, D Block, Janakpuri, New Delhi - 110058 or electronically at ajphilip@deepalaya.org before October 15, 2020.

# കോവിഡ് കാലത്ത് ഗാന്ധിജി നമ്മോട് പറയുന്നത്

■ **ഡോ.മാത്യു തോമസ്**
നിരണം



ഒക്ടോബർ 2 ഗാന്ധിജിയുടെ 151-ാം ജന്മദിനമായിരുന്നു. ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനത്തിന്റെ നൂറാം വർഷികം കൂടിയായിരുന്നു ഈ വർഷം. തന്റെ ജീവിതകാലത്ത് ഗാന്ധിജി കൈകാര്യം ചെയ്തിട്ടുള്ള വിഷയങ്ങൾ വൈവിധ്യമാർന്നതാണ്. നൂറോളം വാല്യങ്ങൾ വരുന്ന അദ്ദേഹത്തിന്റെ ഗ്രന്ഥസമുച്ചയം പരിശോധിക്കുന്ന ഏതൊരാൾക്കും അത് വ്യക്തമാകും. മതം, ആരോഗ്യം, വിദ്യാഭ്യാസം, രാഷ്ട്രീയം, പരിസ്ഥിതി, സാഹിത്യം എന്നിങ്ങനെ നാനാമേഖലകളിൽ പടർന്നിരിക്കുന്നതാണ് അദ്ദേഹത്തിന്റെ ചിന്താലോകം. ലോകം ഇന്ന് എത്തിച്ചേർന്നിരിക്കുന്ന കോവിഡ് മഹാമാരിയെന്ന പ്രതിസന്ധിഘട്ടത്തിൽ അദ്ദേഹത്തിന്റെ ദർശനങ്ങളുടെ പ്രാധാന്യം ലോകത്തിന്റെ വിഭിന്ന ഭാഗങ്ങളിൽ തിരിച്ചറിയപ്പെടുകയാണ്. ഗാന്ധിജി തന്റെ ആത്മകഥയിൽ 3 മഹാമാരികളെ അഭിമുഖീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1896 ൽ ബോംബെയിൽ ഉണ്ടായ പ്ലേഗ് ബാധ, 1905 ൽ തെക്കേ ആഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ പടർന്നു പിടിച്ച ബ്ലാക്ക് പ്ലേഗ്, 1918 ൽ ലോകമാകെ ഗ്രസിച്ച സ്പാനിഷ് ഫ്ളൂ. ഈ മഹാമാരികൾ ഗാന്ധിജിക്ക് ചില വിലപ്പെട്ട അനുഭവങ്ങൾ പ്രദാനം ചെയ്തു. ഈ അനുഭവങ്ങളുടേയും സ്വന്തം നിരീക്ഷണ പരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ ഒരു ആരോഗ്യസിദ്ധാന്തം അദ്ദേഹം രൂപപ്പെടുത്തി. തന്റെ സഹപ്രവർത്തകർക്ക് ആരോഗ്യപരിപാലന സംബന്ധമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കുക മാത്രമല്ല കുടുംബാംഗങ്ങളെയും ആശ്രമത്തിലെ അന്തേവാസികളെയും അവരുടെ സമ്മതപ്രകാരം ചികിത്സിക്കുകയും ചെയ്തിരുന്നു. കോവിഡിന്റെ ഭീഷണി അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിനെ മറികടക്കാനുള്ള ഫലപ്രദമായ പല നിർദ്ദേശങ്ങളും ഗാന്ധിജിയുടെ പൗത്രനായ ഗോപാലകൃഷ്ണ ഗാന്ധി ഉൾപ്പെടെ പല ഗാന്ധിയൻ പണ്ഡിതരും എഴുതുകയുണ്ടായി. കോവിഡ് മഹാമാരി ഉയർത്തുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ ഗാന്ധിജിയുടെ ആരോഗ്യദർശനത്തെ വിലയിരുത്തുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ഗാന്ധിജിയുടെ ചിന്തകളെ വിലയിരുത്തുന്നതിന് മുമ്പ് കോവിഡ് മഹാമാരിക്ക് കാരണക്കാരനായ കൊറോണ വൈറസിനെ ഒറു ചെറിയ പരിശോധനയ്ക്ക് നമുക്ക് വിധേയമാകാം. നിരവധി അംഗങ്ങളുള്ള ഒരു വൈറസ് കുടുംബമാണ് കൊറോണ. ഇതൊരു ലത്തീൻ പദമാണ് അർത്ഥം കിരീടം എന്നാണ്. ഗോളാകൃതിമേൽ രാജകിരീടത്തിലെ പൊടിപ്പുകൾ മാതിരി മുള്ളുകൾ പതിപ്പിച്ച രൂപത്തിലായതിനാലാണ് കൊറോണ എന്ന പേര് കിട്ടിയത്. വർഷങ്ങളായി പല രൂപത്തിൽ ഇത് നിലനിൽക്കുന്നു. കൊറോണ കുടുംബത്തിലെ മറ്റു വൈറസുകളാണ് നിപ്പ, സാർസ്, എച്ച്1എൻ1 എന്നിവ. ചൈനയിലെ വുഹാനിൽ മാംസച്ചന്തയിൽ നിന്ന് മനുഷ്യരെ ബാധിക്കുന്നതായി കണ്ടെത്തിയ കൊറോണ വൈറസിന് WHO കൊടുത്ത പേരാണ് COVID-19 (Corona Virus Disease). ശാസ്ത്രലോകം കോവിഡിനെ പ്രതിരോധിക്കാനുള്ള വാക്സീൻ പരീക്ഷണങ്ങളുടെ അന്തിമ ഘട്ടത്തിലാണ്. ഈ വർഷം അവസാനത്തോടെ വാക്സിൻ വിപണിയിൽ എത്തുമെന്നുള്ള ശുഭ പ്രതീക്ഷയിലാണ് ലോകമിന്ന്.

സോപ്പുവെള്ളത്തിന്റെ ഒരു ചെറുതുള്ളി തൊട്ടാൽ ഇല്ലാതാകുന്നത്ര ദുർബ്ബലനാണ് കൊറോണ. ഈ കൊറോണ ഇന്ന് ഭൂഖണ്ഡാന്തരം സഞ്ചരിച്ച് ശക്തരായ ഭരണാധികാരികളെപ്പോലും വിറപ്പിച്ച് ഭരണ, സൈനീക സന്നാഹങ്ങളുടെ അതിസൂഷ്മ ദൃഷ്ടിയിലൊന്നും പെടാതെ മനുഷ്യരാശിയെ ഭയപ്പെടുത്തി വിരാജിക്കുന്നു. പരിസ്ഥിതിയിലേക്കുള്ള കടന്നുകയറ്റം, ജൈവസമ്പത്തിന്റെ അമിതചൂഷണം, കാലാവസ്ഥ വ്യതിയാനം മൂലം ആവാസ വ്യവസ്ഥയിൽ ഉണ്ടായ മാറ്റം, ആഗോളവത്ക്കരണം തുടങ്ങിയ കാരണങ്ങൾ കോവിഡ് മഹാമാരി പെരുകുന്നതിന് കാരണമായി ശാസ്ത്രജ്ഞർ ചൂണ്ടികാണിക്കുന്നു. കോവിഡ് ഇന്ന് ചരിത്രത്തെതന്നെ രണ്ടായി കീറി മുറിച്ചിരിക്കുകയാണ്. കോവിഡാനന്തര ലോകത്തെ Before Covid-BC എന്നും After Covid -AC എന്നുമായിരിക്കും രേഖപ്പെടുത്തുക എന്നഭിപ്രായപ്പെടുന്നവർ കുറവല്ല. കോവിഡിന്റെ സ്വാധീനം അത്രയധികം ആഴവും പരപ്പും ഉള്ളതാണെന്ന് ഈ അഭിപ്രായങ്ങൾ സൂചിപ്പിക്കുന്നു.

കൂടാതെ കോവിഡ് ചില തിരിച്ചറിവുകൾ നമുക്ക് പ്രദാനം ചെയ്തു. അനന്തകോടി വൈറസുകളുള്ള ഈ പ്രപഞ്ചത്തിൽ കൊറോണായിലും മാരകമായ ഒരു വൈറസിന് ഈ ആവാസവ്യവസ്ഥയെ നിർമൂലമാക്കാം. മനുഷ്യർ കണ്ടുപിടിച്ച രോഗപ്രതിരോധ സംവിധാനങ്ങൾക്കോ, ഉണ്ടാക്കിവച്ചിരിക്കുന്ന ആയുധശേഖരങ്ങൾക്കോ സൈനീക സന്നാഹങ്ങൾക്കോ ഇപ്പോൾ ഒന്നും ചെയ്യാനാകുന്നില്ല. ദുരന്തങ്ങൾ ഉണ്ടായാൽ അയൽക്കാരോ അയൽ രാജ്യങ്ങളോ രക്ഷക്കെത്തും എന്ന ധാരണ ഇപ്പോൾ മിഥ്യയാണ്. കോവിഡ് ലിറ്ററേച്ചർ എന്ന് വിശേഷിപ്പിക്കാവുന്ന ഒരു വിജ്ഞാനസാഹിത്യശാഖ അടുത്തകാലത്തായി രൂപപ്പെടുകയുണ്ടായി. കോവിഡിനെ കേന്ദ്രീകരിച്ച് പ്രഭാഷണങ്ങളുടെയും രചനകളുടെയും പരമ്പര തന്നെ രൂപപ്പെട്ടിരിക്കുന്നു. ഇവയിലെ സംജ്ഞകൾ അധികവും യുദ്ധപദാവലികളിൽ നിന്നും കടം എടുത്തിട്ടുള്ളവയാണ് എന്ന കാര്യം ശ്രദ്ധേയമാണ്. കൊറോണയെ ഇല്ലായ്മ ചെയ്യും, അന്തിമ വിജയം നേടും, പോരാട്ടം തുടരും, ജാഗ്രതയായിരിക്കുക ഇങ്ങനെ പോകുന്നു യുദ്ധപദാവലികൾ ഉപയോഗിച്ചുകൊണ്ടുള്ള കോവിഡ് കാലത്തെ രചനകൾ.

അത്യന്തം സങ്കീർണ്ണമായ ഈ സാഹചര്യത്തിലാണ് നമ്മുടെ ശ്രദ്ധ ഗാന്ധിജിയിലേക്ക് തിരിയേണ്ടത്. 1896 ൽ രാജ്കോട്ടിൽ ഗാന്ധിജി എത്തുമ്പോഴാണ് ആ പ്രദേശങ്ങളിൽ പ്ലേഗ്ബാധ പടർന്നു പിടിച്ചത്. ഗവൺമെന്റുമായി സഹകരിച്ച് സന്നദ്ധ സേവകനായി ശുചീകരണപ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നല്കി. ജോഹന്നാസ്ബർഗിലെ പ്ലേഗ് ബാധയെക്കുറിച്ച് കറുത്ത പ്ലേഗ് എന്ന പേരിൽ ആത്മകഥയിൽ രണ്ട് അദ്ധ്യായങ്ങളിലായി അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. ഏറ്റവും സാഹസീകവും ശ്രദ്ധേയവുമായ ആരോഗ്യസേവനപ്രവർത്തനങ്ങളാണ് അദ്ദേഹം അവിടെ നടത്തിയത്. രോഗികൾക്ക് അദ്ദേഹം മണ്ണ് ചികിത്സയാണ് നല്കിയത്. ശുദ്ധമായ മണ്ണും വെള്ളവും ചേർത്ത് നേർമ്മയിൽ തുണിയിൽ പരത്തി നെറ്റിയിലും, നെഞ്ചിലും വയറിന്മേലും വെയ്ക്കലാണ് മണ്ണ് ചികിത്സ. അത് സ്വീകരിച്ച കുറെപേർ രക്ഷപ്പെട്ടു. അവിടെവെച്ചാണ് സാമൂഹ്യഅകലം പാലിക്കൽ പരിപാടി അദ്ദേഹം പരീക്ഷിച്ച് വിജയിച്ചത്. 1918 ൽ ഗുജറാത്തിലെ ഖേഡായിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്നതിനിടയിലാണ് സ്പാനിഷ് ഫ്ളൂ ലോകമെങ്ങും പൊട്ടിപുറപ്പെട്ടത്. അദ്ദേഹവും രോഗബാധിതനായി. ഈ സമയത്താണ് ഉപവാസവും മിതാഹാരവും അദ്ദേഹം ശീലിച്ചത്. മേൽവിവരിച്ച അനുഭവങ്ങളിൽ നിന്നും മറ്റനേകം അനുഭവങ്ങളുടേയും പരീക്ഷണങ്ങളുടേയും വെളിച്ചത്തിൽ ഏതുകാലത്തേക്കും പ്രസക്തമായ ദർശനങ്ങൾ, ആരോഗ്യസംരക്ഷണ ആശയങ്ങൾ അദ്ദേഹം രേഖപ്പെടുത്തുകയുണ്ടായി. ഈ കോവിഡ് കാലത്ത് അവ പ്രസക്തമെന്നു കരുതുന്നു.

രോഗം വന്നാൽ അത് ഭേദപ്പെടുത്തേണ്ടത് തന്നെയാണ്. എന്നാൽ "Prevention is better than cure' എന്നായിരുന്നു ഗാന്ധിജിയുടെ നിലപാട്. രോഗങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ ഗാന്ധിജി പ്രഥമസ്ഥാനം നല്കിയിരുന്നത് ശുചിത്വത്തിനാണ്. വ്യക്തിശുചിത്വവും പരിസരശുചിത്വവും രോഗം പടരാതിരിക്കാനുള്ള അടിസ്ഥാന മുൻകരുതലായി അദ്ദേഹം കണ്ടു. "Cleanliness is next to Godliness' എന്ന നിർവ്വചനം പ്രസിദ്ധമാണല്ലോ. അതോടൊപ്പം പ്രധാനപ്പെട്ടതാണ് സാമൂഹ്യ അകലം പാലിക്കൽ. പ്രകൃതിയെ മാതാവായി കണ്ട് ബഹുമാനിക്കണം.ഭൂമിയിലെ മുഴുവൻ ജീവജാലങ്ങളോടും കരുതലും ആദരവും പുലർത്തണം. നമ്മുടെ അതിജീവനം പോലും ജൈവഘടനയിലെ ജീവജാലങ്ങളെ കൂടെ ആശ്രയിച്ചാണെന്നുള്ള തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. ഭക്ഷണം സമീകൃതമായിരിക്കണം. സ്വാദിന് പ്രാധാന്യം നല്കുമ്പോൾ ഭക്ഷണത്തിന്റെ പോഷകമൂല്യം കുറയും. അത് ആരോഗ്യത്തെ ഹനിക്കുന്നു. സ്വാദിനെ നിയന്ത്രിച്ച് അസ്വാദ ഒരു വ്രതമായി (control of the palate) അനുഷ്ഠിയ്ക്കണമെന്ന് ഗാന്ധിജി നിഷ്കർഷിച്ചു. ഭക്ഷണം മരുന്നാണ്. മരുന്നു കഴിക്കുന്നതുപോലെ സമയ നിഷ്ഠ പാലിച്ച് നിശ്ചിത അളവിൽ ഭക്ഷണം കഴിക്കുന്നതാണ് ആരോഗ്യകരം. ഗാന്ധിജി സസ്യഭുക്കായിരുന്നു.ശുദ്ധജലം കൂടെകൊണ്ടു നടക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ധാന്യങ്ങളും പഴവർഗ്ഗങ്ങളും നിത്യവും ആഹാരത്തിൽ ഉൾപ്പെടുത്തിയിരുന്നു. നടത്തമായിരുന്നു ഗാന്ധിജിയുടെ വ്യായാമരീതി. വ്യായാമത്തിന് ഗാന്ധിജി യോഗാസനങ്ങൾ അനുഷ്ഠിച്ചിരുന്നില്ല. ചിന്തകൾ നിർമ്മലമായിരിക്കണം. അതുപോലെ പ്രധാനപ്പെട്ടതാണ് വായനയും സംസാരവും. അവ ആരോഗ്യപരവും വൃത്തിയുള്ളതുമായിരിക്കണം. എല്ലാ രംഗത്തും ധൂർത്ത് ഒഴിവാക്കി മിതവ്യയം ശീലിക്കണം. ഇവ നമ്മുടെ മാനസികാരോഗ്യം വർദ്ധിപ്പിച്ച് നമ്മിൽ ആത്മീയ ചൈതന്യം നിലനിർത്തും.

ഒരാൾക്ക് ആരോഗ്യവാനായിരിക്കണമെങ്കിൽ ഇന്ദ്രിയങ്ങളുടെ മേൽ നിയന്ത്രണം ആവശ്യമാണ്. അതിന് ദൈവീക സഹായം കൂടിയെ കഴിയൂ എന്ന് ഗാന്ധിജി മനസ്സിലാക്കി. ആരോഗ്യം സമഗ്രമാകുവാൻ പ്രാർത്ഥന അനുപേക്ഷണീയമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മഹാമാരികളുടെ പശ്ചാത്തലത്തിൽ അദ്ദേഹം വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ തേടുകയും അവ പരീക്ഷിച്ചു നോക്കുകയും ചെയ്തു. പ്രകൃതിചികിത്സയോടായിരുന്നു ഗാന്ധിജിക്ക് ഇഷ്ടമെങ്കിലും ആധുനിക വൈദ്യശാസ്ത്രത്തിന്റെ രീതികൾ പ്രായോഗികമാക്കാൻ അദ്ദേഹം മടിച്ചില്ല. നാമും അനുയോജ്യമായ ചികിത്സാരീതികൾ തെരഞ്ഞെടുക്കുന്നുണ്ടല്ലോ. ഭരണകൂടവുമായി സഹകരിച്ച് ശാരീരിക അകലം പാലിക്കൽ, ക്വാറന്റൈൻ തുടങ്ങിയ കോവിഡ് കാലത്തെ നിയന്ത്രണങ്ങൾ അദ്ദേഹം പരീക്ഷിച്ച് വിജയിച്ചു. അപകട സാദ്ധ്യതയുള്ള മേഖലകളിൽ മുൻകരുതലോടെ അദ്ദേഹം ശുചീകരണ പ്രവർത്തനങ്ങൾക്കും ആതുരശുശ്രൂഷയ്ക്കും നേതൃത്വം നല്കി. എല്ലാ ആതുരശുശ്രൂഷകളും സേവന പ്രവർത്തനങ്ങളും, ദൈവീക ശുശ്രൂഷകളായി ഗാന്ധിജി കണ്ടു.

ദൈവത്തോടുള്ള സമർപ്പിത ഭാവത്തോടെ പ്രവർത്തിക്കുമ്പോൾ ലഭിക്കുന്ന ഊർജ്ജം ആരോഗ്യസമ്പുഷ്ടമാണെന്നും തന്റെ പ്രവർത്തികളിൽ കൂടെ അദ്ദേഹം കാണിച്ചുതന്നു. ഗാന്ധിജി പറഞ്ഞു ആരോഗ്യമുണ്ട് എന്നതിന് ശാന്തിയുണ്ടെന്നാണർത്ഥം. കോവിഡ് മഹാമാരി നമ്മിൽ നിന്ന് ശാന്തിയെ ദൂരത്താക്കി. ഈ സന്ദിഗ്ദ്ധ ഘട്ടങ്ങളിൽ ഏവർക്കും അനുവർത്തിക്കാവുന്ന കാര്യങ്ങളത്രെ ഗാന്ധിജി പറയുന്നത്. അതുകൊണ്ടാണ് ഈ കോവിഡ് പ്രതിസന്ധിയിലും നമുക്ക് തിരിഞ്ഞുനോക്കാവുന്ന പ്രകാശഗോപുരമായി ഗാന്ധിജി ഇന്നും നിലനിൽക്കുന്നത്.

# സാമൂഹിക അകലവും കുടുംബാംങ്ങളുടെ അടുപ്പവും

■ റവ.ബോബി ഫിലിപ്പ്
സെന്റ് സ്റ്റീഫൻസ് ചർച്ച്, വടവാതൂർ



ലോക ചരിത്രത്തിൽ ഇന്നേവരെ നേരിട്ടിട്ടില്ലാത്ത പ്രതിസന്ധിയിലൂടെയാണ് നാം കടന്നു പോകുന്നത്. "Lock down,Unlock,New normal,social distance, sanitisation, face mask,face shield, quarantine, isolation, containment zone, work from home' മുതലായ പദങ്ങൾ നമ്മുടെ സംസാരത്തിന്റെ ഭാഗമായിരിക്കുന്നു. കൈകഴുകലും, മുഖാവരണം ധരിക്കലും, സാമൂഹ്യ അകലം പാലിക്കലും ജീവിതക്രമത്തിലെ അനിവാര്യതകൾ ആയിരിക്കുന്നു. കോവിഡ് 19 ഒരു തിരിച്ചു നടത്തമാണ്. നഷ്ടപ്പെടുത്തിക്കളഞ്ഞ ധാരാളം നല്ല ശീലങ്ങൾ ചികഞ്ഞെടുത്ത് പുനർജീവിപ്പിക്കുവാൻ ഇത് സഹായിച്ചു.

കോവിഡ് 19 ലോകത്തിലെ ഏതാണ്ടെല്ലാ രാജ്യങ്ങളിലേക്കും ഒരേപോലെ കടന്നു കയറിയിരിക്കുന്നു. ഈ മഹാമാരിയുടെ തേർവാഴ്ചയിൽ ആശയറ്റവരും ആശ്വാസരഹിതരും ആയിരിക്കുന്ന അവസ്ഥയിലാണ് ലോകം. മനുഷ്യൻ വരച്ച രാജ്യത്തിന്റെ അതിർത്തികൾക്കും സാമ്പത്തിക-അധികാര മേൽക്കോയ്മകൾക്കും ഈ സൂക്ഷ്മാണുവിന്റെ യാത്രയെ തടഞ്ഞുനിർത്താനായില്ല എന്നത് മനുഷ്യന്റെ നിസ്സാരതയെ ആഴത്തിൽ വെളിപ്പെടുത്തുന്നു. കോവിഡ് 19 മഹാമാരി മനുഷ്യസമൂഹത്തിന് വരുത്തിയ പ്രതിസന്ധി വർണ്ണനാതീതമാണ്. നഷ്ടങ്ങളുടെയും കഷ്ടങ്ങളുടെയും അണമുറിയാത്ത പ്രവാഹം ഏവരെയും വല്ലാതെ വലച്ചിരിക്കുന്നു. ഒരു ശാരീരിക രോഗം എന്നതിലുപരി അതുളവാക്കുന്ന മാനസിക-വൈകാരിക സമ്മർദ്ദവും, സാമൂഹിക-സാമ്പത്തിക പ്രതിസന്ധിയും അതിസങ്കീർണമാണ്. ഇതിനോടകം നമ്മുടെ നാട്ടിൽ തന്നെ പതിനായിരങ്ങൾ മൺമറഞ്ഞു. ലക്ഷക്കണക്കിനാളുകൾ തൊഴിൽ നഷ്ടപ്പെട്ടു ഉപജീവനത്തിനു വഴിയില്ലാതെ ആയി. കുടുംബങ്ങൾ അനാഥത്വത്തിലേക്കും നിരാശഗർത്തത്തിലേക്കും നിപതിക്കുന്നു. രോഗം മനുഷ്യരിൽ വരുത്തിയിരിക്കുന്ന മാനസിക വൈകാരിക പ്രതിസന്ധി പ്രശ്നത്തെ കൂടുതൽ സങ്കീർണമാക്കുന്നു. തൊഴിലില്ലായ്മ, തൊഴിൽ നഷ്ടം, നിർമ്മാണ, ഉൽപാദന മേഖലകളിലെ നഷ്ടങ്ങൾ, വിദ്യാഭ്യാസമേഖലയിലെ അസ്ഥിരത, അതിഥി തൊഴിലാളികളുടെ പലായനം, പ്രവാസികളുടെ മടങ്ങി വരവ്- ഇങ്ങനെ സമൂഹത്തെ ഉലയ്ക്കുന്ന അതിരൂക്ഷമായ പ്രതിസന്ധിയിൽ കൂടിയാണ് നാം കടന്നുപോകുന്നത്.

അതിലും വേദനാജനകമാണ് കോവിഡ് 19 ബാധിച്ചോ അല്ലാതെയോ ഇക്കാലയളവിൽ നിര്യാതരായവരുടെ ബന്ധുക്കളുടെ അവസ്ഥ. വിയോഗവ്യഥയിൽ ചേർന്നിരുന്ന് ആശ്വസിപ്പിക്കുവാൻ പോലും കഴിയാതെ quarantine-ൽ ആയിരിക്കുന്നവർ. തങ്ങളുടെ ഉറ്റവരുടെ ഭൗതികശരീരം അവസാനമായി കണ്ട് യാത്രയാക്കുവാൻ കഴിയാതെ ഇതര സംസ്ഥാനങ്ങളിലും, അന്യരാജ്യങ്ങളിലും ദുഃഖത്തിൽ കഴിയുന്ന പ്രിയപ്പെട്ടവർ, ഉറ്റവർക്ക് അന്ത്യചുംബനം പോലും നൽകുവാൻ കഴിയാതെ ഭൗതികശരീരം മറവുചെയ്യുന്നത് ദൂരെ നിന്ന് കണ്ടു വിട പറയുന്നവരുടെ ഉള്ളിലെ നീറ്റൽ. ഇങ്ങനെ എത്രയോ എത്രയോ സങ്കട കാഴ്ചകൾക്ക് നാം സാക്ഷികളായി. ഈ പ്രതിസന്ധിയിൽ നിന്ന് എന്ന് കരകയറും എന്ന് പ്രവചിക്കാൻ ശാസ്ത്രലോകം പോലും മടിക്കുന്നു. പ്രതിരോധ മരുന്നും, ശരിയായ ചികിത്സാ വിധിയും ഇന്നും ഒരു മരീചികയായി അവശേഷിക്കുന്നു.

ഈ പ്രതിസന്ധികളുടെ മധ്യത്തിലും കോവിഡ് 19 കുടുംബബന്ധങ്ങളിൽ വരുത്തിയ പ്രസാദാത്മകമായ മാറ്റങ്ങൾ എടുത്തുപറയേണ്ടതാണ്. ദീർഘനാളുകളായി കുടുംബബന്ധങ്ങളിൽ കടന്നു കൂടിയിരുന്ന അനേകം വൈറസുകളെ ഒരു പരിധിവരെ നിർമ്മാർജ്ജനം ചെയ്യുവാൻ ഇതിന് സാധിച്ചു. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ഉള്ള തത്രപ്പാടിൽ പലപ്പോഴും കുടുംബാംഗങ്ങൾ തമ്മിൽ പ്രത്യേകിച്ച് ഭാര്യ- ഭർത്താക്കന്മാർ തമ്മിൽ കണ്ടുമുട്ടുന്നത് തന്നെ പല കുടുംബങ്ങളിലും വിരളമായിരുന്നു. മാതാപിതാക്കളോടൊപ്പം പാർക്കുന്നുവെങ്കിലും അവരെ നേരിട്ട് കാണുവാൻ കഴിയാത്ത ഹതഭാഗ്യരായ ധാരാളം കുഞ്ഞുങ്ങൾ ഉണ്ട്. മക്കൾ ഉണരുന്നതിന് മുൻപേ വീടുവിട്ടു പോവുകയും ഉറങ്ങിയതിനു ശേഷം മാത്രം മടങ്ങി വരികയും ചെയ്യുന്നവർ. മക്കളുടെ സാമീപ്യവും, കരുതലും ആഗ്രഹിച്ചിരുന്ന വൃദ്ധ മാതാ-പിതാക്കൾ  ഇങ്ങനെ ബോധപൂർവ്വമോ അല്ലാതെയോ അവഗണിക്കപ്പെട്ടിരുന്ന എത്രയോ പ്രശ്നങ്ങൾക്ക് ഒരുവിധത്തിൽ പരിഹാരമായി എന്ന് കരുതാം. കുടുംബസംവിധാനത്തിൽ ഓരോ അംഗത്തിനും നിയോഗിതമായ പദവികളും ഉത്തരവാദിത്തങ്ങളും ഉണ്ട്. എന്നാൽ തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ ശരിയായി നിർവഹിക്കാതെ ഒരു വിധം വരൾച്ച ഗ്രസിച്ചിരുന്ന കുടുംബങ്ങളെ (dysfunctional) പ്രവർത്തനക്ഷമമാക്കുവാൻ ഈ അനുഭവം സഹായിച്ചു. ഒരു കുടുംബത്തിലെ അംഗങ്ങൾ പ്രത്യേകിച്ച് ഭാര്യാഭർത്താക്കന്മാർ ചേർന്ന് നിർവഹിക്കേണ്ട ഉത്തരവാദിത്വം ഭംഗിയായി ചെയ്തെങ്കിൽ മാത്രമേ ആ കുടുംബം പ്രവർത്തനക്ഷമമാകൂ. (Family functions are biological, parenting, economic, work, recreation, religious, security, sustained affection etc.). കോവിഡ് 19 കുടുംബാംഗങ്ങൾ തമ്മിൽ പ്രത്യേകിച്ച് ഭാര്യാ ഭർത്താക്കൻമാർ തമ്മിലുള്ള ആഴമായ സൗഹൃദം (intimacy) വർദ്ധിപ്പിക്കുവാൻ സഹായിച്ചു. ഈ സൗഹൃദത്തിലൂടെ കുടുംബ സംവിധാനം കൂടുതൽ പ്രവർത്തന ക്ഷമമാക്കുവാൻ സാധിച്ചു. ഏതെല്ലാം വിധത്തിൽ ആണ് കുടുംബാംഗങ്ങൾ തമ്മിലുള്ള ആഴമായ അടുപ്പം കുടുംബ സംവിധാനത്തെ സജീവമാക്കിയത് എന്ന് പരിശോധിക്കാം.

### Physical Intimacy (ശാരീരിക അടുപ്പം)

കുടുംബാംഗങ്ങൾ ഒരു കൂരയ്ക്കു കീഴിൽ ദീർഘകാലം ഒരുമിച്ചു പാർക്കേണ്ട അനിവാര്യത കോവിഡ് സൃഷ്ടിച്ചു. ഇത് അംഗങ്ങൾ തമ്മിലുള്ള അടുപ്പം ആഴപ്പെടുവാൻ ഒരളവ് വരെ സഹായിച്ചു. കുടുംബാംഗങ്ങളോടൊപ്പം സമയം ചെലവിടുന്നത് ഗൗരവമായി കാണാതിരുന്നവർക്കും, സമയം ലഭിക്കാത്തവർക്കും അടുത്ത് ഇടപെടുവാൻ ലഭിച്ച സുവർണാവസരം ആയി ഈ കാലം മാറി. അന്യോന്യം അറിയുവാനും പങ്കിടുവാനും, ആസ്വദിക്കുവാനും സാധിച്ചു.

### Emotional Intimacy (വൈകാരിക അടുപ്പം)

എല്ലാവിധഅടുപ്പത്തിനും അടിസ്ഥാനം വൈകാരിക അടുപ്പം ആണ്. ഭാര്യഭർത്താക്കന്മാർ പരസ്പരവും, മാതാപിതാക്കൾ മക്കളുടെ വികാരങ്ങളെയും ശ്രദ്ധിക്കണം. അവഗണിക്കപ്പെടുകയും,  അടിച്ചമർത്തപ്പെടുകയും ചെയ്യുന്ന വികാരങ്ങൾ ആണ് പല പ്രശ്നങ്ങൾക്കും കാരണം. ഒരുമിച്ച് വസിക്കുന്നതിൽ കൂടെ വികാരങ്ങൾ പ്രകടിപ്പിക്കാനും മറ്റുള്ളവരുടെ വികാരങ്ങൾ ശ്രദ്ധിക്കുവാനും,അതിനോട് ക്രിയാത്മകമായി പ്രതികരിക്കുവാനും ഈ കാലം സഹായിച്ചു.

### Intellectual Intimacy (ബൗദ്ധീക അടുപ്പം)

ഓരോരുത്തരുടെയും കർമ്മ മേഖലകളിലെ പുതിയ പരീക്ഷണങ്ങളും കണ്ടെത്തലുകളും പങ്കിടുവാൻ ഉള്ള വേദിയാകണം ഭവനം. തങ്ങൾ നേടിയ പുതിയ അറിവുകൾ പറയുവാനും കേൾക്കുവാനും ഒരിടം ഭവനത്തിൽ ഉണ്ടാകണം. ചെറിയ കുട്ടികൾ മുതൽ മുതിർന്നവർ വരെ അപ്രകാരം പങ്കിടുവാൻ വെമ്പൽകൊള്ളുന്നവരാണ്. അപ്രകാരമുള്ള പങ്കിടലിൽ കൂടെ ആഴമായ സൗഹൃദം വളരുവാൻ ഇടയാകുന്നു.

### Creative & Aesthetic Intimacy (സർഗ്ഗാത്മകവും, സൗന്ദര്യാത്മകവുമായ അടുപ്പം)

കോവിഡ് 19 സർഗ്ഗാത്മകതയുടെ കാലം കൂടെ ആണ്. ഓരോ കുടുംബാംഗങ്ങളുടെയും നൈസർഗ്ഗീക വാസനകൾ പ്രകടിപ്പിക്കാനും അതുവഴി കുടുംബാന്തരീക്ഷം കൂടുതൽ ഊഷ്മളമാകുവാനും ഇടയായി. അടുക്കള തോട്ടം, പൂന്തോട്ടം, വീട് അലങ്കരിക്കുക, ചിത്രം വരക്കുക- ഇങ്ങനെ എത്ര പുതിയ സാധ്യതകൾ ഈ കാലം നമുക്ക് നൽകി.

### Recreational Intimacy (വിനോദങ്ങളിൽ കൂടെ അടുപ്പം)

പലപ്പോഴും അവരവരുടെ ലോകത്തിൽ തനിയെ ആസ്വദിച്ചിരുന്ന കാഴ്ചകളും, വിനോദങ്ങളും കൂടുതൽ അർത്ഥവത്തായി കുടുംബാംഗങ്ങൾ ചേർന്ന് ആസ്വദിക്കുവാൻ സാധിച്ചു. ശാരീരിക-മാനസീക-സാമൂഹിക ആരോഗ്യത്തിന് അനിവാര്യമായ കളികൾക്കും, വിനോദങ്ങൾക്കും ധാരാളം സമയം ലഭിച്ചതിനാൽ അതുവഴി കുടുംബാന്തരീക്ഷം കൂടുതൽ ഊഷ്മളമാകുവാനും ബന്ധങ്ങൾ ശക്തിപ്പെടുവാനും സഹായിച്ചു.

### Work Intimacy (ജോലിയിൽ കൂടെ അടുപ്പം)

അടുക്കളയിൽ ഭാര്യയെ സഹായിക്കുന്ന ഭർത്താവ്, പുതിയ ഭക്ഷണ പരീക്ഷണം നടത്തുന്ന മക്കൾ, വീടും പരിസരവും വൃത്തിയാക്കുന്ന കുടുംബാംഗങ്ങൾ. കുടുംബത്തിലെ എല്ലാ ജോലികളിലും പങ്ക് ചേർന്ന് ഒരു പുതിയ ജോലി സംസ്കാരം തന്നെ ഈ കാലത്ത് രൂപപ്പെട്ടു.

### Crisis Intimacy (പ്രതിസന്ധിഘട്ടത്തിലെ അടുപ്പം)

പ്രതിസന്ധികളെ എപ്രകാരം അഭിമുഖീകരിച്ച് അതിജീവിക്കാം എന്ന് നാം പഠിക്കുകയാണ്. പ്രതിസന്ധികളിൽ തനിയെ അല്ലെന്നും താങ്ങായി തണലായി കുടുംബം കൂടെയുണ്ടെന്നും ഉള്ള തിരിച്ചറിവ് ഒരു പരിധിവരെ എല്ലാവർക്കും ലഭിച്ചു.

### Spiritual Intimacy (ആദ്ധ്യാത്മിക അടുപ്പം)

ആരാധന കേന്ദ്രങ്ങളായ ദേവാലയങ്ങൾ അടഞ്ഞു കിടന്നപ്പോൾ ഭവനങ്ങൾ ദേവാലയങ്ങൾ ആയി മാറിയ ശുഭകരമായ അവസ്ഥ കോവിഡ് 19 സൃഷ്ടിച്ചു. മുടങ്ങി കിടന്ന ഭവനകേന്ദ്രീകൃത ആരാധന പുനസ്ഥാപിക്കുവാൻ സാധിച്ചു. കുടുംബന്തരീക്ഷം ഭദ്രമായി നിലനിർത്താൻ ആവശ്യമായ ആദ്ധ്യാത്മിക, ധാർമിക മൂല്യങ്ങളും, ശീലങ്ങളും പുനസ്ഥാപിക്കുവാനും ഈ കാലഘട്ടം ഇടയാക്കി. കോവിഡ് 19 വരുത്തിയ സങ്കീർണ്ണതകളുടെ മദ്ധ്യേ ഒരു വെള്ളി വെളിച്ചം പോലെയാണ് കുടുംബങ്ങൾക്ക് ഉണ്ടായ ഈ സജീവത. ആത്മവിശകലനത്തിനും, പുതുക്കത്തിനും ദൈവം നൽകിയ അവസരമായി ഇതിനെ ഉൾകൊണ്ട് ദൈവാശ്രയത്തോടും, ആത്മവിശ്വാസത്തോടെയും ഇതിനെ അഭിമുഖീകരിച്ച് അതിജീവിക്കാം. നമ്മുടെ കുടുംബങ്ങൾ എന്നും സജീവവും, പ്രവർത്തനനിരതവും ആയിരിക്കുവാൻ ദൈവം സഹായിക്കട്ടെ.

# കൊറോണ എന്ന മഹാമാരിയോടുള്ള സഭയുടെ സമീപനം

■ റവ. കുര്യൻ തോമസ്, മല്ലപ്പള്ളി



ഒരു ദുർഘട കാലഘട്ടത്തിൽ കൂടെ ലോകമാസകലം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഇത്തരുണത്തിൽ ഈ മഹാമാരിയുടെ ദുരന്തഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നു എന്ന പ്രതിഭാസത്തെ എങ്ങനെ നേരിടുവാൻ കഴിയുമെന്നു ഉറക്കെ ചിന്തിക്കുകയാണല്ലോ നാം. ഭയം, ആധി, മരണം ഇവ എങ്ങും ദൃശ്യമാണ്. ഇതെന്തെന്നു ചോദിച്ചു പകച്ചു നില്ക്കുന്നവരാകാതെ ഇതെന്തിനെന്നു ചിന്തിച്ചു സ്വയം തിരുത്തലിനു തയ്യാറാകുവാനുള്ള അനുതാപ മനസ്ഥിതിയോടെ ദൈവത്തിന്റെ പാദപീഠത്തിൽ അണയുവാൻ നമുക്കു ഒരുങ്ങാം. ദൈവത്തിന്റെ ചക്രം മന്ദഗതിയിൽ തിരിയുന്നു. ആത്യന്തികമായി ഇതു നമ്മെ എവിടേക്കു നയിക്കുന്നു എന്നു നിശ്ചയമുള്ളവനാണ് നമ്മുടെ ദൈവം. പുതിയ ആകാശവും പുതിയ ഭൂമിയും ദൈവത്തിന്റെ ആത്യന്തികലക്ഷ്യം തന്നെ. ചിലപ്പോൾ ഇതിലും കഠിനമായ ദുഃർഘടസമയങ്ങൾ നാം അഭിമുഖീകരിക്കുകയും ചെയ്യേണ്ടിവരുമെന്നും ഓർത്തുകൊള്ളുക!

പ്രകൃതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചില വ്യതിയാനങ്ങളിൽ മനുഷ്യന്റെ ദുഷ്പ്രവണതകൾക്കുള്ള ഒരു തിരിച്ചടിയായി നാം ഇതിനെ മനസ്സിലാക്കുവാൻ കഴിയണം. ദൈവം അറിയാതെ ഒന്നും തന്നെ ലോകത്തിൽ സംഭവിക്കുന്നുമില്ല. ദുരന്തങ്ങൾ എല്ലാറ്റിന്റെയും കാരണക്കാരൻ ദൈവമല്ല തന്നെ, അതു ദൈവ സൃഷ്ടിയായ മനുഷ്യൻ തന്നെ! ഇവിടെ നാം ചില തിരുത്തലുകൾക്ക് തയ്യാറാവണമെന്ന ചിന്തയത്രേ ഉരിത്തിരിയേണ്ടത്. രാഷ്ട്രഭരണാധികാരികളുടെ പരിശ്രമങ്ങളെ അതിൽ വെള്ളം ചേർക്കാതെ സഹകരിക്കേണ്ടതും പൗരധർമ്മമത്രേ.

എന്നാൽ സുരക്ഷിതത്വം കാംക്ഷിച്ചു കാത്തിരിക്കാതെ സഭകൾ, നമ്മിൽ അടിഞ്ഞു കൂടിയ ചിലപുഴുക്കുത്തുകൾ തുടച്ചു നീക്കുന്നതിനും സമഗ്രവും സമൂലവുമായ ചില മാറ്റങ്ങൾക്കായി സ്വയം അർപ്പണംചെയ്യുക തന്നെ വേണം. ഇന്നിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുവാൻ തയ്യാറാകാതെ ഒട്ടകപ്പക്ഷി നയവുമായി മുന്നോട്ടു പോകുക അസാദ്ധ്യമെന്നും കാണേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ ചലനാത്മകതയോടു നാം സാധർമ്മ്യപ്പെടുക തന്നെ വേണം. Man is challenged to participate in the sufferings of God at the hands of a godless world എന്ന പ്രസ്താവന എത്ര പ്രസക്തം. ദരിദ്രരുടെ വിമോചനമത്രേ യേശുവിന്റെ നസ്രേത്ത് മാനിഫെസ്റ്റോ നമുക്കു നൽകുന്ന സന്ദേശം.

### ആരാണ് ദരിദ്രർ?

പ്രാന്തവൽക്കരിക്കപ്പെട്ടവരും തിരസ്കൃതക്കും പീഡിപ്പിക്കപ്പെട്ടവരും നിശബ്ദരാക്കപ്പെട്ടവരും ചൂഷണത്തിനു വിധേയരായവരും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരും ദരിദ്രരത്രേ. ഈ വിഭാഗവുമായി സഭ ഏകീകരിക്കുവാൻ തയ്യാറോ അതോ ഒരു പൊന്തി ആയി മാറി നിൽക്കുകയോ? നിശബ്ദരായവരെ ശബ്ദമുള്ളവരാക്കുവാനും തകർന്നവരെ മുറിവുകെട്ടുവാനും സഭ സന്നദ്ധമാകണം. നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പങ്കുചേരുവാനും സുവിശേഷത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുവാനും സഭ സജ്ജമാകണം. ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ നിന്നു മാറി നിന്ന് നമുക്കു അർത്ഥവത്തായി പ്രവർത്തിക്കുവാനും അസാദ്ധ്യമത്രേ. ഇവിടെ സന്നദ്ധ സംഘടനങ്ങൾ എൻ.ജി.ഓകൾ ഗവൺമെന്റ് ഏജൻസികൾ എന്നിവരുടെ സഹായവും അത്യന്താപേക്ഷിതമത്രേ. പ്രസ്താനകളല്ല അർത്ഥവത്തായ ആശയവിനിമയമത്രേ നമുക്കാവശ്യം.

### സഭ എങ്ങനെ പ്രതികരിക്കുന്നു

ദരിദ്രർ ഉൾക്കൊണ്ടുള്ള സംവേദനഫോറങ്ങൾ രൂപപ്പെടുത്തണം. ഇവിടെയത്രേ സഭയുടെ ആത്മാർത്ഥതയും സുതാര്യതും അവർക്കു വ്യക്തമാക്കേണ്ടത്. സൃഷ്ടിപരമായ അവലോകനത്തിൽ കൂടെ ഉരിത്തിരിക്കുന്ന നിഗമനങ്ങൾ സഭ ഗൗരവമായി എടുക്കേണം. നമ്മുടെ പല പുൾപിറ്റുകളും അപരോന്മുഖവും നിത്യയാഥാത്ഥ്യങ്ങളെ കണ്ണടച്ചും ചുവരെഴുത്തുകൾ വായിക്കാതെയും നിലനില്പിന്നുള്ള അധരവ്യായാമങ്ങളായി മാറിപ്പോകുന്നില്ലേ? സാമൂഹ്യപ്രതിബദ്ധതയില്ലാത്ത ദൈവശാസ്ത്രകസത്തുകൾ നടത്തുന്നവരും വിരളമല്ലത്രേ! നിലവിലുള്ള ചില അനീതിവ്യവസ്ഥിതികളെ താലോലിക്കുകയും പരിരക്ഷിക്കുന്നവരും ചെയ്യുന്നവരും ഇല്ലാതില്ല. ചുറ്റുപാടുമുയരുന്ന നിലവിളകളും പരിദേവനങ്ങളും സുവിശേഷത്തിന്റെ വെളിച്ചത്തിൽ പരിഭാഷപ്പെടുത്തുവാൻ തയ്യാറാവണം.

ദൈവം ക്രിസ്തുയേശുവിൽ ലോകത്തെ തന്നോടു നിരപ്പിച്ചിരിക്കുന്നു എന്നും ആ നിരപ്പിന്റെ ശുശ്രൂഷയത്രേ സഭയെ ഭരമേല്പിച്ചിരിക്കുന്നതും അവിടെയത്രേ അനീതിയുടെ ഘടനകളോട് നിരന്തരം പോരാട്ടത്തിൽ ആയിരിക്കുക എന്ന സത്യം നമ്മിൽ വിരൽ ചൂണ്ടുന്നതും.



നാം വിമോചിതരായെങ്കിൽ മാത്രമേ ദരിദ്രരുടെ വിമോചനത്തിൽ നാമും പങ്കാളികളാകുവാൻ യോഗ്യരാക്കപ്പെടുകയുള്ളൂ എന്ന സത്യവും നാം വിസ്മരിച്ചുകൂടാ. 'ക്രിസ്തുവിന്റെ വികൃത രൂപമാണ് ഞാൻ ഈ തിരസ്കൃതരായവരിൽ ദർശിക്കുന്നത്' എന്നു മദർ തെരേസ പറഞ്ഞിട്ടുണ്ട്. സഭ ആകേണ്ടുന്നതുപോലെ ആകുന്നതു വിസ്മൃതരായവരുടെ പക്ഷത്തുനിന്ന് പോരാടുമ്പോൾ മാത്രമാണ്. ഈ പുതിയ കൂട്ടായ്മയിൽ പങ്കിടീലിന്റെയും പങ്കാളിത്തത്തിന്റെയും ഒത്തുചേരലിലൂടെ അതു യാഥാർത്ഥ്യമാകുകയും വേണം. അപ്പോൾ മാത്രമേ ദാരിദ്രത്തെ പ്രതിരോധിക്കുവാനും സുവിശേഷ ധർമ്മം അർത്ഥവത്തായി നിർവ്വഹിക്കുന്നതിനും സഭ സജ്ജമാക്കപ്പെടുകയുള്ളൂ എന്നത്രേ Gutierrez പ്രസ്താവിക്കുന്നത്. പീഡിതരും പീഡിക്കപ്പെടുന്നവരും ഒരുപോലെ വിമോചിതരാകുവാൻ സുവിശേഷത്തിന്റെ പുനർവായന നമ്മെ സഹായിക്കുന്നു.

ദരിദ്രവിഭാഗങ്ങൾ അവരുടെ ദുഃഖങ്ങളും പരിഭവങ്ങളും ഇറക്കിവെക്കുന്നതിനും തങ്ങൾ അവഗണിക്കപ്പെടുകയില്ല എന്നു ഉറപ്പുള്ള ഇടങ്ങൾ അവർ പ്രതീക്ഷിക്കുന്നു. അവരുടെ ഭൗമീകവും ആദ്ധ്യാത്മികവുമായ ആവശ്യങ്ങൾ അംഗീകരിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയിൽ ദൈവമുമ്പാകെ തങ്ങളുടെ ഭാരങ്ങൾ ഇറക്കിവെയ്ക്കുന്ന ഒരു സങ്കേതമായിരിക്കണം സഭയും അവയുടെ കൂട്ടായ്മ സംഘങ്ങളും. ദാരിദ്ര്യമെന്ന അവസ്ഥ ഒരിക്കലും അഭിമാനിക്കത്തക്കതല്ലതന്നെ. യേശു ലോകത്തിൽ വന്നത് നമുക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും ആയിരുന്നുവല്ലോ. അതു നാം എല്ലാവരും ഒരുപോലെ അനുഭവേദ്യമാക്കുകയും വേണം. ഇവിടെ നമുക്കെല്ലാം അനുതാപമുണ്ടാവുകയും വേണം. പല ഇടവകകളും ഇന്നു പള്ളികൾ പുതുക്കി മനോഹരമാക്കുന്നതും മറ്റു കെട്ടിടങ്ങൾ പടുത്തുയർത്തുന്നതിലും മുൻപന്തിയിലാണ്. എന്നാൽ നമ്മുടെ മാതൃക സ്വയം ശൂന്യവൽക്കരിക്കപ്പെട്ട ക്രിസ്തുവിന്റെ മാതൃകയാകണം. ക്രൈസ്തവ വിശ്വാസം സ്വീകരിച്ചിട്ടുള്ളവരേക്കാൾ എത്രയോ വലിയ ഒരു വിഭാഗമത്രേ ക്രിസ്തേതര വിശ്വാസത്തിൽ നിലനിൽക്കുന്നവർ. നമ്മുടെ കൂട്ടായ്മയിൽ ചേർക്കപ്പെട്ട ദരിദ്രവിഭാഗങ്ങൾ ഇന്നു ഏതു നിലവാരത്തിലാണെന്നു നാം സ്വയം വിലയിരുത്തുകയും ഇനിയും വരുത്തേണ്ട തിരുത്തലുകൾ എന്തൊക്കെയെന്നു ദ്രുതഗതിയിൽ ചില മുന്നേറ്റങ്ങൾക്കു നാം തയ്യാറാകുമോ? അതോ ദരിദ്രർ വീണ്ടും ദരിദ്രരായി നിലകൊള്ളുന്നത് കണ്ടില്ല എന്നു നടിക്കുവാൻ നമുക്കു സാദ്ധ്യമോ?

ആദിമസഭയുടെ പരീക്ഷണ കാലഘട്ടങ്ങളിൽ വിശ്വാസികളുടെ ഇടയിൽ ഉണ്ടായ പിറുപിറുപ്പിൽ നിന്നു സഭ പഠിച്ച പാഠം നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതത്രേ. നേതൃത്വം ആത്മാർത്ഥമായ ചിലതിരുത്തലുകൾക്ക് ഉടനെ നടപടികൾ സ്വീകരിച്ചു എന്നത് നാം വിസ്മരിച്ചുകൂടാ. (അപ്പോ. പ്രവ.6-10 അദ്ധ്യായം) ദരിദ്രരോട് സുവിശേഷം അറിയിക്കുവാൻ വന്ന യേശു നമ്മെ വെല്ലുവിളിക്കട്ടെ. ദരിദ്രർക്കുള്ള സുവിശേഷം അപ്പക്കഷണമായിട്ടാണ് ചെല്ലേണ്ടത് എന്ന് മഹാത്മാഗാന്ധി വിവക്ഷിച്ചതും നാം വിസ്മരിച്ചുകൂടാ. നമ്മോടുള്ള ദൈവത്തിന്റെ ന്യായവിധി നമ്മെ ഓർമ്മിപ്പിക്കുന്നതായി നാം കാണുമ്പോൾ അനുതപിക്കേണ്ടതിന്റെ ആവശ്യബോധമത്രേ നമ്മിൽ വിരൽ ചൂണ്ടുന്നതും (പുറ.2:23-25, സങ്കീ. 12:5, യാക്കോ.5:4).

ആദ്യമായി സഭാനേതൃത്വം, പട്ടത്വ സമൂഹം ചില ശൈലിമാറ്റത്തിലൂടെ തങ്ങളുടെ ആസ്തികളിലൊരുഭാഗം ദരിദ്രരുടെ ആവശ്യത്തിനായി മാറ്റിവെക്കുകയും അതു സഭാജനങ്ങളെ വെല്ലുവിളിക്കുകയും ചെയ്യുമ്പോൾ സഭയുടെ മക്കളും മുമ്പോട്ടുവരികയും ചെയ്യും. നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പീൻ എന്ന നാഥന്റെ വാക്കുകൾ പ്രസക്തമാവുകയും ചെയ്യും. നമ്മുടെ വിവാഹകമ്പോളത്തിലെ ധൂർത്തും ആഡംബരവും വ്യഥാ ചെലവുകൾക്കും അറുതി വരുത്തുക. അവ ദൈവരാജ്യശൈലിക്ക് ഉതകുന്നതായ വിധം നവീകരിക്കാം. സഭയുടെ എല്ലാ സംഘടനകളും സമ്മനസ്സുള്ള സഭാമക്കളും ഉദാരമായി സഹകരിച്ചാലും! നമ്മുടെ സമൂഹത്തിന് ഒരു മാതൃകയും വെല്ലുവിളിയും ഉയർത്തുവാൻ നമുക്കു സാധിക്കട്ടെ.

## അനുമോദനങ്ങൾ



റവ.റ്റി.ജോൺസൺ

മൈലം ക്രിസ്തോസ് മാർത്തോമ്മാ ഇടവകയിൽ കൈതക്കുറ്റിയിൽ പരേതനായ ശ്രീ.തങ്കച്ചൻ ഏബ്രഹാമിന്റെയും ശ്രീമതി അന്നമ്മ തങ്കച്ചന്റെയും മകൻ റവ.റ്റി.ജോൺസൺ, സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഇക്കോതിയോളജിക്കൽ ഡോക്ടർ ഓഫ് മിനിസ്ട്രി (D.Min) കരസ്ഥമാക്കിയിരിക്കുന്നു. സഹധർമ്മിണി പ്രിയ ജോൺസൺ മക്കൾ: അതുൽ ജോൺസൺ, ഏബൽ ജോൺസൺ. അച്ചൻ ഇപ്പോൾ നാഗ്പൂർ മാർത്തോമ്മാ ഇടവക വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

റവ.ജിജി വർഗീസ് (വികാരി)


---

മദ്ധ്യപ്രദേശ് റീവാ എ.ബി.എസ്. യൂണിവേഴ്സിറ്റിയിൽ നിന്നും എം.എം.ലിറ്ററേച്ചറിൽ ഒന്നാം റാങ്കും ഗോൾഡ് മെഡലും കരസ്ഥമാക്കിയ സെനി ജോർജ് ചെങ്ങന്നൂർ തിട്ടമേൽ ട്രിനിറ്റി മാർത്തോമ്മാ ഇടവാകാംഗവും മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം സുവിശേഷകനുമായ പാലച്ചുവട്ടിൽ പി.ജി.യേശുദാസിന്റെയും ദീനാമ്മയുടെയും ഏകമകളാണ്.

റവ.ദാനിയേൽ തോമസ് (വികാരി)



സെനി ജോർജ്


MBA@KBS
Quality Management Education with International Exposure
Entire Tuition Fee Refunded if Not Placed
Admissions Open for few more Seats in Batch II
Eligibility : Any Degree with 50% mark in aggregate
KOCHI BUSINESS SCHOOL
An Institution of The Mar Thoma Educational Society
Affiliated to M. G University, Kottayam & Approved by AICTE, New Delhi
Mobile : +91 7025259708, 99475 27073
Email : admissions@kbs.edu.in Web : www.kbs.edu.in
KOCHI BUSINESS SCHOOL
LEAD
MMU
MULTIMEDIA UNIVERSITY
MALAYSIA

# MALANKARA MAR THOMA SYRIAN CHURCH

LIST OF SABHA PRATHINIDHI MANDALAM MEMBERS 2020 - 2023

| NO | NAME | PARISH | ADDRESS |
|---|---|---|---|
| L445 | MR. LOUIS MATHEW | MANNADI MAR THOMA CHURCH | KALUVILAYATHIL MANNADY S.O (PATHANAMTHITTA); |
| L446 | MR. K. K. VARUGHESE | VILAYANTHOOR EBENEZER MAR THOMA CHURCH | KIZHAKKEVEETTIL BUNGLOW COLLEGE ROAD PULAMON PO |
| L447 | MR. ALEXANDER A | PLAPPALLY BETHEL MAR THOMA CHURCH | ALEX BHAVAN PLAPALLY P.O , KOTTARAKKARA |
| L448 | MR. ABRAHAM K.S | FARIDABAD ALL SAINTS MAR THOMA CHURCH | 785-F, H.B COLONY SECTOR 21-D FARIDABAD |
| L449 | MR. T. M. JOHN | NILGIRI MAR THOMA CHURCH COONOOR | THEKKANAL 113 WOODSIDE APPLEBY ROAD WELLINGTON BAZAR PO |
| L450 | MR. K. J. RAJAN | KOTTARA BETHEL MAR THOMA CHURCH | CHERUKARA KUNNIL MELETHIL HOUSE KOTTAYA MEEYANNOOR PO |
| L451 | ADV. K. PONNACHAN | KOTTARAKARA MAR THOMA CHURCH | KIZHAKKETHIL NETAJI NAGAR-NO.9 KIZHAKKEKARA |
| L452 | MR. P. D. JOSHUA | DELHI ST PETERS MAR THOMA CHURCH | N-16/B2 DILSHAD GARDEN DELHI |
| L453 | MR. DANIEL SCARIA | NEW DELHI EBENEZER (VIKASPURI) MAR THOMA CHURCH | UG-02, RAINBOW APARTMENTS MANDIR MARG RZG-60 MAHAVIR ENCLAVE, PALAM |
| L454 | MR. CYRIL THOMAS JACOB | MARTHAHALLY ST THOMAS MAR THOMA CHURCH | FLAT 107, YD LOTUS APTS ASHIRWAD COLONY HORAMAVU MAIN ROAD |
| L455 | MR. VARGHESE JACOB | GANDHI DHAM MAR THOMA CHURCH | PLOT NO. 171, SECTOR-7 GANDHIDHAM KUTCH |
| L456 | MR. VARUGHESE BABU PLAVUNKAL | SYDNEY BETHEL MAR THOMA CHURCH | 84 TURVEY STREET REVESBY NSW - 2212 |
| L457 | MRS. SARA CHERRY PANICKER | CANBERRA MAR THOMA CHURCH | 74, WANDERER COURT AMAROO ACT-2914 |
| L458 | MR. A.V VARGHESE | NEW YORK ST ANDREWS MAR THOMA CHURCH | 450 ELLEN DALE AVENUE PORTCHESTER NY 10573 |
| L459 | MR. JOSE CHERIAN | NEW YORK EBENEZER MAR THOMA CHURCH | 21, MOUNT TOM ROAD NEW ROCHELLE NY-10805 |
| L460 | MR. SAMKUTTY | AYROOR CHAYAL MAR THOMA CHURCH | AYYAKKAVIL HOUSE AYROOR NORTH S.O |
| L461 | MRS. SHEEBA MATHEW | ERAMATHOOR BETHEL MAR THOMA CHURCH | PAICKATTU ANGEL VILLA KUTTAMPEROOR P.O MANNAR |
| L462 | MRS. ANNAMMA THOMAS | PAZHAVANGADIKARA IMMANUEL MAR THOMA CHURCH | KURISUMMOOTTIL HOUSE KARIKULAM P.O RANNI |
| L463 | MR. BINOY K | POOYAPPALLY ST THOMAS MAR THOMA CHURCH | NELLIVILA PUTHEN VEEDU POOYAPPALLY P.O KOTTARAKKARA |
| L464 | MRS. VERJEELIA SHAJI | POOYAPPALLY ST THOMAS MAR THOMA CHURCH | KALPAKA POOYAPPALLY P.O KOTTARAKARA |
| L465 | MRS. SUSAN JOHN | MANNAMARUTHI BETHEL MAR THOMA CHURCH | KOITHODATHU HOUSE MAKKAPPUZHA P.O RANNY |
| L466 | MR. ABIN THOMAS | MANNAMARUTHI BETHEL MAR THOMA CHURCH | KAITHAVANA CHELLACKADU P.O RANNY |
| L467 | MR. K. M. CHERIYAN | MANNARKADU JERUSALEM MAR THOMA CHURCH | KOCHUPARAMBIL HOUSE PERIMBADERI P.O MANNARKKAD P.O |
| L468 | MR. THOMAS DANIEL | CHOORIYODE BETHEL MAR THOMA CHURCH | ELIM ULLIL HOUSE PALLIKURUP P.O PALACKAD |
| L469 | MR. VARGHESE THOMAS | KOCHUKOIKAL TRINITY MAR THOMA CHURCH | MARUTHUMEPPURATHU KOCHUKOICKAL P.O SEETHATHODU |
| L470 | MR. BIJU THOMAS | KOLENCHERRY ST THOMAS MAR THOMA CHURCH | ARACKAL HOUSE THIRUVANIYOOR P.O ERNAKULAM DIST. |
| L471 | MR. Y. MATHEW | THUMPAMON BETHEL MAR THOMA CHURCH | KURUMTHOTTATHIL THUMPAMON THAZHOM P.O PATHANAMTHITTA DIST. |
| L472 | MR. JACOB ABRAHAM | CHAKKUVARAKKAL IMMANUEL MAR THOMA CHURCH | PANAMKUNNIL J.J VILLA CHAKKUVARAKKAL P.O KOTTARAKKARA |
| L473 | MR. LIJO GEORGE | VILLOOR SALEM MAR THOMA CHURCH | VADAKKADATHU ANNS CHENGAMANADU P.O KOTTARAKKARA |
| L474 | MRS. ANNIE MATHEW | MYSORE MAR THOMA SYRIAN CHURCH | DOOR NO. 181, 1-D CROSS NIVEDITHA NAGAR MYSORE |
| L475 | MRS. VALSAMMA JOSEPH | BHILAI MAR THOMA CHURCH | H.I.G -1, 337 BORSI, BHILAI DURG |
| L476 | MR. SAJAN JOHNSON | LUCKNOW MAR THOMA CHURCH | 4/471, VIVEK KHAND-4 GOMTI NAGAR LUCKNOW |
| L477 | ADV. THOMAS K | NEW DELHI JERUSALEM MAR THOMA CHURCH | 14.C, POCKET A.13 FORT VIEW APPT. KALKAJI EXTN. |
| L478 | MR. JOBY KATTAMPALLY | MANNUR SALEM MAR THOMA CHURCH | KEEZHOOTTU VEEDU THUDAYANNOOR P.O KADACKAL (VIA) |
| L479 | MR. M. V. RAJU | MANAKODU ST THOMAS MAR THOMA CHURCH | MYLOLICAL HOUSE CHANNAPETTA P.O MANACODU |
| L480 | MR. C. KURIEN CHERIAN | HEBBAL JERUSALEM MAR THOMA CHURCH | NO. 557, 17A 1ST MAIN 6TH BLOCK, KORAMANGALA |
| L481 | MR. M. J. RAJU | KARAMALA EBENEZER MAR THOMA CHURCH | MOOZHICKAL HOUSE VALAKUZHY P.O VENNIKKULAM |
| L482 | MR. SHIBU GEORGE | EZHUMATTOOR ST THOMAS MAR THOMA CHURCH | NJARAKKATTU HOUSE CHALAPPALLY P.O MALLAPPALLY EAST |
| L483 | PROF. DR. JACOB GEORGE MALLAPPALLY | MALLAPPALLY MAR THOMA CHURCH | PAYATTUKALAYIL HOUSE KEEZHVAIPUR P.O THIRUVALLA |
| L484 | MR. GEORGE JOSEPH | NANTHANCODE JERUSALEM MAR THOMA CHURCH | 65 WATTS LANE NANTHANCODE KAWDIAR PO |
| L485 | MR. JOHNYKUTTY PAULOSE | KALAMPALA ST THOMAS MAR THOMA CHURCH | CHUTTIPPARA VEEDU KALAMPALA KOTTANAD P.O |
| L486 | MR. BABY MATHEW T | PALAKKAD ST THOMAS MAR THOMA CHURCH, | THERADAPUZHA HOUSE 25 MYTHRI GARDENS KAZHCHAPARAMBU YAKKARA B.O |
| L487 | MR. P. M. GEORGE | ERUVELLIPRA CHRISTOS MAR THOMA CHURCH | SANJAY COTTAGE PUTHENPURAKAL KATTODE MANJADY P.O. |
| L488 | MRS. MERCY | VETTIYAR SALEM MAR THOMA CHURCH | KALLUMPURATHU KANAN MANKAMKUZHY P.O MAVELIKKARA |
| L489 | MR. BIJU THOMAS | THANNIKUNNU SEHION MAR THOMA CHURCH | BIJU NIVAS CHUNAKKARA P.O CHUNAKKARA NORTH |
| L490 | MR. RAMESH V | DIBBURAHALLI BETHLAHAM MAR THOMA CHURCH | C/O BETHLAHEM MAR THOMA CHURCH DIBBURAHALLI DIBBURAHALLI P.O |
| L491 | MR. THOMAS MAMMEN | LOS ANGELES HOREB MAR THOMA CHURCH | 7886 BERNER STREET LONG BEACH CA 90808 |
| L492 | MR. THOMAS MATHEW | NEW YORK ST JOHNS MAR THOMA CHURCH | 1498 FALMOUTH AVE NEW HYDE PARK NEW YORK-11040 |
| L493 | MR. IDICHANDY MATHEW | THANNITHODE BETHEL MAR THOMA CHURCH | OLIPPATTU THANNITHODE P.O KONNY |
| L494 | MR. CHERIAN VARGHESE | THEKKUTHODE ST THOMAS MAR THOMA CHURCH | KOODARATHIL THEKKUTHODE P.O THANNITHODE |
| L495 | MR. ANEESH M.THOMAS | NILAMBUR ST THOMAS MAR THOMA CHURCH | MUTTUMANNIL HOUSE V.K ROAD NILAMBUR P.O |
| L496 | MR. K. N. THOMAS | KALLIMEL ST THOMAS MAR THOMA CHURCH | SHARON VILLA KALLIMEL P.O MAVELIKKARA |
| L497 | MR. JOSEPH K. G | VALLITHODE SALEM | KARUKAKUNNEL HOUSE KAPPATTUMALA P.O THALAPUZHA (VIA) |
| L498 | MR. THOMAS ABRAHAM | PUNNACKAD IMMANUEL MAR THOMA CHURCH | KULATHUNGEL BETHEL PUNNACKADU P.O KOZHENCHERRY |
| L499 | MR. ANITHA R. B | VANDANNOOR CARMEL MAR THOMA CHURCH | EDAVAMPARAMBU MELE PUTHENVEEDU KURUKKANAVOOR PERUMPAZHUTHOOR P.O |
| L500 | MR. RAJU C | PATTAZHY CHRISTOSE MAR THOMA CHURCH | RAJIN BHAVAN THEKKETHERY P.O PATTAZHY |

*Continued...*

Registered with the Registrar of Newspapers of India under Licence No.7958/57 Postal Registration No.
KL/TLA/13/2018-20 Licenced to post without prepayment of postage
Published on 01-10-2020 Licence No. KL/TLA/WPP/22/2018-20

LIGHTED TO LIGHTEN

പ്രകാശനായ
പ്രകാശിതഃ

# മലങ്കര സഭാതാരക

MALANKARA SABHA THARAKA

## മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം



**വായിക്കുക... വരിക്കാരാവുക...**

**പ്രസിദ്ധീകരണത്തിന്റെ 128–ാം വർഷം**

Printed and Published by Rev. Mammen Samuel on behalf of the Malankara Sabha Tharaka, Tiruvalla.
Owned by The Mar Thoma Syrian Church and printed at Mar Thoma Press, Thiruvalla - 689 101 and published at Mar Thoma Sabha Office, Thiruvalla - 689 101, Kerala. Chief Editor: Rev. Dr. Easow Mathew